www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 13 | 2017 APRIL 08 | ₹ 10



# പീഡനമുക്ത കേരളം ഒരു സമസ്യയോ?

## റജബ് മാസം: തിരുത്തേണ്ട ധാരണകൾ

പ്രവാചകന്മാരും മുഅ്ജിസത്തുകളും | 'ഗോ'വണ്മെന്റുകളായി മാറുന്ന ഭരണകൂടം

യഹൂദികൾ: പ്രമാണങ്ങളുടെ വെളിച്ചത്തിൽ | മാന്യത മറക്കുന്ന മാധ്യമങ്ങൾ

ഖുർആൻ പഠനത്തോടൊപ്പം പുതുതലമുറയുടെ ധാർമികസംസ്കരണം ലക്ഷ്യമിട്ട്, തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ ആരംഭിച്ച മതപഠന സംരംഭമാണ് സ്കൂൾ ഓഫ് ഖുർആൻ. ഒന്നാം ക്ലാസ്സ് മുതൽ അഞ്ചാം ക്ലാസ്സ് വരെ ജാമിഅ അൽ ഹിന്ദിന്റെ മേൽനോട്ടത്തിൽ പ്രാദേശിക കേന്ദ്രങ്ങൾ വഴിയും, അഞ്ചാം ക്ലാസ്സിന് ശേഷം പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ മെയിൻ ക്യാമ്പസിലുള്ള റസിഡൻഷ്യൽ സ്കൂളിലൂടെയും പൂർത്തീകരിക്കുന്ന ലോംഗ് ടേം കോഴ്സാണിത്. ക്രിയാത്മകമായ പരിശീലനം സിദ്ധിച്ച വിദഗ്ധരായ അധ്യാപകരുടെ മേൽനോട്ടത്തിൽ പുതിയ ബാച്ചിന് തുടക്കം കുറിച്ചിരിക്കുന്നു.

## അഡ്മിഷൻ ആരംഭിച്ചു...

جامعة الهند الإسلامية

School Of Qur'an

## സ്കൂൾ ഓഫ് ഖുർആൻ

### സവിശേഷതകൾ:

- ആധുനിക സംവിധാനങ്ങൾ ഉൾപ്പെടുത്തി നവീന രീതിയിൽ തയ്യാറാക്കിയ പഠനരീതികൾ, പഠനസാമഗ്രികൾ
- വിദഗ്ധ പാനൽ നിർമ്മിച്ച ടെക്സ്റ്റ് ബുക്കുകൾ, വർക്ക് ബുക്കുകൾ, ടീച്ചേഴ്സ് ഹാൻഡ് ബുക്ക്, പാരന്റ്സ് ഗൈഡ്
- കേരളത്തിൽ ആദ്യമായി രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ നടത്തപ്പെടുന്ന ഹോം സ്കൂളിംഗ്
- ഖുർആൻ, ഹദീഥ്, അറബി ഭാഷ, വിശ്വാസം, കർമ്മം, സ്വഭാവം, ചരിത്രം തുടങ്ങിയവയിൽ പഠനം
- നിലവിലുള്ള ഖുർആൻ പഠന സംവിധാനങ്ങളുടെ പോരായ്മകൾ പരിഹരിച്ച കുറ്റമറ്റ സംവിധാനം
- കരിക്കുലമനുസരിച്ച് തയ്യാറാക്കിയ ഡി.വി.ഡികൾ, സോഫ്റ്റ്‌വെയറുകൾ
- ഖുർആൻ പഠനത്തിന് മൊബൈൽ ആപ്ലിക്കേഷൻ, കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ
- രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ നടത്തപ്പെടുന്ന ഹോം സ്കൂളിംഗ്
- എല്ലാ മാസവും പാരന്റ്സ് ക്ലാസുകൾ, വീഡിയോ ലക്ചറിംഗ്
- രക്ഷിതാക്കൾക്ക് പഠനപുരോഗതി വിലയിരുത്താൻ ഓൺലൈൻ സൗകര്യം
- രക്ഷിതാക്കളുടെ മേൽനോട്ടത്തിലുള്ള ട്രാൻസ്പോർട്ടേഷൻ സൗകര്യം
- തജ്‌വീദിന് പരിശീലനം സിദ്ധിച്ച അധ്യാപകർ
- ഫോളോ അപ്പിനായി വാർഷിക സ്റ്റഡി ട്രാക്കറുകൾ
- ഓഡിയോ - വിഷ്വൽ ക്ലാസ് റൂമുകൾ
- നിരന്തര - കേന്ദ്രീകൃത മൂല്യനിർണയം

**അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2017 മെയ് 14**

**ക്ലാസുകൾ, ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം!!**

**പ്രവേശനം നാലര മുതൽ അഞ്ചര വയസ്സ് വരെയുള്ളവർക്ക്...**

### സെന്ററുകൾ

കാസറഗോഡ്: 9995492188 | കാഞ്ഞങ്ങാട്: 9847507310 | തളിപ്പറമ്പ്: 8606776770 | കിണവക്കൽ: 9400083931
വടകര: 9961037934 | കാപ്പാട്: 9846808230 | മഞ്ചേരി: 9846872999 | കോട്ടക്കൽ: 9447624148 | തിരൂർ: 9633099992
പരപ്പനങ്ങാടി: 9947299449 | മാറഞ്ചേരി: 7559955255 | വെങ്കിടങ്ങ്: 9645788599 | ആറ്റിങ്ങൽ: 9497714521

Head Office: School of Qur'an | Jamia Al-Hind Al-Islamiyya | Jamia Campus
Mini Ootty | Oorakam | Malappuram | Kerala | India | PIN 676519
PIN 676519 | PH: +91 8606788882 | www.schoolofquran.in | mail@schoolofquran.com | Follow us:

നേർപഥം
വാരിക

0013 / 2017 ഏപ്രിൽ 08 / 1438 റജബ് 11 / പുസ്തകം 01 / ലക്കം 13




# പീഡനമുക്ത കേരളം ഒരു സമസ്യയോ?

സുഫ്‌യാൻ അബ്ദുസ്സലാം/ 10

**മുഖമൊഴി**
സന്തോഷത്തിന്റെരഹസ്യം / 05
എഡിറ്റർ

**ക്വുർആൻ പഠനം**
പ്രതിഫലവേദിയുടെ അനിവാര്യത / 06
ശമീർ മദീനി

**ബാലപഥം**
അലിവുള്ള ഹൃദയം/ 18
ഉസ്മാൻ പാലക്കാഴി

**സമകാലികം**
'ഗോ'വണ്മെന്റുകളായി മാറുന്ന ഭരണകൂടം / 20
പി.വി.എ പ്രിംറോസ്

**ശാന്തിഗേഹം**
പിതാവിന്റെ പുനർവിവാഹം ഇഷ്ടപ്പെടാത്ത മക്കൾ / 28
ഹാരിസ്ബിൻ സലീം

**ലേഖനങ്ങൾ**
പ്രവാചകന്മാരും മുഅ്ജിസത്തുകളും / 07
ഹുസൈൻ സലഫി, ഷാർജ
യഹൂദികൾ: പ്രമാണങ്ങളുടെ വെളിച്ചത്തിൽ / 14
ഫദ്ലുൽ ഹഖ് ഉമരി
റജബ് മാസം: തിരുത്തേണ്ട ധാരണകൾ / 24
പി.എൻ അബ്ദുറഹ്മാൻ
വിശ്വാസി എന്നും നിർഭയനാണ് / 32
ത്വാഹാ റഷാദ്

**ഹദീസ് പാഠം**
ദാനത്തിന്റെ വിവിധ വഴികൾ / 29
അബൂഫായിദ

**പാരന്റിംഗ്**
അനാഥർക്ക് തണലേകുക / 30
അശ്റഫ് എകരൂൽ

**നമുക്ക് ചുറ്റും**
മാന്യത മറക്കുന്ന മാധ്യമങ്ങൾ / 34
ഡോ. സി.എം സാബിർ നവാസ്

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Managing Editor: Nasir Balusseri I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design & Layout: Elan Creativo
Cover: Riyas K I mail@nerpatham.com I www.nerpatham.com

## വായനക്കാർ എഴുതുന്നു




### ആത്മീയവാണിഭത്തിന്റെ കാണാപ്പുറങ്ങൾ

ഓട്ടോയിൽ മറന്നുവെച്ച എക്സ്റെ കവറുമായാണ് മതിലിനു മുകളിൽ പോലും കർട്ടനിട്ട് മറച്ച ആ വലിയ വീട്ടിലേക്ക് രണ്ടാമതും അയാൾ പോയത്. ഗെയ്റ്റ് തുറന്ന് അകത്തുകയറി. നേരിട്ട് വീട്ടിലേക്ക് പ്രവേശിച്ചതുപോലെ മുറ്റം മുഴുവനും ടൈൽസിട്ട് വശങ്ങളിൽ ഇരിപ്പിടങ്ങൾ പോലെ മുറിച്ചുമരുകളുള്ള വീട്. ഒരു വശത്ത് ഒന്നിനു പിറകെ മറ്റൊന്നായി നാലു കാറുകൾ നിരന്നു കിടപ്പുണ്ട്. രണ്ടാമതു കിടക്കുന്ന കാറിന് അകമ്പടി പോകുന്ന കാറുകളാണ് ബാക്കിയുള്ളതെന്ന് അവയുടെ വലിപ്പവും കിടപ്പും കണ്ടാൽ മനസ്സിലാവും.

ആ വലിയ കാറിലേക്കു നോക്കി നിൽക്കുമ്പോഴാണ് അടുത്തുള്ള കൗണ്ടറിൽ നിന്നും ഒരു കുറിയ മനുഷ്യൻ ഇറങ്ങിവന്ന് സിറ്റൗട്ടിലേക്ക് വിരൽ ചൂണ്ടിക്കാണിച്ചത്. ഒന്നും ചോദിക്കാതെ തന്നെ വിരൽ ചൂണ്ടിയ ദിക്കിലേക്ക് അയാൾ ധൃതിയിൽ നടന്നു.

ചൂരൽ കസേരയിൽ നിവർന്ന് കിടക്കുന്നയാളുടെ കാലിൽ തടവിക്കൊണ്ടിരുന്ന ചെറുപ്പക്കാരൻ അപരിചിതനെ കണ്ടപ്പോൾ പെട്ടെന്നെണീറ്റുമാറി. കാലിലെ സ്പർശം മുറിഞ്ഞതിലാവണം കയ്യിലെ മൊബൈൽ മാറ്റിവെച്ച് തലയുയർത്തിനോക്കി.

കറുത്ത തലമുടി നീണ്ടു വളർന്ന് കഴുത്തിലൂടെയിറങ്ങി താടിരോമങ്ങൾക്കൊപ്പം നെഞ്ചിൽ പിണഞ്ഞുകിടക്കുന്നുണ്ട്. നെറ്റിയിൽ നിസ്കാരത്തഴമ്പ് മുഴച്ചിരിക്കുന്നു. മുറുക്കിത്തുപ്പാനുള്ള വെട്ടിത്തിളങ്ങുന്ന കോളാമ്പിക്കടുത്ത് ആഷ്ട്രേയും ഒരു പ്ലെയിറ്റിൽ കുറച്ചു കുരുമുളകുമണികളും.

കണ്ടിട്ട് ആത്മീയ വ്യാപാരകേന്ദ്രം പോലെ. നോട്ടിസുകളും ഫ്ളക്സ് ബോർഡുകളും തൂക്കിയിട്ടിട്ടുണ്ട്. വായിച്ചെടുക്കാൻ തുനിഞ്ഞപ്പോഴേക്കും 'സിദ്ധൻ' അയാളോട് കയറിയിരിക്കാൻ ആംഗ്യം കാണിച്ചു. കസേരയിലേക്കമരുമ്പോൾ കാൽ തടവിക്കൊടുത്ത ചെറുപ്പക്കാരൻ ഹാളിലേക്കിറങ്ങി നിന്നു.

"എന്താ പ്രശ്നം?" മൃദു സ്വരത്തിൽ 'സിദ്ധൻ' ചോദിച്ചു.

അൽപസമയം മുമ്പ് ഹോസ്പിറ്റലിൽ നിന്നും ഒരു വൃദ്ധനെ ഞാനിവിടെയെത്തിച്ചിരുന്നു. മടങ്ങിപ്പോകുമ്പോഴാണ് വണ്ടിയിൽ അയാളുടെ കവർ മറന്നു വെച്ചത് എന്റെ ശ്രദ്ധയിൽ പെട്ടത്. ഞാനതിവിടെ ഏൽപിക്കാൻ വന്നതാ" പറഞ്ഞു തീർന്നപ്പോൾ 'സിദ്ധന്റെ' മുഖം തെല്ലൊന്നു മാറിയതുപോലെ അയാൾക്കു തോന്നി.

'സിദ്ധൻ' കവർ വാങ്ങി വീടിനകത്തേക്ക് നടന്നു. നിമിഷങ്ങൾക്കകം അയാളെയും അകത്തേക്കു ക്ഷണിച്ചു. മടിച്ചു മടിച്ചാണെങ്കിലും അകത്തുചെന്നു.

വൃദ്ധനെ അവിടെയെങ്ങും കണ്ടില്ല, വിശ്രമിക്കുകയാവും.

ടേബിളിൽ ചായയും പലഹാരങ്ങളും ഒരുക്കിവെച്ചിട്ടുണ്ട്.

"ഇവിടിരുന്ന് കഴിച്ചോളൂ" 'സിദ്ധൻ' അത്രയും പറഞ്ഞ് ഇരിപ്പിടത്തിലേക്ക് പോയി.

പുറത്തൊരു സ്ത്രീ സിദ്ധന്റെ മുന്നിലെത്തി കരഞ്ഞു കൊണ്ട് എന്തൊക്കെയോ ബുദ്ധിമുട്ടുകളും വിഷമങ്ങളും ബോധിപ്പിക്കുന്നു. മറുപടിയായി അയാൾ കണ്ണടച്ചിരുന്ന് കയ്യിൽ കരുതിയ നൂലിൽ മന്ത്രം ജപിച്ചു കെട്ടി അവരുടെ കയ്യിൽ വെച്ചുകൊടുക്കുകയും ചെയ്തു. ആ സ്ത്രി പേഴ്സിൽ നിന്നും അഞ്ഞൂറിന്റെ ഒരു നോട്ടെടുത്ത് സിദ്ധന്റെ മുന്നിലെ ടീപ്പോയിൽ വെച്ച് തിരിഞ്ഞു നടക്കുമ്പോൾ ചായ കുടി കഴിഞ്ഞ് അയാൾ എണീറ്റു. 'സിദ്ധന്' കൈകൊടുത്ത് നടയിറങ്ങി ചെരുപ്പ് ധരിച്ച് തിരിഞ്ഞപ്പോൾ തലതട്ടി ഇളകിയാടിയ ബോർഡ് പിടിച്ചു നിർത്തി മുഖത്തോടടുപ്പിച്ചു വായിക്കാൻ ശ്രമിച്ചു: 'മന്ത്ര ചികിത്സ എല്ലാ തിങ്കളാഴ്ചയും ആത്മീയ സദസ്സ് ഒന്നാം തീയതിയും പതിനഞ്ചാം തീയതിയും ഉണ്ടായിരിക്കുന്നതാണ്. എൻ. ബി: മുൻകൂട്ടി ബുക്ക് ചെയ്ത് വരേണ്ടതാണ്. നേർച്ച സാധനങ്ങളും സഹായങ്ങളും കൗണ്ടറിൽ ഏൽപിച്ചവർ പ്രാർഥനാ രസീതുമായി ഹാളിൽ നിരന്നിരിക്കേണ്ടതാണ്.' മുഴുവനും വായിച്ചു തീർത്തപ്പോൾ അയാളുടെ മനസ്സിൽ നിറഞ്ഞു നിന്നിരുന്നത് ആശുപത്രിവാസവും കഴിഞ്ഞ് കൂടെ ആരുമില്ലാതെ ഓട്ടോയിൽ നിന്നിറങ്ങിപ്പോയ ആ വൃദ്ധന്റെ ചിത്രമായിരുന്നു. ആരായിരിക്കും അത്? എന്തുകൊണ്ടായിരിക്കും അയാൾ സംസാരിക്കാൻ വിമുഖത കാണിച്ചത്? ചികിത്സക്ക് വന്നതാണെങ്കിൽ പുറത്തു കാണേണ്ടതാണല്ലോ. ഒരു പക്ഷേ, അയാൾ സിദ്ധന്റെ...

"സത്യവിശ്വാസികളേ, പണ്ഡിതന്മാരിലും പുരോഹിതന്മാരിലും പെട്ട ധാരാളം പേർ ജനങ്ങളുടെ ധനം അന്യായമായി തിന്നുകയും അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് അവരെ തടയുകയും ചെയ്യുന്നു. സ്വർണവും വെള്ളിയും നിക്ഷേപമാക്കി വെക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ അത് ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് വേദനയേറിയ ശിക്ഷയെപറ്റി സന്തോഷ വാർത്തയറിയിക്കുക" (വി.ക്വുർആൻ 9:34).

**- ഷാനവാസ് കുലുക്കല്ലൂർ**

മുഖമൊഴി

# സന്തോഷത്തിന്റെ രഹസ്യം

ബ്രസീലിയൻ സാഹിത്യകാരനായ പൗലോ കൊയ്‌ലോയുടെ 'സന്തോഷത്തിന്റെ രഹസ്യം' എന്ന് പേരുള്ള ഒരു കഥയുണ്ട്. ഒരു കച്ചവടക്കാരൻ അയാളുടെ മകനെ അകലെയുള്ള ഏറ്റവും പ്രശസ്തനായ ജ്ഞാനിയുടെ അടുത്തേക്ക് പറഞ്ഞയച്ചു; സന്തോഷത്തിന്റെ രഹസ്യമെന്ത് എന്ന് അറിഞ്ഞു വരാൻ. ഏറെ ക്ലേശകരമായ യാത്രക്കു ശേഷം അവൻ ജ്ഞാനിയുടെ വാസസ്ഥലം കണ്ടുപിടിച്ചു. ഒരു വലിയ മലയുടെമുകളിലുള്ള അതിമനോഹരമായ കൊട്ടാരമായിരുന്നു അത്. ജ്ഞാനിയെ കാണാനും ഉപദേശം നേടാനും നിവരവധി പേർ അവിടെ എത്തിയിരുന്നു. ഓരോരുത്തരെയും അരികിൽ വിളിച്ച് ജ്ഞാനി വിവരങ്ങൾ അന്വേഷിച്ചു. ഒടുവിൽ അവന്റെ ഊഴവും എത്തി. തന്റെ വരവിന്റെ ഉദ്ദേശ്യം അവൻ ജ്ഞാനിയെ അറിയിച്ചു.

ജ്ഞാനി തന്റെ നീണ്ട താടിരോമങ്ങൾ തടവിക്കൊണ്ട് അവനോട് പറഞ്ഞു: "ഞാൻ ഇപ്പോൾ അൽപം തിരക്കിലാണ്. നീ പോയി എന്റെ ഈ കൊട്ടാരമൊക്കെ ചുറ്റിനടന്ന് കണ്ടിട്ട് വരൂ; രണ്ട് മണിക്കൂർ കഴിഞ്ഞ്."

പിന്നെ അദ്ദേഹം ഒരു ചെറിയ സ്പൂൺ എടുത്ത് അവന്റെ നേരെ നീട്ടി. സ്പൂണിൽ രണ്ടു തുള്ളി എണ്ണയുണ്ടായിരുന്നു. അത് അവനെ ഏൽപിച്ചിട്ട് ജ്ഞാനി പറഞ്ഞു: "ഇത് കയ്യിലിരിക്കട്ടെ. നടക്കുമ്പോൾ എണ്ണ തുളുമ്പിപ്പോകാതെ നോക്കണം."

അവൻ കൊട്ടാരത്തിലെ എണ്ണമറ്റ കോണിപ്പടികൾ കയറിയിറങ്ങി. രണ്ടു മണിക്കൂർ തള്ളിനീക്കി. അവന്റെ ശ്രദ്ധ മുഴുവൻ കയ്യിലുള്ള സ്പൂണിലായിരുന്നു. അതിലെ എണ്ണ താഴെ വീഴരുതല്ലോ.

രണ്ടുമണിക്കൂർ കഴിഞ്ഞ് അവൻ ജ്ഞാനിയുടെ അടുത്തെത്തി. ജ്ഞാനി അവനോടു ചോദിച്ചു: "കൊട്ടാരമൊക്കെ ഇഷ്ടപ്പെട്ടോ? ഇതാണ് എന്റെ ലോകം."

എന്ത് ഉത്തരം നൽകണമെന്ന് അവന് അറിഞ്ഞുകൂടായിരുന്നു. ഒടുവിൽ തന്റെ ശ്രദ്ധ മുഴുവൻ എണ്ണയിലായിരുന്നു എന്ന സത്യം അവൻ തുറന്നു പറഞ്ഞു.

ജ്ഞാനി നിർദേശിച്ചു: "ഒന്നുകൂടെ പോയി എല്ലാം കണ്ടുവരൂ."

അവൻ വീണ്ടും കൊട്ടാരം കാണാൻ പുറപ്പെട്ടു. ആ ചെറിയ സ്പൂണും അതിലെ എണ്ണയും അപ്പോളും അവന്റെ കയ്യിൽ ഉണ്ടായിരുന്നു. കൊട്ടാര ഭംഗികളെല്ലാം അവൻ ആസ്വദിച്ചു കണ്ടു. തട്ടിലും ചുവരുകളിലുമുള്ള ചിത്രപ്പണികൾ, വിലകൂടിയ പേർഷ്യൻ പരവതാനികൾ, തിരശ്ശീലകൾ, സമൃദ്ധമായ വിരുന്നുശാല, സ്വർണത്തളികകളിൽ നിറച്ച വിശിഷ്ട ഭക്ഷണ പദാർഥങ്ങൾ, പലതരം പൂക്കൾ നറഞ്ഞ ഉദ്യാനം, ചുറ്റിലുമുള്ള മലനിരകൾ...

എല്ലാം ആസ്വദിച്ചു കണ്ടതിനുഷേം ജ്ഞാനിയുടെ അടുത്തെത്തി കണ്ട കാഴ്ചകൾ അദ്ദേഹത്ത വിസ്തരിച്ചു പറഞ്ഞു കേൾപിച്ചു. അപ്പോൾ ജ്ഞാനിയുടെ ചോദ്യം: "പക്ഷേ, ഞാൻ നിന്റെ കയ്യിലേൽപിച്ച രണ്ടു തുള്ളി എണ്ണയെവിടെ?"

അവൻ കയ്യിലുള്ള സ്പൂണിലേക്ക് നോക്കി. അത് തികച്ചും ശൂന്യം!

ജ്ഞാനി പറഞ്ഞു: "നീ പഠിച്ചിരിക്കേണ്ട ഒരു പാഠമേയുള്ളൂ. ലോകത്തിലെ എല്ലാം സൗഭാഗ്യങ്ങളും ആസ്വദിച്ചുകൊള്ളൂ. അപ്പോഴും കൈവശമുള്ള സ്പൂണും അതിലെ രണ്ടുതുള്ളി എണ്ണയും മനസ്സിലുണ്ടായിരിക്കണം. അതു തന്നെയാണ് സന്തോഷത്തിന്റെ രഹസ്യം.

ഇതിലെ നഷ്ടപ്പെടാതെ സൂക്ഷിക്കാൻ പറഞ്ഞ എണ്ണ കൊണ്ട് സാഹിത്യകാരൻ ഉദ്ദേശിച്ചതെന്താണെന്നറിയില്ല. അത് ആത്മീയതയിലേക്ക് ആപേക്ഷികമായി പൂർണമായും ശരിയാണ്. ഭൗതിക ലോകത്ത് സ്രഷ്ടാവ് നൽകിയ എണ്ണമറ്റ അനുഗ്രഹങ്ങൾ ആസ്വദിച്ചുകൊണ്ട് ജീവിക്കുന്നവനാണ് മനുഷ്യൻ. അനുവദിക്കപ്പെട്ട ആസ്വാദനങ്ങൾ അവൻ ഉപേക്ഷിക്കേണ്ടതില്ല. എന്നാൽ ഇഹപര ലോകങ്ങളിൽ സന്തോഷവും സമാധാനവും നൽകുന്ന യഥാർഥ ആത്മീയതയെ അവൻ നഷ്ടപ്പെടുത്തിക്കൂടാ.

"അല്ലാഹു നിനക്ക് നൽകിയിട്ടുള്ളതിലൂടെ നീ പരലോകവിജയം തേടുക. ഐഹികജീവിതത്തിൽ നിന്ന് നിനക്കുള്ള ഓഹരി നീ വിസ്മരിക്കുകയും വേണ്ട. അല്ലാഹു നിനക്ക് നന്മ ചെയ്തത് പോലെ നീയും നന്മ ചെയ്യുക. നീ നാട്ടിൽ കുഴപ്പത്തിന് മുതിരരുത്. കുഴപ്പമുണ്ടാക്കുന്നവരെ അല്ലാഹു തീർച്ചയായും ഇഷ്ടപ്പെടുന്നതല്ല" (ക്വുർആൻ 28: 77).

ഐഹിക ജീവിതത്തിലെ കണ്ണഞ്ചിപ്പിക്കുന്ന വിഭവങ്ങളിലും ആസ്വാദനങ്ങളിലും മാത്രം ശ്രദ്ധ കേന്ദ്രീകരിച്ച് ജീവിക്കുമ്പോൾ വിനഷ്ടമാകുന്നത് ആത്മീയതയാണ്. അത്തരക്കാർ ഒടുവിൽ ഖേദിക്കേണ്ടിവരും. ●

ശമീർ മദീനി
shameermadeeni@gmail.com



# പ്രതിഫലവേദിയുടെ അനിവാര്യത

**"ഏതൊരു ദേഹവും മരണം ആസ്വദിക്കുക തന്നെ ചെയ്യും. നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപിൻെറ നാളിൽ മാത്രമെ നിങ്ങൾക്കു പൂർണമായി നൽകപ്പെടുകയുള്ളൂ. അപ്പോൾ ആർ നരകത്തിൽനിന്ന് അകറ്റിനിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയം നേടുന്നത്. ഐഹികജീവിതം കബളിപ്പിക്കപ്പെടുന്ന ഒരു വിഭവമല്ലാതെ മറ്റൊന്നുമല്ല" (വിശുദ്ധ ക്വുർആൻ 3:185)**

മനുഷ്യരുടെ കർമങ്ങൾ വ്യത്യസ്തമാണ്. തലമുറകൾ നീണ്ടുനിൽക്കുന്ന നന്മകൾക്ക് നേതൃത്വം വഹിച്ചവരുണ്ട് മനുഷ്യരുടെ കൂട്ടത്തിൽ. അവരുടെ മരണ ശേഷവും അവരിലൂടെ നാമ്പെടുത്ത നന്മ പടർന്നു പന്തലിച്ച് വിളനൽകുന്നതായി നാം കാണുന്നു. നിരവധി പേരുടെ ഇരുൾമുറ്റിയ ജീവിതത്തിന് പ്രതീക്ഷയുടെ പ്രകാശം നിറഞ്ഞ ചിറകുകൾ സമ്മാനിച്ച് സന്തോഷത്തോടെ ജീവിക്കാൻ പ്രാപ്തമാക്കിയവർ... നിത്യയാതനകളനുഭവിച്ചു കൊണ്ടിരുന്ന അനവധി മാറാരോഗികൾക്ക് ആശ്വാസത്തിനായി പഠന ഗവേഷണങ്ങളിലൂടെ മരുന്നു കണ്ടെത്തിയവർ... അന്യരുടെ ജീവൻ രക്ഷിക്കുന്നതിനിടയിൽ സ്വന്തം ജീവൻ ബലികഴിക്കേണ്ടിവന്നവർ... ഇങ്ങനെ എത്രയോ നന്മകളുടെ പ്രതീകങ്ങൾ...! അവർക്കൊക്കെ അവരുടെ പ്രവർത്തനങ്ങളുടെ കൃത്യമായ പ്രതിഫലം നൽകാൻ നമുക്ക് സാധിക്കുന്നില്ല. അവയുടെ ആഴവും തോതും കണക്കാക്കുന്നിടത്ത് പോലും മനുഷ്യർ അശക്തരാണ്.

ഇതിന്റെ മറുവശമോ? നിരവധി സ്ത്രീകളെ വിധവകളാക്കിയ, അനവധി കുഞ്ഞുങ്ങളെ അനാഥരാക്കിയ, അനേകം കുടുംബങ്ങളെ നിരാലംബരാക്കിയ എത്രയോ ക്രൂര കൃത്യങ്ങൾ ഈ ഭൂമിയിൽ അരങ്ങേറി. പൈശാചികതയുടെ മൂർത്തരൂപങ്ങളായ അത്തരം അക്രമികളെ പിടികൂടി അർഹമായ ശിക്ഷ നൽകാൻ മനുഷ്യന് സാധിക്കുമോ?

എല്ലാവരെയും പിടികൂടുകയും കോടതിയിൽ ഹാജരാക്കുകയും വിചാരണ ചെയ്ത് ശിക്ഷ വിധിക്കുകയും ചെയ്തു എന്നുതന്നെ സങ്കൽപിക്കുക. എന്നാലും നൂറു പേരെ കൊന്നയാൾക്കും പത്തുപേരെ കൊന്നയാൾക്കും ഒരാളെ കൊന്നയാൾക്കും ഭൗതിക ലോകത്തെ ഏത് ന്യായാധിപനും ഒരിക്കൽ മാത്രമെ വധശിക്ഷ നൽകാൻ സാധിക്കൂ. അതോടൊപ്പം അവരുടെയൊക്കെ ആശ്രിതർക്ക് സംഭവിച്ച നഷ്ടങ്ങൾ ആരാണ് കണക്കാക്കുക?

എന്നാൽ മനുഷ്യരുടെ മനസ്സറിയുന്ന, അവരുടെ പ്രവർത്തനങ്ങളുടെ ആഴവും വ്യാപ്തിയും കൃത്യമായറിയുന്ന നീതിമാനും കരുണാവാരിധിയുമായ അല്ലാഹു കർമങ്ങൾക്ക് കൃത്യമായി പ്രതിഫലം നൽകുന്ന ഒരു വേദി സംവിധാനിച്ചിട്ടുണ്ട്. വി ശുദ്ധ ക്വുർആൻ "നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ മാത്രമെ നിങ്ങൾക്ക് പൂർണമായി നൽകപ്പെടുകയുള്ളൂ" (3:185) എന്നു പറഞ്ഞത് അതിനെ സംബന്ധിച്ചാണ്. അവിടെ ഭൗതിക ലോകത്തേതുപോലുള്ള അനർഹമായ യാ തൊരു ഇടപെടലുകളും ഉണ്ടാവില്ല.

"ഒരാൾക്കും മറ്റൊരാൾക്കുവേണ്ടി ഒരുപകാരവും ചെയ്യാൻ പറ്റാത്ത, ഒരാളിൽ നിന്നും ഒരു പ്രായശ്ചിത്തവും സ്വീകരിക്കപ്പെടാത്ത, ഒരാൾക്കും ഒരു ശുപാർശയും പ്രയോജനപ്പെടാത്ത, ആർക്കും ഒരു സഹായവും ലഭിക്കാത്ത ഒരു ദിവസത്തെ (പരലോകത്തെ)നിങ്ങൾ സൂക്ഷിക്കുക" (2:123,48).

'അങ്ങനെ ഒന്നുണ്ടായിരുന്നെങ്കിൽ നന്നായിരുന്നു' എന്ന് നിരീശ്വര നിർമതവാദികളുടെവരെ മനസ്സുപോലും കൊതിക്കുന്നുണ്ടെന്നതിന് അവരുടെ തന്നെ വാക്കുകൾ സാക്ഷിയാണ്. 'പക്ഷേ, ഇല്ലല്ലൊ' എന്ന നിരാശയിലാണ് അവർ എത്തിച്ചേരുന്നത്. ഇല്ല എന്നു പറയാൻ എന്തു ന്യായമാണുള്ളത്? മനുഷ്യന് വേണ്ട എല്ലാം അവൻ ആവശ്യപ്പെടാതെ തന്നെ ഇവിടെ ഒരുക്കിയ സൃഷ്ടിനാഥൻ മനുഷ്യജീവിതത്തിന് ലക്ഷ്യവും അർഥവും നൽകുന്ന നീതിയുടെ വേദി സംവിധാനിക്കാതെ വ്യഥാവിലാക്കി എന്നു പറയാൻ നീതിബോധമുള്ളവർക്ക് സാധിക്കുകയില്ല.

"അപ്പോൾ നാം നിങ്ങളെ വൃഥാ സൃഷ്ടിച്ചതാണെന്നും നമ്മുടെ അടുക്കലേക്ക് നിങ്ങൾ മടക്കപ്പെടുകയില്ലെന്നും നിങ്ങൾ കണകാക്കിയിരിക്കയാണോ?"(23:115).

അതിന്റെ സംഭവ്യതയിൽ സംശയിക്കുന്നതും ശുദ്ധ അസംബന്ധമാണ്. മണ്ണും അസ്ഥിശകലങ്ങളുമായതിന് ശേഷം എങ്ങനെയാണ് ഒരു പുനരുത്ഥാനം എന്നാണ് അവർ ചോദിക്കുന്നത്. ക്വുർആൻ അതിനു നൽകുന്ന മറുപടി കാണുക: "പറയുക: ആദ്യതവണ അവയെ ഉണ്ടാക്കിയവനാരോ അവൻതന്നെ അവയ്ക്ക് ജീവൻ നൽകുന്നതാണ്. അവൻ എല്ലാതരം സൃഷ്ടിപ്പിനെപ്പറ്റിയും അറിവുള്ളവനത്രെ" (36:79).

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ലേഖനം



# പ്രവാചകന്മാരും മുഅ്ജിസത്തുകളും

**അ**ല്ലാഹു പ്രവാചകന്മാരെ മനുഷ്യരിലേക്ക് അയച്ചപ്പോഴൊക്കെയും ഒരു വിഭാഗം ജനങ്ങൾ അവരെ അവിശ്വസിക്കുകയും നിഷേധിക്കുകയുമായിരുന്നു ചെയ്തിരുന്നത്. ഈ സന്ദർഭത്തിൽ നിഷേധികൾക്ക് ഇവർ അല്ലാഹുവിന്റെ ദൂതന്മാർ തന്നെയാണെന്ന് തെളിയിക്കാനായി അല്ലാഹു അവരിലൂടെ പ്രകടമാക്കുന്ന, ഒരു സൃഷ്ടിക്കും ചെയ്യാൻ കഴിയാത്തതും അല്ലാഹുവിനു മാത്രം ചെയ്യാൻ കഴിയുന്നതുമായ കാര്യങ്ങളാണ് മുഅ്ജിസത്തുകൾ. നബിമാരിലൂടെ അല്ലാഹു പ്രകടമാക്കിയ ധാരാളം മുഅ്ജിസത്തുകൾ പ്രമാണങ്ങൾ വ്യക്തമാക്കുന്നുണ്ട്.

മുഹമ്മദ് നബിﷺയുടെ ജീവിതത്തിൽ അല്ലാഹു പ്രകടമാക്കിയ മുഅ്ജിസത്തിന് ഉദാഹരണം കാണുക: നബിയും സ്വഹാബിമാരും ഒരു യാത്രയിലാണ്. കുടിക്കാനും കുളിക്കാനും മറ്റു ആവശ്യങ്ങൾക്കും വെള്ളം ഇല്ലാതെ വന്നപ്പോൾ അവരോട് നബിﷺ ഉള്ള വെള്ളം കൊണ്ടുവരാൻ ആവശ്യപ്പെട്ടു. ആ പാത്രത്തിൽ അവിടുത്തെ കൈ വെച്ചു. പാത്രത്തിലെ വെള്ളം അധികരിച്ചു. സ്വഹാബിമാർ അവരുടെ എല്ലാ ആവശ്യങ്ങളും നിർവഹിച്ചിട്ടും വെള്ളം ബാക്കിയായി.

മറ്റൊരിക്കൽ ഭക്ഷണമില്ലാതിരുന്നപ്പോൾ അവിടുന്ന് സ്വഹാബിമാരോട് ഉള്ള ഭക്ഷണം കൊണ്ടു വരാൻ ആവശ്യപ്പെടുകയും അവിടുത്തെ കൈ ഭക്ഷണത്തിൽ വെക്കുകയും ചെയ്തപ്പോൾ അതിൽ വർധനവുണ്ടായതും കാണാം. എന്നാൽ ഇതെല്ലാം കണ്ടും അറിഞ്ഞും മനസ്സിലാക്കിയ നബിﷺ വെള്ളമോ ഭക്ഷണമോ ഇല്ലാത്ത സന്ദർഭത്തിൽ ഇപ്രകാരം ചെയ്യുകയോ, നബിയോട് ഇപ്രകാരം ചെയ്യാൻ അനുചരന്മാർ ആവശ്യപ്പെടുകയോ ചെയ്തിരുന്നില്ല. കാരണം, അവർക്കറിയാം ഇത് നബിﷺയുടെ ഇഷ്ടപ്രകാരം അവിടുത്തേക്ക് ചെയ്യാൻ കഴിയുന്നതല്ല. മുഅ്ജിസത്ത് റസൂൽﷺയുടെ കഴിവായിരുന്നെങ്കിൽ ശ

ത്രുക്കൾ നബിയെയും അനുയായികളെയും ഉപരോധിച്ചപ്പോൾ അവർ ശഅ്ബ് അബീത്വാലിബ് മലയിൽ അഭയം തേടുകയും പച്ചിലയും വെള്ളവും കുടിച്ച് മാസങ്ങളോളം ജീവക്കേണ്ടി വരികയും ചെയ്യുമായിരുന്നില്ല.

അഹ്സാബ്(ഖന്തക്) യുദ്ധത്തിൽ വിശന്ന് അവശരായപ്പോൾ സ്വഹാബിമാർ ഒരു കല്ല് വയറിൽ വെച്ച് കിടങ്ങ് കുഴിക്കുമ്പോൾ നബിﷺ രണ്ട് കല്ല് വെച്ച് കെട്ടിയാണ് കിടങ്ങ് കുഴിച്ചത്.

പ്രവാചകന്മാരോട് (വിശിഷ്യാ മുഹമ്മദ്ﷺയോട്) സഹായം തേടാൻ ചിലർ പറയുന്ന ന്യായം അദ്ദേഹത്തിന് മുഅ്ജിസത്തുണ്ട് എന്നതാണ്. നബിമാരിലൂടെ മുഅ്ജിസത്ത് പ്രകടമാകുന്നത് അവരോട് തേടാനല്ല, മുഅ്ജിസത്തിന്റെ ഉടമയായ അല്ലാഹുവിനോട് തേടാനാണ് പ്രചോദനം നൽകുന്നത്. പ്രവാചകന്മാരുടെ അനുയായികൾ പ്രവാചകന്മാരിൽ മുഅ്ജിസത്ത് കണ്ടപ്പോൾ അവരുടെ തൗഹീദ് ദൃഢമാവുകയായിരുന്നു. സ്വഹാബിമാർ ആരും ക്ഷാമകാലത്ത് അദ്ദേഹത്തോട് 'നബിയേ ഭക്ഷണം ഇല്ല, ഭക്ഷണം നൽകണേ' എന്നോ വരൾച്ചയുടെ സമയത്ത് 'നബിയേ വെള്ളം തരണേ' എന്നോ ചോദിച്ചില്ല. മറിച്ച് അവർ ജീവിച്ചിരിപ്പുള്ള നബിയുടെ മുന്നിൽ വന്ന് അല്ലാഹുവിനോട് പ്രാർഥിക്കാൻ ആവശ്യപ്പെടുകയായിരുന്നു ചെയ്തിരുന്നത്. നബിﷺ കേൾക്കാത്ത, അറിയാത്ത ദൂരത്തുനിന്ന് അവർ നബിയെ വിളിച്ചിട്ടുമില്ല. ഇതാണ് അഹ്ലുസ്സുന്നയുടെ വഴി.

മൂസാعليه السلامന്റെ കയ്യിലൂണ്ടായിരുന്ന വടി കൊണ്ട് സമുദ്രത്തിലടിച്ചപ്പോൾ സമുദ്രം പിളർന്നതു നമുക്കെല്ലാവർക്കുമറിയാം. ഇതുപോലെ ഓരോ പ്രവാചകനും വ്യത്യസ്ത മുഅ്ജിസത്തുകളായിരുന്നു അല്ലാഹു നൽകിയിരുന്നത്. ഇതൊന്നും അവരല്ല ചെയ്തിരുന്നത്. പിന്നെ ആരാണ്? അല്ലാഹു! പ്രവാചകന്മാർക്ക് ഇതിൽ യാതൊരു പങ്കുമില്ല. അവർക്കുപോലും അറിയില്ല എന്ത് സംഭവിക്കുമെന്ന്. അല്ലാഹു വഹ്യ് നൽകും, നബിമാർ കൽപിക്കപ്പെടുന്നത് പോലെ ചെയ്യും. അവരിലൂടെ അല്ലാഹു ഉദ്ദേശിച്ചത് പ്രകടമാക്കുകയും ചെയ്യും. മൂസാعليه السلام സമുദ്രത്തിലടിക്കുമ്പോൾ അദ്ദേഹത്തിന് അറിയില്ല അടുത്ത നിമിഷം എന്ത് സംഭവിക്കുമെന്ന്. കാരണം അദ്ദേഹത്തിന് അതിൽ യാതൊരു പങ്കുമില്ലായിരുന്നു. നബിﷺയുടെ ഏറ്റവും വലിയ മുഅ്ജിസത്ത് വിശുദ്ധ ക്വുർആനാണ്. അതിൽ നബിﷺക്ക് എന്ത് പങ്കാണുള്ളത്? ഒരു അക്ഷരം പോലും അദ്ദേഹത്തിന്റെ സ്വന്തം വകയായി അതിൽ ഇല്ല. മുഅ്ജിസത്ത് എല്ലാം അല്ലാഹുവിന്റെതാണ്. അതിനാൽ മുഅ്ജിസത്ത് നൽകപ്പെടുന്നവരോടല്ല; മുഅ്ജിസത്ത് നൽകുന്നവനായ അല്ലാഹുവിനോട് മാത്രമാണ് പ്രാർഥിക്കേണ്ടത്, സഹായം തേടേണ്ടത്.



**പ്രവാചകന്മാരും അദൃശ്യകാര്യങ്ങളും**

അദൃശ്യകാര്യങ്ങൾ അറിയുന്നവൻ അല്ലാഹു മാത്രമാണെന്ന് ക്വുർആനിൽ നിരവധി സ്ഥലങ്ങളിൽ കാണാം. അത് അല്ലാഹുവിന്റെ മാത്രം പ്രത്യേകതയാണ്. സൃഷ്ടികളിൽ ഒരാൾക്കും അദൃശ്യം അറിയില്ല. എന്നാൽ പ്രവാചകന്മാർ ചിലപ്പോൾ അദൃശ്യകാര്യങ്ങൾ അറിയാറുണ്ട്. അതും അവർ സ്വന്തം അറിയുന്നതല്ല, അല്ലാഹു വഹ്യിലൂടെ അറിയിക്കുന്നതാണ്. ക്വുർആൻ പറയുന്നത് കാണുക:

"അവൻ അദൃശ്യം അറിയുന്നവനാണ്. എന്നാൽ അവൻ തന്റെ അദൃശ്യജ്ഞാനം യാതൊരാൾക്കും വെളിപ്പെടുത്തിക്കൊടുക്കുകയില്ല. അവൻ തൃപ്തിപ്പെട്ട വല്ല ദൂതനുമല്ലാതെ.."(72:26,27).

ഈ വചനം അറിയിക്കുന്നത് അദൃശ്യജ്ഞാനം അല്ലാഹുവിനു മാത്രമെ അറിയൂ, പ്രവാചകന്മാർ അദൃശ്യത്തിൽ നിന്ന് വല്ലതും പറയുന്നുണ്ടെങ്കിൽ അത് അല്ലാഹു അറിയിച്ചുകൊടുക്കുന്നത് മാത്രമാണ് എന്നാണ്. അതിനാൽ പ്രവാചകന്മാർ ജനങ്ങളോട് പറഞ്ഞത് ഞങ്ങൾക്ക് അദൃശ്യം അറിയില്ലെന്നാണ്. നൂഹ് عليه السلام പറഞ്ഞത് കാണുക:

"അല്ലാഹുവിന്റെ ഖജനാവുകൾ എന്റെ പക്കലുണ്ടെന്ന് ഞാൻ നിങ്ങളോട് പറയുന്നുമില്ല. ഞാൻ അദൃശ്യകാര്യമറിയുകയുമില്ല. ഞാൻ ഒരു മലക്കാണെന്ന് പറയുന്നുമില്ല..."(11:31).

നബിﷺക്കും അദൃശ്യമറിയില്ലെന്ന് തന്നെയാണ് ക്വുർ

ആൻ പഠിപ്പിക്കുന്നത്. നബിയോട് അല്ലാഹു പറയുവാനായി കൽപിക്കുന്നത് കാണുക:

“പറയുക: അല്ലാഹുവിന്റെ ഖജനാവുകൾ എന്റെ പക്കലുണ്ടെന്ന് ഞാൻ നിങ്ങളോട് പറയുന്നില്ല. അദൃശ്യകാര്യം ഞാൻ അറിയുകയുമില്ല. ഞാൻ ഒരു മലക്കാണെന്നും നിങ്ങളോട് പറയുന്നില്ല. എനിക്ക് ബോധനം നൽകപ്പെടുന്നതിനെയല്ലാതെ ഞാൻ പിന്തുടരുന്നില്ല’’ (6:50).

അല്ലാഹു അല്ലാത്തവർ (പ്രവാചകന്മാർ പോലും) അദൃശ്യജ്ഞാനം അറിയില്ലെന്ന് പറയുമ്പോൾ തൽപരകക്ഷികൾ ഈ ആയത്തുകളെ ദുർവ്യാഖ്യാനിക്കുന്നത് അവരുടെ കൃതികളിൽ നിന്ന് ഇപ്രകാരം വായിക്കാം. അവർ എഴുതുന്നു: “അല്ലാഹുവിന്റെ ഖജാന എന്റെ പക്കലുണ്ട്. പക്ഷേ, ഞാനത് നിങ്ങളോട് പറയുന്നില്ല. അല്ലാഹു എനിക്ക് അദൃശ്യജ്ഞാനം തന്നിട്ടുണ്ട്. പക്ഷേ, അത് ഞാൻ നിങ്ങളോട് പറയുന്നില്ല. വലിയത് പറഞ്ഞ് പൊങ്ങച്ചം കാണിക്കുന്നില്ലെന്നർഥം. ഇതല്ലേ മൗലവി സാഹിബേ ഒന്നാം പ്രമാണം പറഞ്ഞത്?” (കൊട്ടപ്പുറം സുന്നി-മുജാഹിദ് സംവാദം, പേജ് 62).

നോക്കൂ, എന്തൊരു ദുർവ്യഖ്യാനം! നബിമാർക്ക് അദൃശ്യജ്ഞാനം അറിയില്ലെന്നല്ലേ മേൽസൂക്തങ്ങൾ നമ്മെ പഠിപ്പിക്കുന്നത്. ആദം(عليه السلام)യെയും ഹവ്വ(رضي الله عنها)യെയും സ്വർഗത്തിൽ നിന്ന് ഇബ്‌ലീസ് വഞ്ചിച്ച് പുറത്താക്കിയില്ലേ? അവർക്ക് അദൃശ്യം അറിയുമായിരുന്നെങ്കിൽ വഞ്ചനയിൽ പെടുമായിരുന്നോ? ഇബ്‌റാഹീം(عليه السلام), ലൂത്വ്(عليه السلام) എന്നിവരുടെ അടുത്ത് മലക്കുകൾ മനുഷ്യ രൂപത്തിൽ വന്നപ്പോൾ അവർക്കത് മനസ്സിലാക്കാൻ സാധിച്ചില്ല. കാരണം അവർക്ക് അദൃശ്യമറിയില്ലായിരുന്നു. ഇങ്ങനെ എത്രയോ ഉദാഹരണങ്ങൾ. (ഇൻശാ അല്ലാഹ്, പ്രവാചകന്മാരുടെ ചരിത്രം വിവരിക്കുന്നിടത്ത് ഇക്കാര്യങ്ങൾ വിശദമാക്കാം). നബിﷺക്ക് അദൃശ്യജ്ഞാനം അറിയില്ലെന്നതിലേക്ക് വെളിച്ചം നൽകുന്ന ഒരു നബിവചനം കാണുക:

ഉമ്മുസലമ(رضي الله عنها)ൽ നിന്ന്. പ്രവാചകൻﷺ പറഞ്ഞു: “നിശ്ചയം ഞാനൊരു മനുഷ്യനാണ്. നിങ്ങൾ എന്നെ ന്യായവാദങ്ങളുമായി സമീപിക്കുന്നു. നിങ്ങളിൽ ചിലർ മറ്റുള്ളവരെക്കാൾ ന്യായവാദങ്ങൾ സ്ഥാപിക്കുന്നതിൽ സമർഥനായിരിക്കും. അങ്ങനെ ഞാൻ കേൾക്കുന്നതനുസരിച്ച് അയാൾക്കനുകൂലമായി വിധിക്കും. ഇപ്രകാരം ഞാൻ (ശരിക്കും മനസ്സിലാക്കാൻ കഴിയാതെ) ഒരാൾക്ക് തന്റെ സഹോദരന്റെ അവകാശം വിധിച്ചു നൽകിയിട്ടുണ്ടെങ്കിൽ ഞാൻ അവന് നരകത്തിന്റെ ഒരു വിഹിതമാണ് വീതിച്ചു നൽകിയത്” (ബുഖാരി 7169, മുസ്‌ലിം 1713).

നബിﷺക്ക് അദൃശ്യമറിയും എന്ന് പറയുന്നവൻ കളവാണ് പറയുന്നതെന്നാണ് ആഇശ(رضي الله عنها) പറയുന്നത്.

ആഇശ(رضي الله عنها)യിൽ നിന്ന്. അവർ പറഞ്ഞു: “ആരെങ്കിലും നിന്നോട് നബിﷺ നാളത്തെ കാര്യങ്ങളറിയും എന്ന് പറഞ്ഞാൽ (നീ മനസ്സിലാക്കണം) തീർച്ചയായും അവൻ കളവാണ് പറഞ്ഞത്. അല്ലാഹു പറയുന്നു: നബിയേ പറയുക ആകാശ ഭൂമികളിൽ അദൃശ്യമറിയുന്നവൻ അല്ലാഹുവല്ലാതെ ഒരാളുമില്ല” ( ബുഖാരി).

**പ്രവാചകന്മാർ സൽസ്വഭാവികൾ**

അല്ലാഹു ആരെയാണോ പ്രവാചകനായി തെരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നത് അവരെ അവൻ നല്ല സ്വഭാവത്തിന്റെ വക്താക്കളാക്കിയിരുന്നു. അവർക്ക് നുബുവ്വത്ത് ലഭിക്കുന്നതിന് മുമ്പ് ജനങ്ങളിൽ നിന്ന് വലിയ സ്വീകാര്യതയും ലഭിച്ചിരുന്നു. കാരണം അവർ കളവ് പറയാറില്ലായിരുന്നു. നബിﷺയുടെ സ്വഭാവത്തെ സംബന്ധിച്ച് അല്ലാഹു പറയുന്നത് കാണുക: ‘തീർച്ചയായും നീ മഹത്തായ സ്വഭാവത്തിലാകുന്നു’(68:4).

നബിﷺയുടെ സ്വഭാവം ശത്രുക്കളെ പോലും ആകർഷിക്കുന്നതായിരുന്നു. സ്വഫ്‌വാനുബ്നു ഉമയ്യഃ(رضي الله عنه) പറയുന്നത് കാണുക:

“അല്ലാഹുവാണ് സത്യം! റസൂൽﷺ എനിക്ക് ധാരാളം നൽകി. അദ്ദേഹം എനിക്ക് ഏറെ കോപമുള്ളവനായിരുന്നു. അദ്ദേഹം എനിക്ക് പിന്നെയും നൽകിക്കൊണ്ടിരുന്നു. അങ്ങനെ അദ്ദേഹം എനിക്ക് ഏറെ പ്രിയങ്കരനായിത്തീർന്നു” (മുസ്‌ലിം). സ്വഫ്‌വാൻ(رضي الله عنه) ഇസ്‌ലാം സ്വീകരിക്കുന്നതിന് മുമ്പ് നബിﷺയോട് അങ്ങേയറ്റത്തെ ദേഷ്യം വെച്ച് നടക്കുന്നയാളായിരുന്നു. എന്നാൽ അദ്ദേഹത്തെ നബിയുടെ സ്വഭാവഗുണങ്ങൾ ആകർഷിക്കുകയും തൽഫലമായി അദ്ദേഹം ഇസ്‌ലാമിലേക്ക് വരികയുമായിരുന്നു. ●

## അധ്യാപകരെ ആവശ്യമുണ്ട്

جامعة الهند الإسلامية School Of Quran

**സ്കൂൾ ഓഫ് ഖുർആൻ**

സ്കൂൾ ഓഫ് ഖുർആനിന്റെ കാസറഗോഡ്, കാഞ്ഞങ്ങാട്, തളിപ്പറമ്പ്, കിണവക്കൽ, വടകര, കാപ്പാട്, മഞ്ചേരി, കോട്ടക്കൽ, തിരൂർ, പരപ്പനങ്ങാടി, മാറഞ്ചേരി, വെങ്കിടങ്ങ്, ആറ്റിങ്ങൽ സെന്ററുകളിലേക്ക് യോഗ്യരായ അധ്യാപകരെ ആവശ്യമുണ്ട്. വിശദ വിവരങ്ങൾക്കും ടീച്ചേഴ്സ് ആപ്ലിക്കേഷൻ ഫോമിനും താഴെ കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക

Director, School of Qur'an
Jamia Al-Hind Al-Islamiyya | Jamia Campus | Mini Ootty
Oorakam | Malappuram | Kerala | India
PIN 676519 | PH: +91 8606788882
www.schoolofquran.in | mail@schoolofquran.com

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com

കവർ സ്റ്റോറി




# പീഡനമുക്ത കേരളം ഒരു സമസ്യയോ?

**കേ**രളം ലൈംഗിക അരാജകത്വങ്ങളുടെയും വൈകൃതങ്ങളുടെയും പിടിയിൽ അമർന്നിരിക്കുന്നുവെന്ന വാർത്തകളാണ് ഏതാനും ആഴ്ചകളായി മീഡിയകളിലൂടെ പുറത്തു വന്നുകൊണ്ടിരിക്കുന്നത്. വീടുകളുടെ സ്വീകരണ മുറികളിലും കോലായകളിലും വെക്കുവാൻ സാധിക്കാത്ത വിധത്തിലുള്ള ഉള്ളടക്കങ്ങളുമായിട്ടാണ് ഓരോ ദിവസവും അച്ചടി ദൃശ്യമാധ്യമങ്ങൾ നമ്മുടെ മുമ്പിലെത്തുന്നത്. 'പീഡന'മെന്ന ഓമനപ്പേരുകളിൽ നടന്നുകൊണ്ടിരിക്കുന്ന ലൈംഗിക വൈകൃതങ്ങൾക്ക് മാധ്യമങ്ങൾ നൽകുന്ന നിറപ്പകിട്ടുകളെക്കാളേറെ ഗൗരവതരമായ തലങ്ങളുണ്ടെന്ന് മനസ്സിലാക്കാൻ പൊതുസമൂഹവും ഭരണസംവിധാനങ്ങളും ശ്രമിക്കുന്നില്ല എന്നതാണ് ഏറെ സങ്കടകരം. സമൂഹത്തിന് ദിശാബോധം നൽകേണ്ട മത-രാഷ്ട്രീയ മേലാളന്മാരിൽ പലരും ഇത്തരം പീഡനങ്ങളിലെ താരങ്ങളായി മാറുകയും വേലി തന്നെ വിള തിന്നുകയും ചെയ്യുന്ന സാഹചര്യം വളരെ ആശങ്കാജനകമാണ്.

തങ്ങളുടെ മാധ്യമങ്ങളുടെ 'റേറ്റ്' കൂട്ടുന്നതിന് വേണ്ടി മാത്രം മലയാളിയിലെ പൈങ്കിളി ബോധമണ്ഡലങ്ങളെ ഇക്കിളിപ്പെടുത്തിക്കൊണ്ട് മാധ്യമ മുതലാളിമാർ പുറത്തുവിട്ടുകൊണ്ടിരിക്കുന്ന പീഡനങ്ങളെ കുറിച്ചുള്ള ലക്ഷ്യബോധമില്ലാത്ത പരമ്പരകളും തുടർക്കഥകളും സ്വയം മെനഞ്ഞുണ്ടാക്കുന്ന ഹണിട്രാപ്പും സ്റ്റിംഗ് ഓപ്പറേഷനും ഉണ്ടാക്കുന്ന പ്രതിഫലനങ്ങൾ വളരെ ഗൗരവമുള്ളതാണ്. ലൈംഗികതയുമായി ബന്ധപ്പെട്ട മാനസികരോഗങ്ങളെ വർധിപ്പിക്കുകയും നിഷിദ്ധമായ ലൈംഗികതയ്ക്ക് കൂടുതൽ പ്രചാരം നൽകുകയും ചെയ്യാനാണ് ഇത്തരം മാധ്യമവിക്രിയകൾ കാരണമാകുന്നത്.




മനുഷ്യന്റെ പ്രകൃതിപരവും സഹജവുമായ ലൈംഗികതയെ അനുവദിക്കപ്പെട്ട അളവിൽ നിയന്ത്രിച്ചു നിർത്തി അച്ചടക്കം പാലിക്കുവാൻ മനസ്സിനെയും ശരീരത്തെയും പാകപ്പെടുത്തേണ്ടതുണ്ട്. ഇവിടെയാണ് മതഗ്രന്ഥങ്ങൾ നൽകുന്ന പാഠങ്ങൾ പ്രസക്തമാവുന്നത്. മനുഷ്യന്റെ വികാര വിചാരങ്ങളെയും പ്രകൃതിഗുണങ്ങളെയും ഇച്ഛകളെയും ആസക്തികളെയും കുറിച്ച് വളരെ വ്യക്തമായി അറിയുന്നത് അവന്റെ സ്രഷ്ടാവിന് മാത്രമാണ്. ഈ വികാരവിചാരങ്ങളെയും ആസക്തികളെയുമെല്ലാം വിവാഹമെന്ന പവിത്രമായ ബന്ധത്തിലൂടെയാണ് ശമിപ്പിക്കേണ്ടത് എന്ന ദൈവികമായ നിർദേശം പാലിക്കുക മാത്രമാണ് വഴിവിട്ട ലൈംഗിക വൈകൃതങ്ങളെയും പീഡനങ്ങളെയും തടഞ്ഞുനിർത്താനുള്ള ഏക മാർഗം. മുഹമ്മദ് നബിﷺ പറഞ്ഞു: "യുവസമൂഹമേ, നിങ്ങളിൽ നിന്നും വിവാഹത്തിന് കഴിവുള്ളവർ വിവാഹം കഴിക്കട്ടെ. എന്തെന്നാൽ അത് ദൃഷ്ടികളെ താഴ്ത്താനും ഗുഹ്യാവയവങ്ങളെ കാത്തുസൂക്ഷിക്കുവാനും സഹായിക്കും. അതിനു സാധിക്കാത്തവർ നോമ്പനുഷ്ഠിക്കട്ടെ. കാരണം നോമ്പ് അവന് ഒരു നിയന്ത്രണമാണ്." (ബുഖാരി, മുസ്‌ലിം). വിവാഹം കഴിക്കാതെ കുത്തഴിഞ്ഞ ലൈംഗികജീവിതം നയിക്കുന്നത് കുറ്റകരമാണ്. ബ്രഹ്മചാരിയായി ജീവിക്കുന്നത് മനുഷ്യപ്രകൃതിക്ക് വിരുദ്ധവുമാണ്. ഒരു ബ്രഹ്മചാരിക്കും അവന്റെ ലൈംഗികതൃഷ്ണകളെ പൂർണമായ അളവിൽ നിയന്ത്രിച്ചു നിർത്താൻ സാധിക്കില്ല.

ബ്രഹ്മചര്യത്തെ മതത്തിന്റെ ഭാഗമായി അവതരിപ്പിക്കുകയും അതിന് പൗരോഹിത്യത്തിന്റെ മേലങ്കി അണിയിക്കുകയും ചെയ്യുകയാണ് മതത്തെ ചൂഷണോപാധിയായി സ്വീകരിച്ച വിഭാഗങ്ങളൊക്കെ ചെയ്തുവന്നിട്ടുള്ളത്. മനുഷ്യനും സ്രഷ്ടാവിനുമിടയിൽ മധ്യവർത്തികളും ഇടയാളന്മാരും വേണമെന്ന സങ്കൽപം ഇക്കൂട്ടർ വളർത്തിയെടുത്തതാണ്. ഈ സങ്കൽപം സ്രഷ്ടാവിന്റെ നിർദേശമല്ല പ്രത്യുത അത് പുരോഹിതന്മാർ സ്വയം തട്ടിക്കൂട്ടിയതാണെന്നാണ് ക്വുർആൻ പറയുന്നത്: "സന്യാസജീവിതത്തെ അവർ സ്വയം പുതുതായി നിർമിച്ചു. അല്ലാഹുവിന്റെ പ്രീതി തേടേണ്ടതിന് വേണ്ടി അവരതു ചെയ്തു എന്നല്ലാതെ, നാം അവർക്കത് നിയമമാക്കിയിട്ടുണ്ടായിരുന്നില്ല. എന്നിട്ട് അവരത് പാലിക്കേണ്ട മുറപ്രകാരം പാലിച്ചതുമില്ല" (ക്വുർആൻ 57:27).

കുമ്പസരിക്കാനും സ്രഷ്ടാവിനോട് സങ്കടം പറയാനുമൊക്കെ ഈ 'ദൈവപ്രതിരൂപങ്ങൾ' വേണമെന്ന വിശ്വാസം ചിന്താശേഷിയില്ലാത്ത സമൂഹങ്ങളെ അത്യധികം സ്വാധീനിച്ചിട്ടുണ്ട്. വിവാഹം കഴിച്ചിട്ടില്ലാത്ത ഇവർ ലൈംഗികവികാരങ്ങളെ ശമിപ്പിക്കാൻ നിയമവിധേയമായ മാർഗങ്ങളില്ലാതെ വരുമ്പോൾ വഴിവിട്ട മാർഗങ്ങളിലേക്ക് കടക്കുന്നു. കൊട്ടിയൂരിൽ ഒരു പെൺകുട്ടിയെ ലൈംഗിക ചൂഷണത്തിന് വിധേയമാക്കിയ ഒരു വൈദികന്റെ കഥ ഈയടുത്താണ് നാം അറിഞ്ഞത്. വൈദികനെ സഹായിക്കാൻ ആശുപത്രി അധികൃതരും വിശുദ്ധിയുടെ മേലാപ്പണിഞ്ഞ കന്യാസ്ത്രീകളും തയ്യാറായി എന്നത് സൂചിപ്പിക്കുന്നത് പൗരോഹിത്യത്തിന്റെ പിന്നാമ്പുറ സ്വാധീനത്തെയാണ്. ബുദ്ധിയുറക്കാത്ത പ്രായത്തിൽ സെമിനാരികളിലും മഠങ്ങളിലും എത്തിച്ചേരുന്ന കൗമാരങ്ങളുടെ എണ്ണം വളരെ വലുതാണ്. മാതാപിതാക്കളുടെ നേർച്ചയും സാമ്പത്തിക പരാധീനതയും മൂലമാണ് സമൂഹത്തിൽ നിന്നും ഭിന്നമായി, പുരോഹിതന്റെ ളോഹയുടെ മറവിൽ മാത്രം ജീവിക്കാൻ ഇവർ വിധിക്കപ്പെടുന്നത്. വൈദികന്മാർക്കും കന്യാസ്ത്രീകൾക്കും സമൂഹത്തിൽ ലഭ്യമാവുന്ന ബഹുമാനവും സ്വാധീനവുമാണ് മിക്ക മാതാപിതാക്കളെയും ഇത്തരത്തിൽ ചിന്തിക്കാൻ പ്രേരിപ്പിക്കുന്നത്. ജീവിതത്തിലെ വിഷമങ്ങളോ കുടുംബ പ്രാരാബ്ധങ്ങളോ ഒന്നുമറിയാതെ സമുദായത്തിന്റെ ചെലവിൽ കൊഴുത്തുവളരുന്ന ഈ പൗരോഹിത്യത്തിന്റെ അതിക്രമങ്ങളെ സഭയുടെ വിശുദ്ധി കാക്കുന്നതിനുവേണ്ടി വളരെക്കാലം പലരും ന്യായീകരിച്ചുവരികയായിരുന്നു. കേരളത്തെ ഞെട്ടിച്ച അഭയ കേസിനു ഇന്നും ഒരു തുമ്പുണ്ടാക്കാൻ സാധിച്ചിട്ടില്ല എന്നത് പൗരോഹിത്യത്തിന്റെ 'വിശുദ്ധി'യുടെ ആഴവും കനവും വ്യക്തമാക്കുന്നതാണ്.

അര നൂറ്റാണ്ടു മുമ്പുണ്ടായ സിസ്റ്റർ മറിയക്കുട്ടി കൊലക്കേസിൽ വധശിക്ഷക്ക് വിധിക്കപ്പെട്ട വൈദികനെ പിന്നീട് വിശുദ്ധനായി പ്രഖ്യാപിക്കാനുള്ള ശ്രമമുണ്ടായി. 1986ലെ പ്രമാദമായ കുണ്ടറയിലെ സിസ്റ്റർ മേരിക്കുട്ടി കൊലക്കേസ് ഇപ്പോഴും തെളിയാതെ കിടക്കുന്നു. 1992ലെ സിസ്റ്റർ അഭയ കേസിന്റെയും സ്ഥിതി ഇതുതന്നെ. 2009ൽ തൃശൂർ തൈക്കാട്ടു

ശേരിയിൽ ഒമ്പത് വയസ്സുകാരി, 2013 ജൂലായിൽ പാലക്കാട് വാളയാറിൽ 17കാരി, 2015ൽ കൊടുങ്ങല്ലൂരിനടുത്ത പുത്തൻവേലിക്കരയിൽ 14കാരിയായ പെൺകുട്ടി... വൈദികർ പ്രതികളായ പീഡനക്കേസുകൾ ധാരാളമാണ്. ഇരകളുടെ ബന്ധുക്കളിൽ നിന്നും ലഭ്യമാകുന്ന വിവരങ്ങൾ പരിശോധിക്കുമ്പോൾ പൗരോഹിത്യം എത്രമാത്രം സാധുജനങ്ങളുടെ മസ്തിഷ്കങ്ങളെ കീഴ്മേൽ മറിച്ചിട്ടുണ്ട് എന്ന് ബോധ്യപ്പെടും. മതത്തിന് പൂർണമായി തങ്ങൾ അടിമപ്പെടുകയും സഭക്ക് എതിരായി നിൽക്കുന്നത് മഹാപാപമാണെന്നു വളരെ നേരത്തെ തന്നെ അവരുടെ മനസ്സിൽ അടിയുറക്കുകയും ചെയ്തുവെന്നാണ് ഇരകളിൽ ചിലരൊക്കെ പറഞ്ഞത്. എല്ലാ കുറ്റകൃത്യങ്ങൾക്കും കാരണം ബ്രഹ്മചര്യമാണെന്ന് വളരെക്കാലം പുരോഹിതന്റെ വേഷം ധരിക്കുകയും പിന്നീട് ആ വേഷം അഴിച്ചുവെക്കുകയും ചെയ്ത ഫാദർ കളപ്പറമ്പിൽ പറഞ്ഞത് ഇതിനോടൊപ്പം നാം വായിക്കേണ്ടതാണ്.

വൈദികർക്കെതിരെ വരുന്ന ലൈംഗിക പീഡന കേസുകൾ സഭകളിൽ തന്നെ ഒതുക്കിത്തീർക്കുന്ന രീതിയാണ് കത്തോലിക്കാ അധികൃതർ ഇക്കാലം വരെ സ്വീകരിച്ചിരുന്നത്. എന്നാൽ കഴിഞ്ഞ സെപ്റ്റംബറിൽ സഭക്കെതിരെ അമേരിക്കയിലുണ്ടായ പ്രതിഷേധം ശക്തമായപ്പോൾ പോപ്പ് തന്നെ രംഗത്തുവന്നു. പൊലീസിന് കേസെടുത്ത് അന്വേഷിക്കാവുന്നതാണെന്ന് അദ്ദേഹം പറഞ്ഞു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി വൈദികന്മാരുടെ പീഡനകഥകൾ പുറത്തുവന്നപ്പോൾ ഇക്കഴിഞ്ഞ പുതുവർഷപ്പിറവിയുടെ സന്ദർഭത്തിലും പോപ്പ് അതിശക്തമായി പ്രതികരിക്കുകയുണ്ടായി. ജനവരി 30നു പുറത്തിറങ്ങിയ ഔട്ട്ലുക്ക് മാഗസിനിൽ കാത്തലിക് ബിഷപ് കോൺഫ്രൻസ് ഓഫ് ഇന്ത്യയുടെ ജനറൽ സിക്രട്ടറി ബിഷപ്പ് തിയോഡോർ മസ്കാറെൻഹാസും സഭകളിലെ ഹീനമായ പ്രവൃത്തികൾക്കെതിരെ പരാമർശിക്കുകയുണ്ടായി. ഈ പ്രതികരണങ്ങൾ കൊണ്ടോ പോലീസ് കേസുകൾ കൊണ്ടോ പ്രശ്നങ്ങൾക്ക് പരിഹാരമാവില്ല. വിവാഹം കഴിക്കാനുള്ള അനുമതി നൽകാതെ, വിശുദ്ധമായ ലൈംഗിക ജീവിതം അനുവദിക്കാതെ ലൈംഗികതയെ അടിച്ചമർത്തുന്നത് ശരിയായ പരിഹാരമാവുകയില്ല എന്ന തിരിച്ചറിവ് എന്ന് സഭക്കുണ്ടാവുന്നുവോ അന്ന് മാത്രമെ യഥാർഥ പരിഹാരത്തിലേക്ക് എത്തിച്ചേരാൻ സാധിക്കൂ.

**കലയുടെയും ആവിഷ്കാരങ്ങളുടെയും പേരിൽ അരങ്ങേറുന്ന അശ്ലീലതകളും നഗ്നതാപ്രദർശനങ്ങളുമാണ് പീഡനങ്ങളിലേക്ക് നയിക്കുന്ന കാരണങ്ങളിൽ മുഖ്യമായ ഇനങ്ങൾ. വിവിധ കലാരൂപങ്ങൾ കച്ചവടവൽക്കരിക്കപ്പെടുകയും സാമ്പത്തികനേട്ടങ്ങൾക്കുള്ള ഉപാധിയായി വ്യാപകമാവുകയും ചെയ്തതോടെ സ്ത്രീ സൗന്ദര്യത്തെയും മാദകത്വത്തെയും ഉപയോഗപ്പെടുത്തി പുരുഷ ലൈംഗികതൃഷ്ണകളെ ഉദ്ദീപിപ്പിച്ചുകൊണ്ട് അതിലൂടെ പണം കൊയ്യുകയാണ് ഈ മേഖലയിൽ പ്രവർത്തിക്കുന്നവരിലധികവും ചെയ്തു കൊണ്ടിരിക്കുന്നത്.**

പ്രവാചകന്മാർ എല്ലാവരും വിവാഹം കഴിച്ചവരായിരുന്നു. സർവമതങ്ങളുടെയും അടിസ്ഥാനപ്രമാണങ്ങളും വിവാഹത്തെ പ്രോത്സാഹിപ്പിക്കുകയും കുടുംബജീവിതം നയിക്കാൻ ആഹ്വനം ചെയ്യുകയും ചെയ്യുന്നു. സന്യാസവും സൂഫിസവും ബ്രഹ്മചര്യവുമെല്ലാം മനുഷ്യനിർമിത സിദ്ധാന്തങ്ങൾ മാത്രമാണ്. പക്ഷേ, വിവാഹത്തിനും പുരോഹിതന്മാരുടെ കാർമികത്വം വേണമെന്ന അവസ്ഥ ഉണ്ടാവുകയും വിവാഹത്തിന്റെ വില ആഭരണശാലകൾ നിശ്ചയിക്കുകയും ചെയ്യുന്ന ദുരവസ്ഥയാണ് വിവാഹമെന്ന അതിലളിതമായി നടക്കേണ്ട കർമത്തെ സങ്കീർണമാക്കുന്നത്. സാമ്പത്തിക പരാധീനതകൾ കാരണം പെൺകുട്ടികളെ കല്യാണം കഴിച്ചയക്കാൻ സാധിക്കാത്ത അമ്മമാരാണ് അവരെ മഠങ്ങളിലേക്കും ആശ്രമങ്ങളിലേക്കും അയക്കുന്നത്. ചുരുക്കത്തിൽ പൗരോഹിത്യവും പ്രമാണിത്വവും സൃഷ്ടിച്ചെടുക്കുന്ന പ്രതിസന്ധികളിൽ നിന്ന് അവർ തന്നെ വിദഗ്ധമായി നേട്ടങ്ങൾ കൊയ്തെടുക്കുന്നു.

കലയുടെയും ആവിഷ്കാരങ്ങളുടെയും പേരിൽ അരങ്ങേറുന്ന അശ്ലീലതകളും നഗ്നതാപ്രദർശനങ്ങളുമാണ് പീഡനങ്ങളിലേക്ക് നയിക്കുന്ന കാരണങ്ങളിൽ മുഖ്യമായ ഇനങ്ങൾ. വിവിധ കലാരൂപങ്ങൾ കച്ചവടവൽക്കരിക്കപ്പെടുകയും സാമ്പത്തികനേട്ടങ്ങൾക്കുള്ള ഉപാധിയായി വ്യാപകമാവുകയും ചെയ്തതോടെ സ്ത്രീ സൗന്ദര്യത്തെയും മാദകത്വത്തെയും ഉപയോഗപ്പെടുത്തി പുരുഷ ലൈംഗികതൃഷ്ണകളെ ഉദ്ദീപിപ്പിച്ചുകൊണ്ട് അതിലൂടെ പണം കൊയ്യുകയാണ് ഈ മേഖലയിൽ പ്രവർത്തിക്കുന്നവരിലധികവും ചെയ്തു കൊണ്ടിരിക്കുന്നത്. ജീവിതത്തിന്റെ നേർരേഖകൾ അവതരിപ്പിക്കുമ്പോൾ അതിലെ നന്മയെയും തിന്മയെയും ദൃശ്യവൽക്കരിക്കേണ്ടി വരുമെന്നും അതുകൊണ്ട് സിനിമകളിൽ നന്മയും തിന്മയുമുണ്ടാകുമെന്ന ന്യായീകരണം പറഞ്ഞുകൊണ്ട് സ്ത്രീയുടെ മാദകത്വവും മേനിയഴകും പുരുഷന്റെ കാമാന്ധതക്ക് മുമ്പിൽ സമർപ്പിക്കുന്ന ദൃശ്യങ്ങൾ യാതൊരു ലജ്ജയുമില്ലാതെ പ്രദർശിപ്പിക്കുന്നവർ സമൂഹത്തിന്റെ സാംസ്കാരിക സുരക്ഷയും കുടുംബ ഭദ്രതയുമാണ് തകർക്കുന്നത്.

**ഒരു കാലത്ത് അഴിമതികളും സ്ത്രീ പീഡനങ്ങളുമൊക്കെ ഇല്ലാതാക്കുന്നതിന് വേണ്ടി ശ്രമിച്ചിരുന്ന മാധ്യമങ്ങൾ ഇന്ന് അഴിമതികളും പീഡനങ്ങളും നിലനിന്നേ മതിയാവൂ എന്ന ശാഠ്യത്തിലാണ്. ഇക്കഴിഞ്ഞ ദിവസങ്ങളിൽ കേരളത്തിലെ ഒരു മന്ത്രിയെ രാജിവെക്കുന്നതിലേക്ക് നയിച്ച സംഭവങ്ങളുടെ ഉള്ളറകൾ പരിശോധിക്കുമ്പോൾ എത്രമാത്രം മലീമസമാണ് നമ്മുടെ മാധ്യമരംഗം എന്ന് ബോധ്യമാവും. കലയെക്കുറിച്ച് പറഞ്ഞ പോലെ തന്നെ മാധ്യമങ്ങളും അശ്ലീലതകൾ പരത്താനും ലൈംഗിക പ്രലോഭനങ്ങൾ സൃഷ്ടിക്കാനും ശ്രമിച്ചുകൊണ്ടിരിക്കുന്നു.**

പത്രധർമം എന്ന പദത്തിന് വലിയ മൂല്യമുണ്ടായിരുന്ന ഒരു കാലഘട്ടം കേരളത്തിൽ കഴിഞ്ഞുപോയിട്ടുണ്ട്. കേരളീയ ജനതക്ക് സാഹിത്യവും സംസ്കാരവും ചിന്തയും പ്രതികരണശേഷിയുമെല്ലാം സമ്മാനിക്കുകയും ഒട്ടധികം പ്രതിഭാധനരായ വ്യക്തിത്വങ്ങളെ സൃഷ്ടിക്കുകയും ചെയ്ത മേഖലയായിരുന്നു പത്രമാധ്യമ രംഗം. ദൃശ്യമാധ്യമങ്ങളും ഇന്റർനെറ്റും കൂടുതൽ സ്വാധീനം നേടിയപ്പോൾ മാധ്യമരംഗം പൊതുവിൽ മലീമസമായിത്തുടങ്ങി. ഒട്ടും ധാർമികയില്ലാതെ 'സെൻസേഷണൽ' വാർത്തകൾക്ക് പിറകെ ഓടുകയും ഇല്ലെങ്കിൽ സ്വന്തമായി വാർത്തകൾ സൃഷ്ടിക്കുകയും ചെയ്യുന്ന അവസ്ഥ വന്നെത്തി. അങ്ങനെ മാതൃകാനുസാരമായ (positive) വാർത്തകൾക്ക് പകരം നിഷേധാത്മകമായ (negative) വാർത്തകൾക്ക് മേൽകൈ ലഭിക്കാൻ തുടങ്ങി. ഒരു കാലത്ത് അഴിമതികളും സ്ത്രീ പീഡനങ്ങളുമൊക്കെ ഇല്ലാതാക്കുന്നതിന് വേണ്ടി ശ്രമിച്ചിരുന്ന മാധ്യമങ്ങൾ ഇന്ന് അഴിമതികളും പീഡനങ്ങളും നിലനിന്നേ മതിയാവൂ എന്ന ശാഠ്യത്തിലാണ്. ഇക്കഴിഞ്ഞ ദിവസങ്ങളിൽ കേരളത്തിലെ ഒരു മന്ത്രിയെ രാജിവെക്കുന്നതിലേക്ക് നയിച്ച സംഭവങ്ങളുടെ ഉള്ളറകൾ പരിശോധിക്കുമ്പോൾ എത്രമാത്രം മലീമസമാണ് നമ്മുടെ മാധ്യമരംഗം എന്ന് ബോധ്യമാവും. കലയെക്കുറിച്ച് പറഞ്ഞ പോലെ തന്നെ മാധ്യമങ്ങളും അശ്ലീലതകൾ പരത്താനും ലൈംഗിക പ്രലോഭനങ്ങൾ സൃഷ്ടിക്കാനും ശ്രമിച്ചുകൊണ്ടിരിക്കുന്നു. പീഡനങ്ങൾക്കെതിരെയും അശ്ലീലതക്കെതിരെയും ചാനലുകളിൽ ഗംഭീര ചർച്ചകൾ നടക്കുമ്പോഴും അശ്ലീലതകൾ മുറ്റി നിൽക്കുന്ന പരസ്യങ്ങൾ 'ഇടവേളകളിൽ' പ്രത്യക്ഷപ്പെടുന്നു.

ഇവിടെ നമുക്ക് ബോധ്യമാവുന്ന ഒരു വസ്തുതയുണ്ട്. ജുഡീഷ്യറിയും എക്സിക്യൂട്ടീവും നിയമപരമായ നടപടികളിലൂടെ നിയന്ത്രണങ്ങൾ കൊണ്ട് വരാൻ ശ്രമിച്ചാൽ തന്നെയും നിയമങ്ങളെ മറികടന്നോ നിയമപാലകരുടെ കണ്ണുവെട്ടിച്ചോ കുറ്റകൃത്യങ്ങളിലേർപ്പെടാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്. അതുകൊണ്ടുതന്നെ കേരളത്തിന്റെ സാംസ്കാരികമനസ്സിനെ നിയന്ത്രിക്കുന്ന സുപ്രധാന സങ്കേതങ്ങളായ മതം, രാഷ്ട്രീയം, കല, മാധ്യമം എന്നിവ ജനങ്ങൾക്ക് ദിശാബോധം നൽകാൻ ആത്മാർഥമായി ശ്രമിച്ചാൽ കുറെയേറെ ലൈംഗികചൂഷണങ്ങളെ നിയന്ത്രിക്കാൻ സാധിക്കും. മതത്തെ പൗരോഹിത്യമുക്തമാക്കുകയും ആരാധനകൾ സ്വന്തത്തെയും പ്രായോഗികജീവിതത്തെയും വിമലീകരിക്കാനുള്ളതാണെന്ന യാഥാർഥ്യം ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കാൻ പണ്ഡിതരും മതത്തെ കൈകാര്യം ചെയ്യുന്നവരും ശ്രമിക്കുകയും വേണം. സ്ത്രീകളുടെ സംരക്ഷകരായി ജീവിക്കാൻ പുരുഷന്മാരെ ഉപദേശിക്കേണ്ട ബാധ്യത മതനേതൃത്വങ്ങൾക്കുണ്ട്. പീഡനങ്ങൾക്കിരയാവുന്ന അവസ്ഥകൾ ഇല്ലാതാക്കാനുള്ള സാമൂഹിക സാഹചര്യങ്ങൾ ഒരുക്കാനും പീഡിതർക്ക് നിയമപരിരക്ഷ നൽകാനും പീഡകർക്കെതിരെ ശക്തമായ നിലപാടെടുക്കാനുമുള്ള ഇച്ഛാശക്തി രാഷ്ട്രീയ നേതൃത്വങ്ങൾക്കുണ്ടാവണം. മതവും രാഷ്ട്രീയവും കൈകാര്യം ചെയ്യുന്നവരുടെ വിശ്വാസ്യത നഷ്ടപ്പെട്ടാലുണ്ടാവുന്ന സ്ഥിതിവിശേഷം അതീവഗുരുതരമായിരിക്കും. കലാപ്രവർത്തകരും മാധ്യമങ്ങളും പുനർവിചിന്തനത്തിനു വിധേയമാവണം. കണ്ടതും കേട്ടതുമെല്ലാം സമൂഹത്തിൽ പ്രചരിപ്പിക്കുമ്പോൾ സമൂഹത്തിലുണ്ടാവുന്ന അലയൊലികളെക്കുറിച്ച് കൃത്യമായ ബോധ്യമുണ്ടാവേണ്ടതുണ്ട്.

അച്ചടക്കപൂർണമായ ജീവിതത്തിന് കൃത്യമായ ദൈവബോധവും നിതാന്തമായ ജാഗ്രതയും അനിവാര്യമാണ്. മനസ്സുകളിൽ ദൈവഭയം നിറച്ചും കണ്ണുകളെ താഴ്ത്തിയും അവയവങ്ങളെയെല്ലാം നിയന്ത്രിച്ചും ജീവിക്കാൻ പരിശീലിക്കണം. ശരീരത്തെയും ശരീരത്തിലെ നിമ്നോന്നതികളെയും കാമക്കണ്ണുകളിൽ നിന്നും ക്യാമറക്കണ്ണുകളിൽ നിന്നും സംരക്ഷിക്കാൻ ആവശ്യമായ വസ്ത്രരീതികൾ സ്ത്രീകൾ ശീലിക്കണം. കുടുംബങ്ങളെ 'ചിലന്തിവല'കളിൽ നിന്നും സംരക്ഷിച്ച് അവിടങ്ങളിൽ ദൈവസ്മരണയും സദാചാരബോധവും ധാർമികതയും സ്ഥാപിക്കുവാൻ രക്ഷിതാക്കൾക്കാവണം. കൗമാരത്തെയും യൗവനത്തെയും സക്രിയമാക്കി വയോധികർക്കും വീട്ടുകാർക്കും നാട്ടുകാർക്കും ഉപകാരമുള്ളതാക്കി മാറ്റാൻ ചെറുപ്പക്കാർക്ക് സാധിക്കണം. ഈ അവസ്ഥകളെ പ്രോത്സാഹിപ്പിക്കാൻ മുതിർന്ന പൗരന്മാർക്കും ഭരണസംവിധാനങ്ങൾക്കും നിയമപാലകർക്കും നീതിപീഠങ്ങളിലിരിക്കുന്നവർക്കും കഴിയണം. എങ്കിൽ കേരളത്തെ ഒരു 'പീഡനമുക്ത' സംസ്ഥാനമാക്കി മാറ്റാൻ സാധിക്കും. ●

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com

ലേഖനം



# യഹൂദികൾ
## പ്രമാണങ്ങളുടെ വെളിച്ചത്തിൽ

**ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും ബദ്ധവൈരികളായി എന്നും പ്രവർത്തിച്ച് പോന്നവരും ഇന്നും പ്രവർത്തിച്ച് കൊണ്ടിരിക്കുന്നവരുമാണ് ജൂതന്മാർ. അവരുടെ സ്വഭാവ സങ്കീർണതകൾ മുസ്‌ലിം സമൂഹത്തിൽ ആവർത്തിക്കാതിരിക്കാൻ അവരെക്കുറിച്ച് വിശുദ്ധ ക്വുർആൻ സവിസ്തരം വിശദീകരിക്കുന്നുണ്ട്. പ്രസ്തുത സൂക്തങ്ങളെ പഠനവിധേയമാക്കുന്ന രചന.**

ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും ബദ്ധവൈരികളായി എന്നും പ്രവർത്തിച്ച് പോന്നവരും ഇന്നും പ്രവർത്തിച്ച് കൊണ്ടിരിക്കുന്നവരുമാണ് ജൂതന്മാർ. അവരുടെ സ്വഭാവ സങ്കീർണതകൾ മുസ്‌ലിം സമൂഹത്തിൽ ആവർത്തിക്കാതിരിക്കാൻ വിശുദ്ധ ക്വുർആൻ അവരെക്കുറിച്ച് സവിസ്തരം വിശദീകരിക്കുന്നുണ്ട്.

മുസ്‌ലിംകളോട് ശത്രുത കാണിച്ച മറ്റൊരു സമൂഹം ജൂതൻമാരെപ്പോലെ കഴിഞ്ഞ് പോയിട്ടില്ല:

“ജനങ്ങളിൽ സത്യവിശ്വാസികളോട് ഏറ്റവും കടുത്ത ശത്രുതയുള്ളവർ യഹൂദരും, ബഹുദൈവാരാധകരുമാണ് എന്ന് തീർച്ചയായും നിനക്ക് കാണാം...” (അൽമാഇദ:82).

സമ്പത്തും അധികാരവും ഉപയോഗപ്പെടുത്തി എന്നും ഇസ്‌ലാമിന്റെ പ്രകാശകിരണങ്ങളെ ഊതിക്കെടുത്താനാണ് അവർ ശ്രമിച്ചിട്ടുള്ളത്. തങ്ങളുടെ നിലനിൽപിന്റെയും ഭൗതിക ലാഭങ്ങളുടെയും ഭാഗമായിരുന്നു അത്.

“അവരുടെ വായ കൊണ്ട് അല്ലാഹുവിന്റെ പ്രകാശം കെടുത്തിക്കളയാമെന്ന് അവർ ആഗ്രഹിക്കുന്നു. അല്ലാഹുവാകട്ടെ തന്റെ പ്രകാശം പൂർണമാ

ക്കാതെ സമ്മതിക്കുകയില്ല. സത്യനിഷേധികൾക്ക് അത് അനിഷ്ടകരമായാലും" (തൗബ:32).

പ്രവാചകന്മാരോട് ധിക്കാരം കാണിച്ച്, അമിതമായ ചോദ്യങ്ങളുന്നയിച്ച് ദൈവികനിയമങ്ങളെ മറികടക്കാൻ ശ്രമിച്ചവരാണ് അവർ:

"അല്ലാഹു നിങ്ങളോട് ഒരു പശുവിനെ അറുക്കുവാൻ കൽപിക്കുന്നു എന്ന് മൂസാ തന്റെ ജനതയോട് പറഞ്ഞ സന്ദർഭം (ശ്രദ്ധിക്കുക അവർ പറഞ്ഞു: താങ്കൾ ഞങ്ങളെ പരിഹസിക്കുകയാണോ? അദ്ദേഹം (മൂസാ) പറഞ്ഞു: ഞാൻ വിവരംകെട്ടവരിൽ പെട്ടുപോകാതിരിക്കാൻ അല്ലാഹുവിൽ അഭയം പ്രാപിക്കുന്നു. (അപ്പോൾ) അവർ പറഞ്ഞു: അത് (പശു) ഏത് തരമായിരിക്കണമെന്ന് ഞങ്ങൾക്ക് വിശദീകരിച്ചു തരാൻ ഞങ്ങൾക്ക് വേണ്ടി താങ്കളുടെ രക്ഷിതാവിനോട് പ്രാർഥിക്കണം. മൂസാ പറഞ്ഞു: പ്രായം വളരെ കൂടിയതോ വളരെ കുറഞ്ഞതോ അല്ലാത്ത ഇടപ്രായത്തിലുള്ള ഒരു പശുവായിരിക്കണം അതെന്നാണ് അവൻ (അല്ലാഹു) പറയുന്നത്. അതിനാൽ കൽപിക്കപ്പെടുന്ന പ്രകാരം നിങ്ങൾ പ്രവർത്തിക്കുക. അവർ പറഞ്ഞു: അതിന്റെ നിറമെന്തായിരിക്കണമെന്ന് ഞങ്ങൾക്ക് വിശദീകരിച്ചുതരുവാൻ ഞങ്ങൾക്ക് വേണ്ടി താങ്കൾ താങ്കളുടെ രക്ഷിതാവിനോട് പ്രാർഥിക്കണം. മൂസാ പറഞ്ഞു: കാണികൾക്ക് കൗതുകം തോന്നിക്കുന്ന, തെളിഞ്ഞ മഞ്ഞനിറമുള്ള ഒരു പശുവായിരിക്കണം അതെന്നാണ് അവൻ (അല്ലാഹു) പറയുന്നത്. അവർ പറഞ്ഞു: അത് ഏത് തരമാണെന്ന് ഞങ്ങൾക്ക് വ്യക്തമാക്കിത്തരാൻ നിന്റെ രക്ഷിതാവിനോട് ഞങ്ങൾക്ക് വേണ്ടി പ്രാർഥിക്കുക. തീർച്ചയായും പശുക്കൾ പരസ്പരം സാദൃശ്യമുള്ളതായി ഞങ്ങൾക്ക് തോന്നുന്നു. അല്ലാഹു ഉദ്ദേശിച്ചാൽ അവന്റെ മാർഗനിർദേശപ്രകാരം തീർച്ചയായും ഞങ്ങൾ പ്രവർത്തിക്കാം. (അപ്പോൾ) മൂസാ പറഞ്ഞു: നിലം ഉഴുതുവാനോ വിള നനയ്ക്കുവാനോ ഉപയോഗപ്പെടുത്തുന്നതല്ലാത്ത, പാടുകളൊന്നുമില്ലാത്ത അവികലമായ ഒരു പശുവായിരിക്കണം അതെന്നാണ് അല്ലാഹു പറയുന്നത്. അവർ പറഞ്ഞു: ഇപ്പോഴാണ് താങ്കൾ ശരിയായ വിവരം വെളിപ്പെടുത്തിയത്. അങ്ങനെ അവർ അതിനെ അറുത്തു. അവർക്കത് നിറവേറ്റുക എളുപ്പമായിരുന്നില്ല" (അൽബക്വറ: 67-71).

മനുഷ്യകുലത്തിനു മാർഗനിർദേശരേഖയായി അല്ലാഹു അവതരിപ്പിക്കുന്നവയാണ് വേദഗ്രന്ഥങ്ങൾ. അതിൽപോലും കൃത്രിമം കാണിക്കുന്നതിൽ ആസ്വാദനം കണ്ടെത്തി ഇവർ. വേദഗ്രന്ഥങ്ങൾ തങ്ങളുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ച് തിരുത്തുകയും ചെയ്തു ഇക്കൂട്ടർ.



"(സത്യവിശ്വാസികളേ), നിങ്ങളെ അവർ (യഹൂദർ) വിശ്വസിക്കുമെന്ന് നിങ്ങൾ മോഹിക്കുകയാണോ? അവരിൽ ഒരു വിഭാഗം അല്ലാഹുവിന്റെ വചനങ്ങൾ കേൾക്കുകയും അത് ശരിക്കും മനസ്സിലാക്കിയതിന് ശേഷം ബോധപൂർവം തന്നെ അതിൽ കൃത്രിമം കാണിച്ചുകൊണ്ടിരിക്കുകയുമാണല്ലോ"(അൽബക്വറ:75).

പരലോകവും മരണാനന്തരജീവിതവും മറന്ന് ഭൗതികജീവിതം മാത്രം ലക്ഷ്യമാക്കി അവർ ജീവിച്ചു:

"തീർച്ചയായും ജനങ്ങളിൽ വെച്ച് ജീവിതത്തോട് ഏറ്റവും ആർത്തിയുള്ളവരായി അവരെ (യഹൂദരെ) നിനക്ക് കാണാം; ബഹുദൈവവിശ്വാസികളെക്കാൾ പോലും. അവരിൽ ഓരോരുത്തരും കൊതിക്കുന്നത് തനിക്ക് ആയിരം കൊല്ലത്തെ ആയുസ്സ് കിട്ടിയിരുന്നെങ്കിൽ എന്നാണ്. ഒരാൾക്ക് ദീർഘായുസ്സ് ലഭിക്കുക എന്നത് അയാളെ ദൈവിക ശിക്ഷയിൽ നിന്ന് അകറ്റിക്കളയുന്ന കാര്യമല്ല. അവർ പ്രവർത്തിക്കുന്നതെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു അല്ലാഹു" (അൽബക്വറ: 96).

ഹലാലും ഹറാമും അല്ലാഹുവിന്റെ ഭാഗത്തുനിന്നുള്ള വേർതിരിവാണ്. പക്ഷേ, അത്തരം നിയമങ്ങൾക്ക് ഒരു വിലയും കൽപിക്കാതെ താന്തോന്നികളായി അവർ ജീവിച്ചു:

"കള്ളം ചെവിയോർത്ത് കേൾക്കുന്നവരും, നിഷിദ്ധമായ സമ്പാദ്യം ധാരാളം തിന്നുന്നവരുമത്രെ അവർ..." (അൽമാഇദ: 42).

അധാർമികതയുടെ സകലമേഖലകളിലും അവർ എത്തിച്ചേർന്നു. ചതിയും വഞ്ചനയും അവരുടെ കൂടെപ്പിറപ്പു പോലെയായി. നബിﷺക്ക് മാംസത്തിൽ വിഷം പുരട്ടി കൊല്ലാൻ ശ്രമിച്ച സ്ത്രീയുടെ ഉദാഹരണം അതിൽ ഒന്നുമാത്രം.(അബൂദാവൂദ്).

തിന്മയുടെ ആധിക്യത്താൽ അവരുടെ ഹൃദയം കടുത്തുപോയി. നന്മ കയറാത്ത വിധം ആ ഹൃദയങ്ങൾ കറുത്തുപോയി:

“അങ്ങനെ അവർ കരാർ ലംഘിച്ചതിന്റെ ഫലമായി നാം അവരെ ശപിക്കുകയും, അവരുടെ മനസ്സുകളെ നാം കടുത്തതാക്കിത്തീർക്കുകയും ചെയ്തു. വേദവാക്യങ്ങളെ അവയുടെ സ്ഥാനങ്ങളിൽ നിന്ന് അവർ തെറ്റിക്കുന്നു. അവർക്ക് ഉൽബോധനം നൽകപ്പെട്ടതിൽ ഒരു ഭാഗം അവർ മറന്നുകളയുകയും ചെയ്തു. അവർ– അൽപം ചിലരൊഴികെ – നടത്തിക്കൊണ്ടിരിക്കുന്ന വഞ്ചന (മേലിലും) നീ കണ്ടുകൊണ്ടിരിക്കും...” (അൽമാഇദ:13).

അഹങ്കരിക്കുകയും പൊങ്ങച്ചം കാണിക്കുകയും ചെയ്തുകൊണ്ട് മറ്റുള്ളവരെയെല്ലാം നിസ്സാരന്മാരും തങ്ങളെ കേമന്മാരുമായി ചിത്രീകരിച്ച് സ്വന്തത്തെ നാശത്തിന്റെ ഗർത്തത്തിലേക്കവർ എത്തിച്ചു:

“ഒരു സ്വർണക്കൂമ്പാരം തന്നെ വിശ്വസിച്ചേൽപിച്ചാലും അത് നിനക്ക് തിരിച്ചുനൽകുന്ന ചിലർ വേദക്കാരിലുണ്ട്. അവരിൽ തന്നെ മറ്റൊരു തരക്കാരുമുണ്ട്. അവരെ ഒരു ദീനാർ നീ വിശ്വസിച്ചേൽപിച്ചാൽ പോലും നിരന്തരം (ചോദിച്ചുകൊണ്ട്) നിന്നെങ്കിലല്ലാതെ അവരത് നിനക്ക് തിരിച്ചുതരികയില്ല. അക്ഷരജ്ഞാനമില്ലാത്ത ആളുകളുടെ കാര്യത്തിൽ (അവരെ വഞ്ചിക്കുന്നതിൽ) ഞങ്ങൾക്ക് കുറ്റമുണ്ടാകാൻ വഴിയില്ലെന്ന് അവർ പറഞ്ഞതിനാലത്രെ അത്. അവർ അല്ലാഹുവിന്റെ പേരിൽ അറിഞ്ഞ് കൊണ്ട്കള്ളം പറയുകയാകുന്നു” (ആലുഇംറാൻ: 75).

തങ്ങൾക്കിഷ്ടമില്ലാത്തവരെയൊക്കെ ചീത്ത പറയുകയും അവർക്കെതിരെ ആരോപണങ്ങൾ കെട്ടിച്ചമക്കുകയും ചെയ്തു. മർയം ബീവിയെപ്പോലും അവർ വെറുതെ വിട്ടില്ല:

“അനന്തരം അവനെ(കുട്ടിയെ)യും വഹിച്ചുകൊണ്ട് അവൾ തന്റെ ആളുകളുടെ അടുത്ത് ചെന്നു. അവർ പറഞ്ഞു: മർയമേ, ആക്ഷേപകരമായ ഒരു കാര്യം തന്നെയാകുന്നു നീ ചെയ്തിരിക്കുന്നത്...” (മർയം: 27,28). സൂറത്തുന്നിസാഅ് 156–ാം വചനത്തിലും അല്ലാഹു ഇക്കാര്യം പറയുന്നുണ്ട്.

ലോകത്ത് പലരും ചെയ്യാൻ പേടിച്ച കാര്യമായിരുന്നു അല്ലാഹു നിയോഗിച്ച അമ്പിയാക്കളെ കൊലചെയ്യുക എന്നത്. പക്ഷേ, ജൂതന്മാരെ സംബന്ധിച്ചിടത്തോളം നിസ്സാരമായ കാര്യമായിരുന്നു അത്.

“...(ഇത്തരം ദുർവാശികൾ കാരണമായി) അവരുടെ മേൽ നിന്ദ്യതയും പതിത്വവും അടിച്ചേൽപിക്കപ്പെടുകയും, അവർ അല്ലാഹുവിന്റെ കോപത്തിന് പാത്രമായിത്തീരുകയും ചെയ്തു. അവർ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയും, പ്രവാചകൻമാരെ അന്യായമായി കൊലപ്പെടുത്തുകയും ചെയ്തതിന്റെ ഫലമായിട്ടാണത് സംഭവിച്ചത്. അവർ ധിക്കാരം കാണിക്കുകയും, അതിക്രമം പ്രവർത്തിക്കുകയും ചെയ്തതിന്റെ ഫലമായാണത് സംഭവിച്ചത്”(അൽബക്വറ:61).



സത്യസന്ധത, കരാർ പാലനം തുടങ്ങിയ മാനുഷിക ഗുണങ്ങളിൽ വളരെ പിറകിലായിരുന്നു അവർ. അല്ലാഹുവോടുള്ള കരാർ ലംഘിക്കുന്നതിലും അവർക്ക് പ്രയാസമൊന്നും തോന്നിയില്ല:

“അവർ (യഹൂദർ) ഏതൊരു കരാർ ചെയ്തു കഴിയുമ്പോഴും അവരിൽ ഒരു വിഭാഗം അത് വലിച്ചെറിയുകയാണോ? തന്നെയുമല്ല, അവരിൽ അധികപേർക്കും വിശ്വാസം തന്നെയില്ല”(അൽബക്വറ:100).

അടിസ്ഥാനവും ആദർശവും കൈവെടിഞ്ഞത് കൊണ്ട് തമ്മിൽ തമ്മിൽ കലഹിച്ചും ഭിന്നിച്ചും കക്ഷികളായി പിരിഞ്ഞാണ് അവർ ജീവിച്ചത്:

“വ്യക്തമായ തെളിവുകൾ വന്നുകിട്ടിയതിന് ശേഷം പല കക്ഷികളായി പിരിഞ്ഞ് ഭിന്നിച്ചവരെപ്പോലെ നിങ്ങളാകരുത്. അവർക്കാണ് കനത്ത ശിക്ഷയുള്ളത്” (ആലുഇംറാൻ:105).

അല്ലാഹുവിനെ പോലും ഇവർ വെറുതെ വിട്ടില്ല. ഉസൈർ അല്ലാഹുവിന്റെ പുത്രനാണെന്ന് അവർ ആരോപിച്ചു:

“ഉസൈർ (എസ്രാ പ്രവാചകൻ) ദൈവപുത്രനാണെന്ന് യഹൂദന്മാർ പറഞ്ഞു...” (അത്തൗബ: 30).

അല്ലാഹു പിശുക്കനാണെന്ന് (അല്ലാഹുവിൽ ശരണം) പോലും അവർ പറഞ്ഞു:

“അല്ലാഹുവിന്റെ കൈകൾ ബന്ധിക്കപ്പെട്ടിരിക്കുകയാണ് എന്ന് യഹൂദന്മാർ പറഞ്ഞു അവരുടെ കൈകൾ

ബന്ധിതമാകട്ടെ. അവർ പറഞ്ഞ വാക്ക് കാരണം അവർ ശപിക്കപ്പെട്ടിരിക്കുന്നു. അല്ല, അവന്റെ ഇരു കൈകളും നിവർത്തപ്പെട്ടവയാകുന്നു. അവൻ എങ്ങനെ ഉദ്ദേശിക്കുന്നുവോ അങ്ങനെ ചെലവഴിക്കുന്നു...'' (അൽമാഇദ: 64).

അല്ലാഹു ദരിദ്രനാണെന്നും അവർ പറഞ്ഞു:

''അല്ലാഹു ദരിദ്രനും നമ്മൾ ധനികരുമാണ് എന്ന് പറഞ്ഞവരുടെ വാക്ക് അല്ലാഹു തീർച്ചയായും കേട്ടിട്ടുണ്ട്. അവർ ആ പറഞ്ഞതും അവർ പ്രവാചകൻമാരെ അന്യായമായി കൊലപ്പെടുത്തിയതും നാം രേഖപ്പെടുത്തി വെക്കുന്നതാണ്. കത്തിയെരിയുന്ന നരകശിക്ഷ ആസ്വദിച്ചു കൊള്ളുക എന്ന് നാം (അവരോട്) പറയുകയും ചെയ്യും'' (ആലുഇംറാൻ:181).

നബിﷺയോടും അനാദരവിന്റെ സ്വഭാവം തന്നെയാണവർ കാണിച്ചത്. അസ്സലാമുഅലൈകും എന്ന് പറയുന്ന പോലെ 'അസ്സാമു അലൈകും' എന്നവർ നബിﷺയോട് പറയാറുണ്ടായിരുന്നു. നിങ്ങൾ നശിക്കട്ടെ, തുലയട്ടെ എന്നൊക്കെയാണതിന്റെ അർഥം.

സമൂഹത്തിൽ തിന്മ നടമാടുമ്പോൾ അതിനെതിരെ പ്രതികരിക്കലും നന്മയിലേക്ക് നയിക്കലും വിശ്വാസിയുടെ ബാധ്യതയാണ്. തിന്മകളെ ന്യായീകരിച്ച് മതപണ്ഡിതന്മാരും അതിന് കൂട്ടുനിന്നാലോ? സമൂഹത്തിന്റെ ധാർമിക തകർച്ചക്കുള്ള അടിസ്ഥാന കാരണമായി മാറും അത്.

''ഇസ്റാഈൽ സന്തതികളിലെ സത്യനിഷേധികൾ ദാവൂദിന്റെയും മർയമിന്റെ മകൻ ഈസായുടെയും നാവിലൂടെ ശപിക്കപ്പെട്ടിരിക്കുന്നു. അവർ അനുസരണക്കേട് കാണിക്കുകയും, അതിക്രമം കൈക്കൊള്ളുകയും ചെയ്തതിന്റെ ഫലമത്രെ അത്. അവർ ചെയ്തിരുന്ന ദുരാചാരത്തെ അവർ അന്യോന്യം തടയുമായിരുന്നില്ല. അവർ ചെയ്ത് കൊണ്ടിരുന്നത് വളരെ ചീത്ത തന്നെ'' (അൽമാഇദ:78,79).

തിന്മകളുടെ അങ്ങേയറ്റത്ത് എത്തിയതിനാൽ ലജ്ജ എന്ന സൽസ്വഭാവവും അവർക്കില്ലാതെയായി. പരസ്പരം കാണുന്ന വിധം നഗ്നരായിക്കൊണ്ടായിരുന്നു അവർ കുളിച്ചിരുന്നത്. (ബുഖാരി:274, മുസ്‌ലിം 339).

വേദഗ്രന്ഥങ്ങളിലെ സത്യങ്ങൾ പൊതുജനങ്ങളിൽ നിന്ന് മൂടിവെച്ചു:

''വേദക്കാരേ, നിങ്ങളെന്തിനാണ് സത്യത്തെ അസത്യവുമായി കൂട്ടികലർത്തുകയും, അറിഞ്ഞുകൊണ്ട്സത്യം മറച്ചു വെക്കുകയും ചെയ്യുന്നത്?'' (ആലുഇംറാൻ:71).

സ്വന്തം ഇഛകളെ പിൻപറ്റി. മതനിയമങ്ങൾക്ക് ഒരു വിലയും നൽകിയില്ല. പ്രമാണങ്ങളെ വളച്ചൊടിക്കുകയും സ്വയം വചനങ്ങൾ കെട്ടിച്ചമച്ച് അല്ലാഹുവിലേക്ക് ചേർത്തു പറയുകയും ചെയ്തു:

''വേദഗ്രന്ഥത്തിലെ വാചകശൈലികൾ വളച്ചൊടിക്കുന്ന ചിലരും അവരുടെ കൂട്ടത്തിലുണ്ട്. അത് വേദഗ്രന്ഥത്തിൽ പെട്ടതാണെന്ന് നിങ്ങൾ ധരിക്കുവാൻ വേണ്ടിയാണത്. അത് വേദഗ്രന്ഥത്തിലുള്ളതല്ല. അവർ പറയും; അത് അല്ലാഹുവിന്റെ പക്കൽ നിന്നുള്ളതാണെന്ന്. എന്നാൽ അത് അല്ലാഹുവിങ്കൽ നിന്നുള്ളതല്ല. അവർ അറിഞ്ഞുകൊണ്ട് അല്ലാഹുവിന്റെ പേരിൽ കള്ളം പറയുകയാണ്'' (ആലുഇംറാൻ :78).

ഇത്തരം ദുഷിച്ച സ്വഭാവങ്ങൾ ഇവരിലുള്ള കാരണത്താൽ ഇവരെ വിട്ടുനിൽക്കാനും ഇവരുടെ സ്വഭാവങ്ങൾ വർജിക്കാനും അല്ലാഹുവും റസൂലും നമ്മോടാവശ്യപ്പെടുന്നു. ചിലകാര്യങ്ങൾ ഇവിടെ സൂചിപ്പിക്കാം:

1. ജൂതന്മാരെ ആത്മമിത്രങ്ങളായി സ്വീകരിക്കരുത്: (അൽമാഇദ:51).

2. ജൂതന്മാരെപ്പോലെ ഭിന്നിക്കരുത് (ആലുഇംറാൻ:105).

3. ക്വബ്ർകെട്ടിപ്പൊക്കരുത്. നബിﷺ പറഞ്ഞു: ''ജൂതക്രൈസ്തവരിൽ അല്ലാഹുവിന്റെ ശാപമുണ്ടാകട്ടെ. പ്രവാചകന്മാരുടെ ക്വബ്റുകളെ അവർ സുജൂദിന്റെ കേന്ദ്രങ്ങളാക്കി മാറ്റി'' (ബുഖാരി: 425, മുസ്‌ലിം: 531).

4. 'നരച്ച മുടിക്ക് ചായം കൊടുക്കുക. ജൂതക്രൈസ്തവർ ചായം കൊടുക്കാറില്ല. നിങ്ങൾ അവർക്കെതിരാകണം' (ബുഖാരി: 3275).

5. 'അത്താഴം കഴിക്കുക. നമ്മുടെ നോമ്പും വേദക്കാരുടെ നോമ്പും തമ്മിലുള്ള വ്യത്യാസം അത്താഴം കഴിക്കലാണ്' (മുസ്‌ലിം: 1096).

6. നോമ്പെടുക്കുക. ജൂതൻമാർ മുഹർറം പത്തിനു നോമ്പെടുക്കുന്നു. നാം അതിന് മുമ്പോ ശേഷമോ ഒരു ദിവസം വർധിപ്പിച്ച് നോമ്പെടുക്കണം.

7. നോമ്പുതുറക്കാൻ ധൃതി കാണിക്കുക. ജൂതൻമാരും ക്രിസ്ത്യാനികളും വൈകി നോമ്പുതുറക്കുന്നു. നിങ്ങൾ ധൃതി കാണിക്കണം. (സ്വഹീഹുത്തർഗീബി വത്തർഹീബ്: 1078).


8. ആർത്തവകാരികളുമായുള്ള സമീപനം. ജൂതൻമാരിലെ സ്ത്രീകൾ ആർത്തവകാരികളായാൽ പുരുഷന്മാർ അവരോടൊപ്പം ഭക്ഷിക്കുകയോ ഒന്നിച്ച് കിടക്കുകയോ ചെയ്യാറില്ല. നബിﷺ പറഞ്ഞു: 'ലൈംഗിക ബന്ധമല്ലാത്ത എല്ലാം നിങ്ങൾ ചെയ്തുകൊള്ളുക' (അബൂദാവൂദ്).

9. ജൂത ക്രൈസ്തവരെപോലെ പള്ളികൾ അലങ്കരിക്കരുത് (അബൂദാവൂദ്).

10. നിർബന്ധ നോമ്പുകളല്ലാത്തവ ശനിയാഴ്ചകളിൽ മാത്രമായി നിങ്ങൾ എടുക്കരുത്. (തുർമുദി)

11. ഇടതുവശത്തേക്ക് ചെരിഞ്ഞ് കൈകുത്തി ഇരിക്കരുത് (അബൂദാവൂദ്). ●

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com



# അലിവുള്ള ഹൃദയം

**വൈ**കുന്നേരം സ്കൂളിൽനിന്നും മടങ്ങിയെത്തിയപ്പോൾ സലീമിന്റെ മുഖം വാടിയിരുന്നു. ഉമ്മ ഭക്ഷണത്തിനു വിളിച്ചപ്പോൾ അവൻ പറഞ്ഞു:

"എനിക്കു വേണ്ട ഉമ്മാ..."

"എന്തുപറ്റി മോനേ നിനക്ക്, പനിക്കുന്നുണ്ടോ?"- ഉമ്മ അവനെ തൊട്ടുനോക്കി.

"എനിക്ക് പനിയും തലവേദനയുമൊന്നുമില്ലുമ്മാ."

"പിന്നെ എന്തുപറ്റി നിനക്ക്? എന്താ ഭക്ഷണം വേണ്ടെന്നു പറഞ്ഞത്? സാധാരണ സ്കൂളിൽനിന്നു വരാറുള്ളത് നല്ല വിശപ്പോടെയാണല്ലോ!"

"എന്റെ കൂട്ടുകാരൻ സുബൈർ ഇന്ന് സ്കൂളിൽ വന്നില്ല. അവൻ സുഖമില്ലാതെ കിടപ്പിലാണത്രെ."

"കഷ്ടം! അവന്റെ അസുഖം അല്ലാഹു മാറ്റിക്കൊടുക്കട്ടെ. പക്ഷേ, അതിന് നീയിങ്ങനെ വിഷമിച്ചിരുന്നിട്ടെന്തുകാര്യം?"

"എനിക്ക് അവനെയൊന്നു സന്ദർശിക്കണം. രോഗിയെ സന്ദർശിക്കൽ മുസ്ലിംകൾ തമ്മിലുള്ള ബാധ്യതകളിൽപെട്ട ഒന്നാല്ലോ. ഉമ്മ അതിന് അനുവാദം തരുമോ?"

"വളരെ നല്ലകാര്യം! എങ്കിൽ മോൻ വേഗം പോയി വാ. ഇരുട്ടുംമുമ്പ് ഇങ്ങ് തിരിച്ചെത്തണം."

സലീമിന്റെ മുഖം പ്രസന്നമായി. അവൻ സലാം പറഞ്ഞ് മുറ്റത്തിറങ്ങിയപ്പോൾ ഉമ്മ പറഞ്ഞു:

"സലീം! അവിടെ നിൽക്ക്."

അവൻ നിന്നു. ഉമ്മ ഒരു നൂറുരൂപ നോട്ട് അവന്റെ കയ്യിൽ കൊടുത്തുകൊണ്ട് പറഞ്ഞു:

"വെറും കയ്യോടെ പോകേണ്ട. അവന് ഇഷ്ടമുള്ള പഴമോ മറ്റോ വാങ്ങിക്കൊടുക്ക്."

സലീം കാശുവാങ്ങി കീശയിലിട്ട് നടന്നു. നടക്കവെ അവൻ ഓർത്തു. സുബൈർ പാവപ്പെട്ട കുടുംബത്തിലെ കുട്ടിയാണ്. നല്ലവണ്ണം പഠിക്കും. സ്കൂളിലും മദ്റസയിലും അവനും താനും അടുത്തടുത്താണിരിക്കുന്നത്. ഓറഞ്ച് അവനു വലിയ ഇഷ്ടമാണ്. ഈ കാശിന് ഓറഞ്ചു വാങ്ങാം. അല്ലെങ്കിൽ പഴമൊന്നും വാങ്ങാതിരുന്നാലോ? മരുന്നിനൊക്കെ ഒരുപാട് കാശ് വേണ്ടിവരില്ലേ? കാശ് കൊടുത്താൽ അതായിരിക്കില്ലേ അവന് കൂടുതൽ ഉപകാരപ്രദം? കഴിഞ്ഞ ആഴ്ചയാണ് രോഗികളെ സന്ദർശിക്കൽ പുണ്യകരമാണെന്നും മുസ്ലിംകൾ തമ്മിലുള്ള ബാധ്യതയിൽ പെട്ടതാണെന്നുമൊക്കെ മദ്റസയിൽനിന്ന് പഠിച്ചത്. തനിക്ക് കൂട്ടുകാരനെ കാണുകയും ചെയ്യാം; പടച്ചവൻ അതിന് പ്രതിഫലവും നൽകും.

സുബൈറിന്റെ വീട്ടിലെത്തിയപ്പോൾ സലീം കതകിൽ മുട്ടി.

"ആരാ?"- അകത്തുനിന്നും സുബൈറിന്റെ ഉമ്മ.

"ഞാൻ സലീം. സുബൈറിന്റെ കൂട്ടുകാരൻ"- ഒരു വീട്ടിൽ ചെല്ലുമ്പോൾ അകത്തുള്ളവർ ആരാണെന്നു ചോദിച്ചാൽ വ്യക്തമായി പേരുപറയണമെന്ന ഇസ്ലാമിക മര്യാദ ഓർമയുള്ളതുകൊണ്ട് സലീം തന്നെ പരിചയപ്പെടുത്തി.

സുബൈറിന്റെ ഉമ്മ കതകു തുറന്നു.

"അസ്സലാമു അലൈക്കും" -അകത്തേക്കു പ്രവേശിക്കവെ സലീം സലാം പറഞ്ഞു.

"വ അലൈക്കുമുസ്സലാം" -കിടക്കുകയായിരുന്ന സുബൈറും ഉമ്മയും ഒപ്പമാണ് സലാം മടക്കിയത്.

"വാ മോനേ, കേറിയിരിക്ക്" - ഉമ്മ സ്നേഹത്തോടെ പറഞ്ഞു.

സലീം സുബൈറിന്റെ അരികിലിരുന്നു. സുബൈർ എഴുന്നേൽക്കാൻ ശ്രമിച്ചു.

"വേണ്ട, എഴുന്നേൽക്കേണ്ട...''- സലീം അവനെ തടഞ്ഞു. സലീം കൂട്ടുകാരന്റെ നെറ്റിയിലും നെഞ്ചിലുമൊക്കെ തൊട്ടുനോക്കി.

"എപ്പോഴാണ് നിനക്ക് പനി തുടങ്ങിയത്? ഡോക്ടറെ കാണിച്ചില്ലേ?"

"വെള്ളിയാഴ്ച സ്കൂൾ വിട്ടുവന്ന ഉടനെ തുടങ്ങിയതാണ്. ഭയങ്കരമായ ശരീരവേദനയുമുണ്ട്. ശനിയാഴ്ച കാലത്തുതന്നെ ഡോക്ടറെ കാണിച്ചു. അഞ്ചുതരം

മരുന്നിനെഴുതി. മൂന്നു ദിവസം കഴിഞ്ഞ് ചെല്ലാൻ പറഞ്ഞു."

"മരുന്ന് കൃത്യമായി കഴിക്കുന്നില്ലേ?"- ആ ചോദ്യം കേട്ടപ്പോൾ സുബൈറിന്റെ കണ്ണുകൾ നിറഞ്ഞു.

"എന്താ സുബൈർ! മരുന്ന് വാങ്ങിയില്ലേ?"

ഉപ്പാന്റെയടുത്തുണ്ടായിരുന്ന കാശിന് ഒരു കുപ്പിമരുന്ന് വാങ്ങി. ഉപ്പാന്റെയടുത്ത് കാശില്ലാഞ്ഞിട്ടാണ്. കഠിനമായ പണിയൊന്നുമെടുക്കാൻ ഉപ്പാക്ക് കഴിയില്ലെന്ന് നിനക്കറിയാമല്ലോ. കഴിഞ്ഞാഴ്ച പുസ്തകത്തിനു തന്ന കാശുതന്നെ ആരുടെയോ അടുത്തുനിന്ന് കടംവാങ്ങിയതാണ്"- സുബൈറിന്റെ ശബ്ദമിടറി. അതുകണ്ടപ്പോൾ സലീമിന്റെ കണ്ണുകളും നിറഞ്ഞു.

ഈ രംഗം കണ്ടുകൊണ്ടാണ് സുബൈറിന്റെ ഉമ്മ ചായയുമായി കടന്നുവന്നത്. അവർ ചോദിച്ചു:

"എന്തിനാ സുബൈറേ നീ നമ്മുടെ ഇല്ലായ്മകളും വല്ലായ്മകളും പറഞ്ഞ് ഈ കുട്ടിയുടെ മനസ്സു വിഷമിപ്പിക്കുന്നത്?"

"ഉമ്മാ! സുബൈർ എന്റെ ആത്മാർഥ കൂട്ടുകാരനാണ്. അവന്റെ അവസ്ഥ എന്നോടു പറയുന്നതിൽ യാതൊരു തെറ്റുമില്ല"-സലീം പറഞ്ഞു.

കൂട്ടുകാരുടെ പരസ്പര സ്നേഹം കണ്ടപ്പോൾ ഉമ്മയുടെ കണ്ണുകളും നിറഞ്ഞു.

"എവിടെ സുബൈർ നിന്റെ മരുന്നിന്റെ ലിസ്റ്റ്, ഞാനൊന്നു കാണട്ടെ"- സലീം.

സുബൈർ തലയണയുടെ ചുവട്ടിൽനിന്നും ലിസ്റ്റെടുത്തു കൊടുത്തു. ചായ ഒരിറക്കു കുടിച്ചിട്ട് ലിസ്റ്റ് പോക്കറ്റിലിട്ട് ഞാനിപ്പോൾ വരാമെന്നു പറഞ്ഞ് സുബൈർ പുറത്തിറങ്ങി. ഇറങ്ങിയ പാടെ അവൻ ഓടുകയായിരുന്നു.

"സലീം..."

"സലീം... കുട്ടി എങ്ങോട്ടാ...?"

സുബൈറിന്റെയും ഉമ്മയുടെയും വിളി കേൾക്കാത്ത അകലത്തിൽ അപ്പോഴേക്കും അവൻ എത്തിയിരുന്നു.

ഓടുന്നതിനിടയിൽ സലീം ചിന്തിച്ചു: പഴം വാങ്ങാതിരുന്നത് നന്നായി. മരുന്നു വാങ്ങാൻ കാശായല്ലോ. തികയുമോ ആവോ?

മരുന്നുഷോപ്പിൽ ചെന്ന് ലിസ്റ്റ് നൽകിക്കൊണ്ട് സലീം ചോദിച്ചു:

"ഇതിലെ മരുന്നിന് എത്രയാകും?".

ലിസ്റ്റുവാങ്ങി നോക്കിയിട്ട് കടക്കാരൻ പറഞ്ഞു:

"നൂറ്റി അമ്പതു രൂപ".

"എന്റെ പക്കൽ നൂറുരൂപയേ ഉള്ളൂ. ബാക്കി എന്തായാലും ഞാൻ നാളെ എത്തിക്കാം. മരുന്ന് തന്നുകൂടേ?"

"പറ്റില്ല. മരുന്ന് കടംകൊടുക്കുന്ന ഏർപ്പാടില്ല"- കടക്കാരന്റെ വാക്കുകൾ കേട്ടപ്പോൾ സലീം വിഷണ്ണനായി നിന്നു. ഇനി എന്തുചെയ്യും? കുറച്ചുനേരം ചിന്തിച്ചുനിന്ന ശേഷം സലീം തന്റെ വാച്ച് അഴിച്ച് കടക്കാരനുനേരെ നീട്ടിക്കൊണ്ട് പറഞ്ഞു:

"ഇതാ, ഇത് വെച്ചോളൂ. ആയിരം രൂപ വിലയുള്ള വാച്ചാണ്. അമ്പതുരൂപ നാളെ തരുമ്പോൾ തിരിച്ചു തന്നാൽ മതി. മരുന്നെല്ലാം ഇപ്പോൾ തന്നെ വേണം."

കടക്കാരൻ സ്തബ്ധനായിനിന്നു. അയാൾ ചോദിച്ചു:

"നീ ആരുടെ കുട്ടിയാ?"

അവൻ പിതാവിന്റെ പേരും വീട്ടുപേരും പറഞ്ഞു കൊടുത്തു.

"അയ്യോ! മോനെ അറിയാത്തതുകൊണ്ട് പറഞ്ഞതാണ് കേട്ടോ. വാച്ച് മോൻ കയ്യിൽ വെച്ചോ. മരുന്ന് തരാം. ബാക്കി കാശ് നാളെ എത്തിച്ചാൽ മതി."

മരുന്നുമായി സലീം തിരിച്ചോടി. തിരിച്ചു ചെല്ലുമ്പോൾ സുബൈറിന്റെ ഉമ്മ മുറ്റത്ത് നിൽപുണ്ടായിരുന്നു. മരുന്ന് ഉമ്മയുടെ കയ്യിൽ കൊടുത്തുകൊണ്ട് സലീം പറഞ്ഞു:

"ഇന്നു തന്നെ കുടിച്ചു തുടങ്ങണം."

"എന്തിനാ മോനേ നീയിത്ര ബുദ്ധിമുട്ടിയത്? മരുന്ന് അവന്റെ ഉപ്പ വാങ്ങുമായിരുന്നു" - ഇതു പറഞ്ഞപ്പോൾ ഉമ്മയുടെ കണ്ണുകൾ നിറയുന്നുണ്ടായിരുന്നു.

"ഉമ്മാ! എന്റെ കയ്യിൽ കാശുണ്ടായിരുന്നു. അതുകൊണ്ട് മരുന്നു വാങ്ങി. ഇതിൽ എനിക്കെന്തു ബുദ്ധിമുട്ട്? കഴിവുള്ളവർ ഇല്ലാത്തവനെ സഹായിക്കണമെന്നല്ലേ ഇസ്‌ലാം പഠിപ്പിക്കുന്നത്? അതല്ലേ സുബൈറേ മദ്റസയിൽനിന്നും നമ്മൾ പഠിച്ചത്?"

ഉമ്മറത്തിരിക്കുകയായിരുന്ന സുബൈർ പുഞ്ചിരിക്കുക മാത്രം ചെയ്തു.

"നേരം വൈകി. ഇരുട്ടുംമുമ്പ് തിരിച്ചെത്താൻ ഉമ്മ പറഞ്ഞതാ. ഇൻശാ അല്ലാഹ്, ഞാൻ നാളെ വരാം"- സലീം സലാം പറഞ്ഞ് ഇറങ്ങിനടന്നു. സുബൈറും ഉമ്മയും അവൻ പോകുന്ന് കണ്ണിമവെട്ടാതെ നോക്കിനിന്നു.

വീട്ടിൽ തിരിച്ചെത്തിയ പാടെ സലീമിനോട് ഉമ്മ ചോദിച്ചു:

"എങ്ങനെയുണ്ട് നിന്റെ കൂട്ടുകാരന്? ആശ്വാസമുണ്ടോ? ഡോക്ടറെ കാണിച്ചിട്ടില്ലേ?"

"ഡോക്ടറെ കാണിച്ചിരുന്നു. പക്ഷേ, കാശില്ലാത്തതിനാൽ എല്ലാ മരുന്നും വാങ്ങി കഴിച്ചിരുന്നില്ല. ബാക്കി മരുന്ന് ഞാൻ വാങ്ങിക്കൊടുത്തു."

"അതിന് നിനക്ക് കാശെവിടെനിന്ന് കിട്ടി?"- ഉമ്മ അത്ഭുതത്തോടെ ചോദിച്ചു.

അവൻ നടന്നതെല്ലാം ഉമ്മയോടു പറഞ്ഞു. ഉമ്മ മകനെ സന്തോഷത്തോടെ വാരിപ്പുണർന്നുകൊണ്ട്പറഞ്ഞു:

"മോനേ, ഇങ്ങനെയായിരിക്കണം ഒരു നല്ല മുസ്‌ലിം. തന്റെ സഹോദരനുവേണ്ടി എന്തു ത്യാഗവും ചെയ്യാനുള്ള മനസ്സ് നീ നിലനിർത്തണം. ഉപ്പ വന്നാൽ നിന്റെയീ സന്മനസ്സിനെപ്പറ്റി ഞാൻ പറഞ്ഞുകൊടുക്കും. ഉപ്പാക്ക് വലിയ സന്തോഷമാകും. പിന്നെ, കടക്കാരനോടുള്ള കരാർ പാലിക്കാൻ മറക്കരുത്. ബാക്കി തുക നാളെത്തന്നെ കൊടുക്കണം."

പള്ളിയിൽനിന്നും മഗ്‌രിബ് ബാങ്ക് മുഴങ്ങി. സലീം വുദൂഅ് ചെയ്ത് പള്ളിയിലേക്കു പുറപ്പെട്ടു. അവന്റെ മനസ്സിൽ എന്തെന്നില്ലാത്ത ഒരാനന്ദം അലതല്ലുന്നുണ്ടായിരുന്നു.

പി.വി.എ പ്രിംറോസ്
anilprimrose@gmail.com



# 'ഗോ'വണ്മെന്റുകളായി മാറുന്ന ഭരണകൂടം

"ഒരു ദിവസം ഒരു കുട്ടി റോഡിന്റെ വശത്തുള്ള കുപ്പത്തൊട്ടിയിൽ നിന്ന് പഴത്തൊലി പെറുക്കിത്തിന്നുമ്പോൾ ഒരു പശു അവന്റെയടുക്കൽ വന്ന് ഒരു പഴത്തോൽ കടിച്ചു വലിച്ചു.

അവൻ പശുവിനെ തള്ളി നീക്കി. പശു ഉറക്കെ കരഞ്ഞു കൊണ്ട് റോഡിൽക്കൂടി ഓടി.

സന്യാസിമാർ ഉടൻ പ്രത്യക്ഷപ്പെട്ടു.

വിശുദ്ധമൃഗമായ പശുവിനെ നീയാണോ ഉപദ്രവിച്ചത്? അവർ കുട്ടിയോട് ചോദിച്ചു.

'ഞാൻ ഉപദ്രവിച്ചില്ല. ഞാൻ തിന്നിരുന്ന പഴത്തോൽ പശു തട്ടിപ്പറിച്ചു. അത് കൊണ്ട് ഞാൻ അതിനെ ഓടിച്ചതാണ്.' കുട്ടി പറഞ്ഞു.

നിന്റെ മതമേതാണ്? സന്യാസിമാർ ചോദിച്ചു.

'മതം? അതെന്താണ്?' കുട്ടി ചോദിച്ചു.

'നീ ഹിന്ദുവാണോ? നീ മുസ്‌ലിമാണോ? നീ കൃസ്ത്യാനിയാണോ? നീ അമ്പലത്തിൽ പോകാറുണ്ടോ? പള്ളിയിൽ പോകാറുണ്ടോ? 'ഞാൻ എങ്ങോട്ടും പോകാറില്ല' കുട്ടി പറഞ്ഞു.

'അപ്പോൾ നീ പ്രാർഥനയിൽ വിശ്വസിക്കുന്നില്ലേ?' അവർ ചോദിച്ചു. 'ഞാൻ എങ്ങോട്ടും പോകാറില്ല' കുട്ടി പറഞ്ഞു 'എനിക്ക് കുപ്പായമില്ല. ട്രൗസറിന്റെ പിറകുവശം കീറിയിരിക്കുന്നു' സന്യാസിമാർ അന്യോന്യം സ്വകാര്യം പറഞ്ഞു:

'നീ മുസൽമാനായിരിക്കണം. പശുവിനെ നീ ഉപദ്രവിച്ചു' അവർ പറഞ്ഞു. 'നിങ്ങൾ ആ പശുവിന്റെ ഉടമസ്ഥരാണോ? കുട്ടി ചോദിച്ചു.

സന്യാസിമാർ കുട്ടിയുടെ കഴുത്ത് ഞെരിച്ച് അവനെ കൊന്ന്, ആ കുപ്പത്തൊട്ടിയിൽ ഇട്ടു.

'സന്യാസിമാർ ഓം നമശിവായ, അങ്ങയുടെ തീരുമാനം വാഴ്ത്തപ്പെടട്ടെ' (കഥ: വിശുദ്ധ പശു-1968, മാധവിക്കുട്ടി)

മീഡിയാപ്രവർത്തകർക്കും സഭ ബഹിഷ്‌കരിച്ച എം.എൽ.എമാർക്കും പകരം സന്യാസിമാരെ കൊണ്ട് നിറഞ്ഞ പാർലമെന്റിനെ സാക്ഷിനിർത്തി ഗുജറാത്ത് അസംബ്ലി ഗോവധത്തിനെതിരെയുള്ള ശിക്ഷ ജീവപര്യന്തമാക്കി ഉയർത്തിയപ്പോൾ കമലാ സുരയ്യ നാൽപത് വർഷം മുമ്പ് എഴുതിയ 'വിശുദ്ധ പശു' എന്ന കഥയാണ് ഓർമ വന്നത്.

രാജ്യത്തെ പട്ടിണിപ്പാവങ്ങളുടെ പ്രശ്‌നങ്ങൾ പഠിക്കാനോ പരിഹരിക്കാനോ നേരം കണ്ടെത്താതെ കാള വാലിൽ തൂങ്ങി തെരഞ്ഞെടുപ്പിനെ മറികടക്കാമെന്ന ഭരണകക്ഷിയുടെ വ്യാമോഹമാണ് ദൂരവ്യാപക പ്രത്യാഘാതങ്ങളുണ്ടാക്കിയേക്കാവുന്ന നിയമ പരിഷ്‌കണങ്ങളുമായി ഗുജറാത്ത് സർക്കാരിനെ മുന്നോട്ട് പോകാൻ പ്രേരിപ്പിക്കുന്നത് എന്ന് വ്യക്തം. പുതിയ ഭേദഗതികൾ പ്രകാരം പശുക്കളെ കൊല്ലുന്നതും കടത്തുന്നതും ഇറച്ചി കൈവശം വയ്ക്കുന്നതുമെല്ലാം ജാമ്യം കിട്ടാത്ത കുറ്റങ്ങളാണ് ഇനി. പശുക്കളെയും കാളകളെയും വാഹനത്തിൽ കടത്തിയാൽ ഏഴ് മുതൽ 10 വർഷം വരെ തടവും ഒരുലക്ഷം രൂപ വരെ പിഴയുമാണ് ഇനി ഗുജറാത്തിൽ. ഗുജറാത്തിന്റെ സംസ്‌കാരം പൂർണമായും സസ്യഭക്ഷണരീതിയിലേക്ക് മാറ്റുക എന്ന ലക്ഷ്യമിട്ടാണ് തന്റെ നടപടിയെന്നാണ് മുഖ്യമന്ത്രി വിജയ് റുപാനിയുടെ ഭാഷ്യം.

ഒരുപടി കൂടി കടന്ന് ഗോവധം നടത്തുന്നവരെ തൂക്കിക്കൊല്ലുമെന്നാണ് ഛത്തീസ്ഗഡ് മുഖ്യമന്ത്രി രമൺ സിംഗിന്റെ തിട്ടൂരം. കഴിഞ്ഞ 15 വർഷമായി ബി.ജെ.പി ഭരണത്തിലുള്ള ഛത്തീസ്ഗഡിൽ ഗോവധങ്ങളൊന്നും റിപ്പോർട്ട് ചെയ്യാത്തത് തങ്ങളുടെ കർശനനിയമത്തിന്റെ പരിണിത ഫലമാണെന്ന് പത്രസമ്മേളനത്തിൽ ഊറ്റം കൊള്ളുന്നുമുണ്ട് അദ്ദേഹം.

ഈ വർഷം അവസാനം നിയമസഭാ തെരഞ്ഞെടുപ്പ് നടക്കാനിരിക്കെയാണ് ജാതിവർഗീയധ്രുവീകരണം തീവ്രമാക്കുകയെന്ന ലക്ഷ്യത്തോടെയുള്ള നിയമഭേദഗതി. 2011ൽ നരേന്ദ്ര മോഡി മുഖ്യമന്ത്രിയായിരുന്നപ്പോൾ പശുക്കളെ കൊല്ലുന്നവർക്കുള്ള ശിക്ഷ വർധിപ്പിച്ചിരുന്നു. ഗുജറാത്തിൽ നേരത്തെ ഇറച്ചി കൈവശംവയ്ക്കുന്നതോ വിൽക്കുന്നതോ കാലികളെ കടത്തുന്നതോ കുറ്റകരമായിരുന്നില്ല. മോഡി ഭരണത്തിൽ ഇതു രണ്ടും ശിക്ഷാർഹമാക്കി.

ഭാരതീയ ജനതാ പാർട്ടി കേന്ദ്ര ഭരണമേറ്റെടുത്തതോടു കൂടി സംഘ്പരിവാർ ചിരകാലമായി ആഗ്രഹിച്ചു കൊണ്ടിരുന്ന പല ഗൂഢ അജണ്ടകളും രാജ്യത്ത് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഏറ്റവുമൊടുവിലത്തെ ഉദാഹരണമാണ് യുപിയിലേയും ഗുജറാത്തിലെയുമെല്ലാം തീവ്ര ഹൈന്ദവ നിലപാടുകൾ. ജാർഖണ്ഡ്, ഹരിയാന, ഛത്തീസ്ഗഡ്, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളിലും ഇതിന് സമാനമായ പല നിലപാടുകളും സർക്കാർ കൈക്കൊണ്ടതും ഇക്കാലയളവിലാണ്. യോഗി ആദിത്യാനന്ദയുടെ സ്ഥാനാരോഹണം അവർക്കതിന് ശക്തമായ ഊർജമായി മാറുകയും ചെയ്തു.

കേന്ദ്ര സർക്കാരിന്റെ യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യയുടെ മാതൃകയിൽ പശുക്കൾക്ക് തിരിച്ചറിയൽ സംവിധാനം ഏർപ്പെടുത്തുകയും ഓരോ പശുക്കൾക്കും 12 അക്ക നമ്പർ രേഖപ്പെടുത്തിയ പ്രത്യേക തിരിച്ചറിയൽ ടാഗ് ഇതിന്റെ ഭാഗമായി നൽകുമെന്ന വിചിത്രമായ വാർത്ത ഹരിയാന ഗവൺമന്റ് പുറത്തു വിട്ട ഞെട്ടൽ മാറുന്നതിന് മുമ്പാണ് ഗുജറാത്ത് സർക്കാരിന്റെ പുതിയ നടപടി. പശുവിന്റെ കഴുത്തിലിടുന്ന ഈ ടാഗിൽ ഫോട്ടോയടക്കം പശുവിനെക്കുറിച്ചുള്ള മുഴുവൻ വിവരങ്ങളുമുണ്ടാവുമെന്നും  പശുവിന്റെ ദൈനംദിന വിവരങ്ങൾ രേഖപ്പെടുത്താൻ ഉടമയ്ക്കു പ്രത്യേക ബുക്ക്‌ലറ്റും പശുക്കളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാനായി ഉടമകൾക്ക് ഫോമുകളും വിതരണം ചെയ്യുമെന്നുമായിരുന്നു അന്ന് ഇവരുടെ വാർത്താകുറിപ്പിൽ പറഞ്ഞിരുന്നത്.

കേവലം മതപരമായ 'വിലക്കി'നോടുള്ള പ്രതിപത്തി എന്നതിലുപരി ശക്തമായ രാഷ്ട്രീയ ആയുധമായാണ് സംഘ്പരിവാർ ശക്തികൾ എന്നും ഗോവധത്തെയും അനുബന്ധ വിവാദങ്ങളെയും കണ്ടിട്ടുള്ളത്. 1870ൽ പഞ്ചാബിലെ സിഖ് കൂക്ക് വിഭാഗവുമായി ചേർന്ന് ഹിന്ദു ഗോരക്ഷ പ്രസ്ഥാനം ആരംഭിച്ചതോട് കൂടിയാണ് കന്നുകാലികൾ രാഷ്ട്രീയ പ്രക്ഷോഭത്തിനുള്ള ഉപകരണങ്ങളായി മാറിയത്. 82ൽ ദയാനന്ദ സരസ്വതി ആദ്യത്തെ ഗോരക്ഷിണി സഭ സ്ഥാപിച്ച് വർഗീയപരമായ വെല്ലുവിളികളുമായി മുന്നോട്ട് പോവുകയും അതിന്റെ ഭാഗമായി തുടർ വർഷങ്ങളിൽ ചെറുതും വലുതുമായ വർഗീയ സംഘട്ടനങ്ങൾ രാജ്യത്ത് അരങ്ങേറുകയും ചെയ്തു.

1888ൽ വടക്കു പടിഞ്ഞാറൻ പ്രവിശ്യകളിലെ ഹൈക്കോടതി പശുവിനെ 'വിശുദ്ധ വസ്തു' എന്ന പട്ടികയിൽ ഉൾപ്പെടുത്താൻ പാടില്ല എന്ന വിധി പ്രസ്താവിച്ചത് യഥാർഥത്തിൽ ഗോസംരക്ഷണ പ്രസ്ഥാനത്തെ ദുർബലപ്പെടുത്താനല്ല, മറിച്ച് ശക്തിപ്പെടുത്താനാണ് ഉപകരിച്ചത്.

1893ൽ അസംഗഢിലും 1912ൽ അയോധ്യയിലും 17ൽ ഷാഹബാദിലും ഇതിനെ തുടർന്നുണ്ടായ കലാപങ്ങളിൽ നൂറു കണക്കിനാളുകൾ കൊല്ലപ്പെട്ടെങ്കിലും ഈ വർഗീയ ധ്രുവീകരണങ്ങൾക്ക് അവസാനം കുറിക്കാൻ ഭരണകൂടം കാര്യമായൊന്നും ചെയ്തില്ല എന്നതാണ് വാസ്തവം.

യഥാർഥത്തിൽ, ഏതെങ്കിലും മതവിഭാഗത്തിന്റെ ആദർശ സംരക്ഷണ ഭാഗമായാണോ ഒരു മതേതരരാഷ്ട്രം നിയമങ്ങൾ നിർമിക്കേണ്ടത്? തീർച്ചയായും അല്ല, എന്നു തന്നെയാണുത്തരം. മതപരമായി വിശുദ്ധ പട്ടികയിലുൾപ്പെട്ട വളർത്തുമൃഗങ്ങളെ ഭരണകൂടവും കോടതിയും ബഹുമാനിക്കണമെങ്കിൽ അത് ഒരു ഗോവിൽ മാത്രം പരിമിതപ്പെടുത്തിക്കൂടാ. ക്രിസ്ത്യാനികളും ബുദ്ധരും ജൈനരും... തുടങ്ങി അനവധി നിരവധി മതങ്ങളും അവയിലെ അവാന്തര വിഭാഗങ്ങളും പല ജീവികളെയും വിശുദ്ധമായും നിന്ദ്യമായും ഗണിക്കുന്നുണ്ട്. ഇവയെല്ലാം നിരോധന പട്ടികയിലുൾപ്പെടുത്തിയാൽ വെറും വളക്കുഴിയായി പൗരന്മാരുടെ ആമാശയം മാറാൻ അധികം കാലതാമസമുണ്ടാകില്ല. മാത്രമല്ല, സസ്യങ്ങളിൽ വരെ ജീവനും പ്രതികരണശേഷിയും വികാര വിചാരങ്ങളും ശാസ്ത്രലോകം കണ്ടെ

**കേവലം മതപരമായ 'വിലക്കി'നോടുള്ള പ്രതിപത്തി എന്നതിലുപരി ശക്തമായ രാഷ്ട്രീയ ആയുധമായാണ് സംഘ്പരിവാർ ശക്തികൾ എന്നും ഗോവധത്തെയും അനുബന്ധ വിവാദങ്ങളെയും കണ്ടിട്ടുള്ളത്. 1870ൽ പഞ്ചാബിലെ സിഖ് കൂക്ക് വിഭാഗവുമായി ചേർന്ന് ഹിന്ദു ഗോരക്ഷ പ്രസ്ഥാനം ആരംഭിച്ചതോട് കൂടിയാണ് കന്നുകാലികൾ രാഷ്ട്രീയ പ്രക്ഷോഭത്തിനുള്ള ഉപകരണങ്ങളായി മാറിയത്. 82ൽ ദയാനന്ദ സരസ്വതി ആദ്യത്തെ ഗോരക്ഷിണി സഭ സ്ഥാപിച്ച് വർഗീയപരമായ വെല്ലുവിളികളുമായി മുന്നോട്ട് പോവുകയും അതിന്റെ ഭാഗമായി തുടർ വർഷങ്ങളിൽ ചെറുതും വലുതുമായ വർഗീയ സംഘട്ടനങ്ങൾ രാജ്യത്ത് അരങ്ങേറുകയും ചെയ്തു.**

ത്തിയ ഇക്കാലത്ത് വിശുദ്ധ സസ്യങ്ങളെയും വൃക്ഷങ്ങളെയും സംരക്ഷിക്കാനും നിയമങ്ങൾ കൊണ്ടുവരേണ്ടി വരും.

വംശനാശ ഭീഷണിയും നാടിന്റെ അവിഭാജ്യതയും പരിഗണിച്ച് സംരക്ഷിക്കേണ്ട ജന്തുജാലങ്ങളുടെ കാര്യത്തിലാണ് ഈ നിയമമെങ്കിൽ അക്കാര്യത്തെ സഹർഷം സ്വാഗതം ചെയ്യാൻ ഭാരതത്തിലെ ഓരോ പൗരനും തയ്യാറാകുമെന്നതിൽ യാതൊരു സംശയവുമില്ല. എന്നാൽ ഗോവധത്തിൽ അതല്ല വസ്തുത. സെൻസസ് പ്രകാരം വളർത്തുപക്ഷികളെ മാറ്റി നിർത്തിയാൽ താരതമ്യേന രാജ്യത്ത് ഏറ്റവും കൂടുതൽ സംഖ്യാബലമുള്ള കന്നുകാലികളിലാണ് ഈ നിയമം പ്രാവർത്തികമാക്കുന്നത് എന്നത് ചിരിയുണർത്തുന്ന വസ്തുതയാണ്.

ഹൈന്ദവൻ പൂജിക്കുന്ന ജീവിയെന്ന നിലക്ക് ഗോവിനെ കൊല്ലുന്നത് നിരോധിക്കണമെന്ന സംഘ്പരിവാറിന്റെ ദുഃശാഠ്യത്തിന് വഴങ്ങിയാൽ അവർ തന്നെ വിശുദ്ധങ്ങളെന്ന് ഗണിക്കുന്ന ഗണപതിയുടെ വാഹനമായ എലി മുതൽ അയ്യപ്പന്റെ വാഹനമായ പുലി വരെയുള്ളതിന് ഈ നിയമം ബാധകമാകേണ്ടതല്ലേ? അതുകൊണ്ടൊക്കെ തന്നെ മതഭക്തിയല്ല ഈ കാടൻ നിയമങ്ങൾക്ക് പ്രേരകമെന്നും വർഗീയചിന്തകൾ മുളപ്പിച്ച് രാഷ്ട്രീയലാഭം കൊയ്തെടുക്കാനുള്ള ഹിഡൺ അജണ്ടകളുമാണ് ഇതിന് പിന്നിലുള്ളതെന്നും ബുദ്ധിയുള്ളവർ വിലയിരുത്തുന്നത്. ചുരുക്കത്തിൽ ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്ന കേശുഭായ് പട്ടേൽ തെരഞ്ഞെടുപ്പ് കാലത്ത് പശു സംരക്ഷണത്തിനായി പ്രത്യേക വകുപ്പ് രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ച അതേ സൃഗാലബുദ്ധി തന്നെയാണ് ഗുജറാത്തിൽ വിജയ് റുപാനിയും ഛത്തീസ്ഗഡിൽ രമൺസിംഗും മഹാരാഷ്ട്രയിൽ ദേവേന്ദ്ര ഫട്നാവിസുമെല്ലാം ചെയ്തു കൊണ്ടിരിക്കുന്നത്.

പ്രാചീന ഭാരതീയ ഭോജനരീതികളിലോ അതിന് മാനദണ്ഡമാക്കിയ ഭാരതീയ പ്രമാണങ്ങളിലോ മാംസഭക്ഷണം, വിശിഷ്യാ ഗോമാംസം ഭക്ഷണയോഗ്യമായിരുന്നോ എന്നതാണ് അടുത്തതായി പരിശോധിക്കാനുള്ളത്. ഐ.ഐ.ടി ഹോസ്റ്റലുകളിലടക്കം മാംസം നിരോധിക്കാൻ മുറവിളി കൂട്ടുന്ന ഹിന്ദുത്വ പ്രഭൃതികളുടെ ആശയത്തിന്റെ അടിവേരിളക്കാൻ കാരണമാവും മേൽ പഠനം.

1891ൽ പ്രസിദ്ധീകൃതമായ 'ദി ഇൻഡോ ആര്യൻസ്' എന്ന പുസ്തകവും 'ദി പോപുലർ റിലീജ്യൻ ആൻഡ് ഫോക്ലോർ ഓഫ് നോർത്തേൺ ഇന്ത്യ' എന്ന വില്യം ക്രൂക്കിന്റെ ഗ്രന്ഥത്തിലും പി.വി കാനേയുടെ 'ഹിസ്റ്ററി ഓഫ് ധർമശാസ്ത്ര' എന്ന രചനയിലും എച്ച്.ഡി സങ്കാലിയയുടേയും ദ്വിജേന്ദ്ര നാരായണ ത്ധായുടേയും കാഞ്ച ഐലയ്യയുടേയും-പ്രാചീന ഭോജനരീതികളെ പരിചയപ്പെടുത്തുന്ന ഗ്രന്ഥങ്ങളിലുമെല്ലാം-ഹൈന്ദവ പ്രമാണങ്ങളായ വേദങ്ങളിലും ഉപനിഷത്തുക്കളിലും ഗോവധം അംഗീകരിക്കുന്നുണ്ടെന്ന വസ്തുത സുതരാം വ്യക്തമാക്കുന്നുണ്ട്.

വേദങ്ങളിലെ ഏറ്റവും ശക്തനും പ്രസിദ്ധനുമായ ഇന്ദ്രന്റെ ഇഷ്ടഭോജനങ്ങളിലൊന്നായി സോമരസത്തോടൊപ്പം എണ്ണുന്നത് കാളയിറച്ചിയാണ്. 'എനിക്ക് വേണ്ടി അവർ പതിനഞ്ചും ഇരുപതും കാളകളെ കശാപ്പു ചെയ്തു' എന്നും 'മുന്നൂറ് കാളകളെ പൊരിച്ചെടുത്തു' എന്നുമെല്ലാം ഋഗ്വേദത്തിലെ പത്താം അധ്യായത്തിൽ വായിക്കാൻ കഴിയും.

ഇന്ദ്രൻ കഴിഞ്ഞാൽ പിന്നെ ഏറ്റവും പ്രസിദ്ധ ദേവനായ അഗ്നിയെ 'കാളയേയും മച്ചിപ്പശുവിനെയും ഭക്ഷണമാക്കിയിട്ടുള്ളവൻ' എന്ന അർഥത്തിൽ "ഉക്ഷന്നായ വശാന്നായ സോമപ്രസ്തായ വേധസേ സ്തോമൈർ വിധേമഗ്നേ" എന്നാണ് വിശേഷിപ്പിക്കുന്നത് തന്നെ. ഋഗ്വേദത്തിന്റെ മൃഗബലി വിശദീകരണത്തിൽ കന്നുകാലികളെ കൊല്ലുന്നതു മാത്രമായി ധാരാളം ശ്ലോകങ്ങൾ കാണാം.

ഇന്ദ്രന് ഒരു കാളയേയും മരുത്തുക്കൾക്ക് ഒരു പുള്ളിപ്പശുവിനെയും അശ്വിനികൾക്ക് ചെമ്പു നിറമുള്ള ഒരു പശുവിനെയും മിത്രനും വരുണനും വിശേഷണങ്ങളൊന്നുമില്ലാത്ത പശുവിനെയുമാണ് ബലിയർപ്പിക്കേണ്ടത് എന്നാണ് ഋഗ്വേദം സൂചിപ്പിക്കുന്നത്.

മാത്രമല്ല, അഗ്ന്യധേയം, അശ്വമേധം, രാജസൂയം, വാജപേയം, പഞ്ചാക്ഷരാദീയസവം... തുടങ്ങിയ യാഗങ്ങളിലെല്ലാം പശുവും കാളയും കുതിരകളുമെല്ലാമാണ് യാഗ മൃഗങ്ങൾ. പുരാതന കാലം മുതലേ മൃഗ ബലിക്ക് വളരെ വലിയ പ്രാധാന്യം കൽപിച്ചിരുന്നു എന്നാണ് തൈത്തിരീയ ബ്രാഹ്മണത്തിലും ഐതരേയ ബ്രാഹ്മണത്തിലും ശതപഥ ബ്രാഹ്മണത്തിലും ആപസ്തംബ ഗൃഹ്യസൂത്രത്തിലും പാരസ്കര ഗൃഹ്യ സൂത്രത്തിലുമെല്ലാം പറയുന്നത്.

കൃഷിയുമായി ബന്ധപ്പെട്ട ഗൃഹ്യസൂത്രത്തിൽ കാളയെ കമ്പിയിൽ കോർത്ത് ചുട്ടെടുക്കുന്നതിനെ പരാമർശിക്കുന്ന 'ശൂല ഗോവ'എന്ന ചടങ്ങിലും അതിഥികളെ സൽക്കരിക്കുന്ന 'അർഘ്യ'ത്തിലും 'മധുപർ

ക്ക്'ത്തിലും മരണാനന്തര ചടങ്ങായ ശ്രാദ്ധത്തിലെ 'അഷ്ടക'ത്തിലും പിതൃപൂജയായ 'അഭ്യുദായിക' യിലുമെല്ലാമുള്ള ഗോബലിയുടെ വിശദീകരണങ്ങൾ കേട്ടാൽ പ്രാചീന ഹൈന്ദവ സംസ്കൃതിയിലെ ഗോമാംസ സ്വാധീനത്തോടൊപ്പം സംസ്കാരരാഹിത്യം കൂടി ബോധ്യപ്പെടും.

ഇന്നും ഹിമാചൽ പ്രദേശിലും നേപ്പാളിലുമെല്ലാം ഹിന്ദു ഉത്സവങ്ങളുടെ ഭാഗമായി ബലിയറുക്കപ്പെടുന്ന ഗോക്കളുടെ എണ്ണത്തിന് കയ്യും കണക്കുമില്ല. ഈയിടെ നേപ്പാളിൽ നടന്ന ഗദിമായ് ഹിന്ദു ഉത്സവ വേളയിൽ രണ്ടേകാൽ ലക്ഷം മൃഗബലിയാണ് നടന്നതെന്ന് അവിടുത്തെ പത്രങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. ഹിന്ദു തീർഥാടന കേന്ദ്രങ്ങളിൽ അഗ്രസ്ഥാനത്തുള്ള കാഠ്മണ്ഡുവിലെ പശുപതിനാഥ ക്ഷേത്ര പരിസരത്താണ് ഇതിൽ ഏറെയും നടന്നതെന്നാണ് ഏറ്റവും ശ്രദ്ധേയമായ വസ്തുത.

പ്രാചീന ഭാരതത്തിലെ ഹൈന്ദവരിൽ മാത്രമല്ല, ബുദ്ധരിലും ജൈനരിലും ഗോവധം ചെറുതും വലുതുമായി നിലനിന്നിരുന്നു എന്നതിന് അവരുടെ വേദഗ്രന്ഥങ്ങൾ തന്നെ സാക്ഷ്യം വഹിക്കുന്നുണ്ട്. കൂടാതെ രോഗചികിത്സയായി കാളയിറച്ചിയും പശുവിറച്ചിയും ധാരാളം ഉപയോഗിച്ചിരുന്നുവെന്നതിന് ചരകന്റെയും സുശ്രുതന്റെയും വാഗ്ഭടന്റെയും ഹലായുധന്റെയും ചികിത്സാഗ്രന്ഥങ്ങൾ സാക്ഷിയാണ് താനും.

മഹാഭാരത-രാമായണ കഥാപാത്രങ്ങളായ ജയദ്രഥനും യുധിഷ്ഠിരനും രന്തിദേവനും രാമനും സീതയുമെല്ലാം മാംസം ഭക്ഷിച്ചിരുന്ന കഥാസന്ദർഭങ്ങൾ പുരാണങ്ങളിൽ കാണാം. ഇതെല്ലാം വ്യക്തമാക്കുന്നത് ഭാരതത്തിന്റെ പൗരാണിക ചരിത്രം മാംസഭക്ഷണത്തിന് വിലക്കൊന്നും ഏർപ്പെടുത്തിട്ടില്ലെന്നാണ്. ഇതൊന്നുമറിയാതെ ഭരണകൂടത്തെയും ജുഡീഷ്യറിയേയും തെറ്റുധരിപ്പിക്കുന്നവർ യഥാർഥത്തിൽ ദ്രോഹം ചെയ്യുന്നത് മതേതരത്വത്തോട് മാത്രമല്ല, ഹൈന്ദവ പ്രമാണങ്ങളോടു കൂടിയാണ്.

ഫ്രാങ്ക് മൊറൈസ് പറഞ്ഞ പോലെ “ഒരു കാൽ ആറ്റം യുഗത്തിലും മറ്റേ കാൽ ചാണകക്കുഴിയിലും വെച്ചുള്ള ഈ യാത്ര” ഇന്ത്യയെ മറ്റു രാജ്യങ്ങൾക്കിടയിൽ ഏറെ അപഹാസ്യരാക്കുവാൻ മാത്രമേ ഉപകരിക്കൂ എന്ന് ഭരണയന്ത്രം തിരിക്കുന്നവർ ഓർത്താൽ നന്ന്. ●

peaceradio
Tune to reality

**ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ**

**ചുവരെഴുത്ത്**
**ഉസ്മാൻ (റ) വിന്റെ രക്തസാക്ഷിത്വത്തിന് ശേഷം ആയിശ (റ) എടുത്ത നിലപാടിന്റെ നിജസ്ഥിതി**
**അബ്ദുൽ ജബ്ബാർ മദീനി**
10.04.17 തിങ്കൾ, 8:20 PM
11.04.17 ചൊവ്വ 8:20 AM, 12:20 AM

**ആരോഗ്യ വിചാരം**
**വേനൽകാല രോഗങ്ങൾ**
**ഭാഗം1**
**ഡോ.അബ്ദുൽ ജലീൽ**
**(പ്രൊഫ. ഡിപാർട്ട്മെന്റ് ഓഫ് ജനറൽ മെഡിസിൻ M.E.S Medical College)**
**സിബിൻ ഉസ്മാൻ**
**(സീനിയർ റെസിഡന്റ് ഡിപാർട്ട്മെന്റ് ഓഫ് മെഡിസിൻ M.E.S Medical College)**
10.04.17 തിങ്കൾ, 09:00 PM, 11:15 PM
11.04.17 ചൊവ്വ, 10:30 AM

**ഇമദ്രസ**
**രോഗികളെ സന്ദർശിക്കുമ്പോൾ ചെയ്യേണ്ടത്**
**ജംഷീർ സ്വലാഹി**
12.04.17 ബുധൻ 07:20 AM, 06:05 PM

**സലഫി ദുറൂസ്**
**നുബുവ്വത്തിന്റെ തെളിവുകൾ**
**അബൂബക്കർ സലഫി**
12.04.17 ബുധൻ 04:30 PM
13.04.17 വ്യാഴം 09:30 AM

**തജ്‌വീദ് പഠനം**
**സൂറത് ഫജ്ർ പാരായണ പഠനം**
**ഹാഫിള് അസ്‌ലം കുവൈത്ത്**
14.04.17 വെള്ളി 7:45 PM
15.04.17 ശനി 05:00 AM

**സ്നേഹക്കൂട്**
**വെള്ളവും, ചില വീട്ടുവിശേഷങ്ങളും**
**സി.പി സലീം & താജുദ്ധീൻ സ്വലാഹി**
14.04.17 ഞായർ 08:20 AM
15.04.17 തിങ്കൾ 12:20 AM, 8:20 AM

**ടീൻസ് ടൈം**
**ലുക്മാൻﷺന്റെ ഉപദേശങ്ങൾ, ഭാഗം: 2**
**സഊദ് ചാലിശ്ശേരി**
15.04.17 ശനി 9:00 PM, 11:15 PM
16.04.17 ഞായർ 10:30 AM

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com
Scan QR Code

പി.എൻ അബ്ദുറഹ്മാൻ
pnabdurahman@gmail.com

ലേഖനം



# റജബ് മാസം തിരുത്തേണ്ട ധാരണകൾ

അല്ലാഹു പവിത്രമാക്കിയ, യുദ്ധം നിഷിദ്ധമായ നാല് മാസങ്ങളിൽ ഒന്നാണ് റജബ് മാസം. അല്ലാഹു പറയുന്നു: "ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ച ദിവസം അല്ലാഹു രേഖപ്പെടുത്തിയതനുസരിച്ച് അല്ലാഹുവിന്റെ അടുക്കൽ മാസങ്ങളുടെ എണ്ണം പന്ത്രണ്ടാകുന്നു. അവയിൽ നാലെണ്ണം (യുദ്ധം) വിലക്കപ്പെട്ട മാസങ്ങളാകുന്നു. അതാണ് വക്രതയില്ലാത്ത മതം. അതിനാൽ ആ (നാല്) മാസങ്ങളിൽ നിങ്ങൾ നിങ്ങളോട് തന്നെ അക്രമം പ്രവർത്തിക്കരുത്" (അത്തൗബ: 36).

ഇമാം ത്വബ്‌രി(റഹി) ഇബ്നു അബ്ബാസ്ﷺവിൽ നിന്നും ഈ സൂക്തത്തിന്റെ വ്യാഖ്യാനത്തിൽ ഇങ്ങനെ ഉദ്ധരിച്ചത് കാണാം: "എല്ലാ മാസങ്ങളിലും സ്വന്തത്തോട് അക്രമം പ്രവർത്തിക്കൽ (അഥവാ അധർമം ചെയ്യൽ) നിഷിദ്ധമാണ്. പിന്നീട് അതിൽ നിന്നും നാല് മാസങ്ങളെ അല്ലാഹു പ്രത്യേകം എടുത്ത് പറഞ്ഞു. അവയുടെ പവിത്രതയെ മഹത്ത്വപ്പെടുത്തുകയും, അവയിലെ പാപങ്ങളെ ഗൗരവപരമായ പാപങ്ങളും അവയിലെ നന്മകളെ അതിമഹത്തായ നന്മകളുമാക്കിയിരിക്കുന്നു." (തഫ്സീറു ത്ത്വബ്‌രി).

പവിത്രമാക്കപ്പെട്ട നാല് മാസങ്ങളിൽ ഒന്ന് എന്ന നിലക്കും, ആ മാസങ്ങളിൽ നിങ്ങൾ നിങ്ങളോട് തന്നെ അക്രമം പ്രവർത്തിക്കരുത് എന്ന് പ്രത്യേകം എടുത്ത് പറഞ്ഞതിനാലും ആ മാസങ്ങൾക്ക് പ്രാധാന്യമുണ്ട്.

അബൂബക്കർﷺ നിവേദനം: റസൂൽﷺ പറഞ്ഞു: "ഒരു വർഷം പന്ത്രണ്ട് മാസമാകുന്നു. അതിൽ നാലെണ്ണം പവിത്രമാക്കപ്പെട്ട മാസങ്ങളാണ്. അതിൽ മൂന്നെണ്ണം തുടർച്ചയായി വരുന്ന മാസങ്ങളാണ്. അഥവാ ദുൽക്വഅ്ദ, ദുൽഹിജ്ജ, മുഹർറം എന്നിവയും ജുമാദക്കും ശഅ്ബാനിനും ഇടയിലുള്ള മുളറിന്റെ റജബുമാണത്." ഇവി

ടെ മുളറിന്റെ റജബ് എന്നു പറയാൻ കാരണം, പവിത്രമാക്കപ്പെട്ട റജബ് മാസം ഏത് എന്നതിൽ മുളർ ഗോത്രത്തിനും റബീഅ ഗോത്രത്തിനും ഇടയിൽ അഭിപ്രായ ഭിന്നതയുണ്ടായിരുന്നു. അത് റമദാൻ ആണ് എന്നായിരുന്നു റബീഅ ഗോത്രക്കാർ കണക്കാക്കിയിരുന്നത്. എന്നാൽ മുളർ ഗോത്രക്കാരുടെ വാദം ശരിവച്ചുകൊണ്ടാണ് 'റജബു മുളർ' എന്ന് നബിﷺ വ്യക്തമാക്കിയത്.

യുദ്ധം നിഷിദ്ധമാക്കപ്പെട്ട പവിത്രമായ മാസവും തിന്മകൾ കഠിനമായി വിലക്കപ്പെട്ടതും നന്മകളെ ഏറെ മഹത്ത്വമുള്ളതും പ്രോത്സാഹനീയവുമായി പഠിപ്പിക്കപ്പെട്ടതുമായ മാസങ്ങളിൽ ഒരു മാസം എന്നതൊഴിച്ചാൽ, പ്രത്യേകമായ മറ്റു ശ്രേഷ്ഠതകളോ ആചാരങ്ങളോ റജബ് മാസത്തിന് പഠിപ്പിക്കപ്പെട്ടിട്ടില്ല. ധാരാളം കെട്ടിച്ചമക്കപ്പെട്ട ഹദീഥുകളും ദുർബല ഹദീഥുകളും തെളിവാക്കി ഒട്ടനേകം അനാചാരങ്ങൾ റജബ് മാസത്തിൽ പലരും പ്രവർത്തിച്ചു വരുന്നതായിക്കാണാം. അത് സംബന്ധമായ വസ്തുതകളെക്കുറിച്ചാണ് നാം ഇവിടെ ചർച്ച ചെയ്യുന്നത്. അതുമായി ബന്ധപ്പെട്ട ഇമാമുകളുടെ വാക്കുകളിലേക്ക് നമുക്ക് കണ്ണോടിക്കാം:

ഒന്ന്: റജബ് മാസത്തിന് മാത്രം പ്രത്യേകം ശ്രേഷ്ഠതയുള്ളതായോ, ആ മാസത്തിൽ പ്രത്യേകമായ ആരാധനകളുള്ളതായോ നബിﷺയിൽ നിന്നും സ്ഥിരപ്പെട്ട് വന്നിട്ടില്ല.

ഇമാം ഇബ്നു ഹജർ അൽ അസ്ക്വലാനി (റഹി) തന്റെ 'റജബിന്റെ ശ്രേഷ്ഠതയുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള ആശങ്കകൾ വ്യക്തമാക്കൽ' എന്ന ഗ്രന്ഥത്തിൽ പറയുന്നു:

"റജബ് മാസത്തിന് പ്രത്യേകമായുള്ള ശ്രേഷ്ഠതയോ, അതിൽ പ്രത്യേകം നോമ്പ് നോൽക്കുന്നതോ, അതിലെ പ്രത്യേക ദിവസങ്ങൾ തിരഞ്ഞെടുത്ത് നോമ്പ് നോൽക്കുന്നതോ, അതിലെ ഏതെങ്കിലും പ്രത്യേക രാവിൽ രാത്രി നമസ്കാരം നിർവഹിക്കുന്നതോ സൂചിപ്പിച്ചുകൊണ്ട് തെളിവ് പിടിക്കാൻ കൊള്ളാവുന്ന ഒരു ഹദീഥും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എനിക്ക് മുമ്പ് ഇമാം ഹാഫിദ് അബൂ ഇസ്മാഈൽ അൽ ഹറവി തന്നെ അക്കാര്യം തീർത്ത് പറഞ്ഞിട്ടുണ്ട്."

മാലികീ മദ്ഹബിലെ പ്രഗത്ഭ പണ്ഡിതനായ ഇമാം ഹത്ത്വാബ് അൽ മാലികി (റഹി) തന്റെ 'മവാഹിബുൽ ജലീൽ ശർഹു മുഖ്തസ്വറുൽ ഖലീൽ' എന്ന ഗ്രന്ഥത്തിൽ (വാള്യം: 3, പേജ് 320) ഇമാം ഇബ്നു ഹജറിന്റെ വാക്കുകൾ എടുത്ത് കൊടുക്കുകയും വളരെ ശക്തമായി അതിനെ പിന്തുണക്കുകയും ചെയ്തിട്ടുണ്ട്.

റജബ് മാസത്തിൽ ആരാധനകൾ അനുഷ്ഠിക്കുന്നത് നിഷിദ്ധമാണ് എന്ന നിലക്കല്ല, എന്നാൽ റജബ് മാസമാണ് എന്ന കാരണത്താൽ പ്രത്യേകമായി ആരാധനകൾ അർപ്പിക്കൽ ഒരർഥത്തിലും സ്ഥിരപ്പെട്ട് വന്നിട്ടില്ല. പവിത്രമാക്കപ്പെട്ട മാസങ്ങൾ എന്ന നിലക്ക് ദുൽക്വഅ്ദ, ദുൽഹിജ്ജ, മുഹർറം മാസങ്ങൾക്ക് എന്ത് ശ്രേഷ്ഠതയാണോ ഉള്ളത് അതുമാത്രമെ റജബിനും ഉള്ളൂ.

രണ്ട്: റജബുമായി ബന്ധപ്പെട്ട് ധാരാളം കെട്ടിച്ചമക്കപ്പെട്ട ഹദീഥുകൾ ഉണ്ട്. മറ്റു ചിലത് ദുർബലമായവയും:

"ആദ്യമായി റജബ് മാസം അറിയിക്കുന്നവന് നരകം നിഷിദ്ധമാണ്" (ഇങ്ങനെയൊരു ഹദീഥ് പ്രാമാണികമായ ഒരു ഹദീഥ് ഗ്രന്ഥത്തിലും ഇല്ല. അല്ലാഹുവിന്റെ റസൂലിന്റെ മേലുള്ള പച്ചക്കളവാണിത്, ഇൻറർനെറ്റിലൂടെ ആരോ പടച്ചുവിട്ട കളവ്).

"റജബ് അല്ലാഹുവിന്റെ മാസമാണ്. ശഅ്ബാൻ എന്റെയും റമദാൻ എന്റെ ഉമ്മത്തിന്റെയും" (ഈ ഹദീഥ് ദുർബലമാണ്).

"റജബിൽ നിന്ന് ഈമാനോടെയും പ്രതിഫലേച്ഛയോടെയും ആരെങ്കിലും നോമ്പ് നോൽക്കുകയാണെങ്കിൽ..." (ഈ ഹദീഥ് കെട്ടിച്ചമക്കപ്പെട്ടതാണ്).

"റജബിന് മറ്റു സർവ മാസങ്ങളെക്കാളുമുള്ള ശ്രേഷ്ഠത..." (ഈ ഹദീഥ് കെട്ടിച്ചമക്കപ്പെട്ടതാണ്).

"റജബിൽ ഒരു വിശ്വാസിയുടെ പ്രയാസം ആരെങ്കിലും നീക്കിക്കൊടുത്താൽ..." (ഈ ഹദീഥ് കെട്ടിച്ചമക്കപ്പെട്ടതാണ്).

"റജബിലെ ദിനങ്ങൾ ആറാനാകാശത്തിലെ കവാടത്തിന്മേൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. അതിൽ നിന്ന് ഒരു ദിനമെങ്കിലും ആരെങ്കിലും നോമ്പ് പിടിച്ചാൽ..." (ഇതിന്റെ നിവേദകപരമ്പരയിൽ ഹദീഥ് പണ്ഡിതന്മാർ 'കളവ് പറയുന്നവൻ' എന്ന് രേഖപ്പെടുത്തിയ ആളുണ്ട്. അതിനാൽ അത് അത്യധികം ദുർബലമാണ്).

"റജബിലെ ഒരു ദിവസം ആരെങ്കിലും നോമ്പ് പിടിക്കുകയും നാല് റകഅത്ത് പ്രത്യേക നമസ്കാരം നിർവഹിക്കുകയും ചെയ്താൽ..." (ഈ ഹദീഥ് കെട്ടിച്ചമക്കപ്പെട്ടതാണ്).

"റജബ് ഇരുപത്തിയേഴാം രാവിൽ ആരെങ്കിലും രാത്രി നിന്ന് നമസ്കരിച്ചാൽ..." (ഈ ഹദീഥ് കെട്ടിച്ചമക്കപ്പെട്ടതാണ്).

"റജബ് പകുതിയിലെ രാവിൽ ആരെങ്കിലും പതിനാല് റകഅത്ത് നമസ്കരിച്ചാൽ..." (ഈ ഹദീഥ് കെട്ടിച്ചമക്കപ്പെട്ടതാണ്).

"റജബ് ഇരുപത്തിയേഴിനാണ് ഞാൻ പ്രവാചകനായി നിയോഗിക്കപ്പെട്ടത്" (ഈ ഹദീഥ് കെട്ടിച്ചമക്കപ്പെട്ടതാണ്).

"അല്ലാഹുവേ, നീ ഞങ്ങൾക്ക് റജബിലും ശഅ്ബാനിലും ബർകത്ത് ചൊരിയേണമേ, നീ ഞങ്ങൾക്ക് റമദാൻ വന്നെത്തിക്കേണമേ" (ഈ ഹദീഥ് ദുർബലമാണ്).

ഇമാം ഇബ്നു ഹജർ അൽഅസ്ക്വലാനി (റഹി) സൂചിപ്പിച്ചത് പോലെ ഇത്തരത്തിൽ റജബിന്റെ മഹത്ത്വം പ്രത്യേ

കമായി എടുത്ത് പറഞ്ഞുകൊണ്ട് വന്ന എല്ലാ ഹദീഥുകളും ഒന്നുകിൽ ദുർബലമോ അല്ലെങ്കിൽ കെട്ടിച്ചമക്കപ്പെട്ട കളവോ ആണ്. റജബുമായി ബന്ധപ്പെട്ട് ഇമാം ഇബ്നു ഹജർ സമാഹരിച്ച ദുർബല ഹദീഥുകളുടെ എണ്ണം പതിനൊന്നും, കെട്ടിച്ചമക്കപ്പെട്ട കള്ളഹദീഥുകളുടെ എണ്ണം ഇരുപത്തി ഒന്നുമാണ്. അദ്ദേഹം പറയുന്നു: "റജബ് മാസത്തിന്റെ ശ്രേഷ്ഠതയോ, റജബ് മാസത്തിൽ നോമ്പെടുക്കുന്നതിന്റെ ശ്രേഷ്ഠതയോ, അതിൽ ഏതെങ്കിലും പ്രത്യേകമായ ദിവസത്തിലെ നോമ്പിന്റെ പ്രത്യേകതയോ സൂചിപ്പിച്ചുകൊണ്ട് പ്രത്യക്ഷമായി വന്ന ഹദീഥുകൾ എല്ലാം തന്നെ രണ്ട് ഇനങ്ങളാണ്: ഒന്ന് ദുർബലവും മറ്റൊന്ന് കെട്ടിച്ചമക്കപ്പെട്ടതും."

മൂന്ന്: റജബ് മാസത്തിന് മറ്റു മാസങ്ങൾക്കില്ലാത്ത പ്രത്യേകമായ ശ്രേഷ്ഠത കൽപിക്കലും അതിൽ പ്രത്യേക ആചാരങ്ങൾ അനുഷ്ഠിക്കലും ജാഹിലിയ്യ കാലഘട്ടത്തിലെ പ്രവൃത്തിയാണ്:

ഉമറുബ്നുൽ ഖത്ത്വാബ്ﷺവിൽ നിന്നും ഇമാം ഇബ്നു അബീ ശൈബ (റഹി) ഉദ്ധരിക്കുന്നു: "റജബ് ജാഹിലിയ്യത്തിലെ ആളുകൾ മഹത്ത്വവൽക്കരിച്ചിരുന്ന മാസമാണ്. ഇസ്‌ലാം വന്നതിനു ശേഷം അത് ഉപേക്ഷിക്കപ്പെട്ടു" (മുസ്വന്നഫ് ഇബ്നു അബീശൈബ: 2/345).

നാല്: റജബ് 27ന് ഇസ്റാഅ്, മിഅ്റാജ് ആഘോഷിക്കലും ആ ദിവസം നോമ്പ് പിടിക്കലും ബിദ്അത്തുകളിൽ പെട്ടതാണ്.

നബിﷺയോ, സ്വഹാബത്തോ ആരും തന്നെ അപ്രകാരം ഒരു ദിനം ആഘോഷിച്ചതായി സ്ഥിരപ്പെട്ടിട്ടില്ല. റസൂൽ ﷺ പറഞ്ഞു: "നമ്മുടെ ഈ മതത്തിൽ ഇല്ലാത്തതിനെ വല്ലവനും പുതുതായുണ്ടാക്കിയാൽ അത് മടക്കപ്പെടുന്നതാണ്" (ബുഖാരി, മുസ്‌ലിം). അഥവാ അത് അവന്റെ മേൽ ശിക്ഷയായി മടങ്ങുന്നതാണ്. കാരണം അല്ലാഹുവിന്റെ റസൂൽ മതപരമായ എല്ലാ കർമങ്ങളും വിശ്വാസികൾക്ക് പഠിപ്പിച്ചു നൽകിയിട്ടുണ്ട്. എന്നാൽ അല്ലാഹുവിന്റെ റസൂൽ പഠിപ്പിച്ചിട്ടില്ലാത്ത ആഘോഷങ്ങൾ അനുഷ്ഠിക്കുക വഴി നബിﷺ ദൗത്യ നിർവഹണത്തിൽ വീഴ്ച വരുത്തി എന്ന് ആരോപിക്കുംവിധം അദ്ദേഹത്തെ അപകീർത്തിപ്പെടുത്തുകയാണ് അവർ ചെയ്യുന്നത്. മിഅ്റാജ് നോമ്പ് അനുഷ്ഠിക്കുന്നവരും ഇതിൽ നിന്നും വ്യത്യസ്ഥമല്ല. കാരണം അങ്ങനെയൊരു നോമ്പ് നബി ﷺ പഠിപ്പിച്ചിട്ടില്ല. ഇമാം ഇബ്നു ഹജർ അൽ അസ്ക്വലാനി റഹിമഹുല്ല പറയുന്നു: "റജബ് മാസത്തിന് പ്രത്യേകമായുള്ള ശ്രേഷ്ഠതയോ, അതിൽ പ്രത്യേകം നോമ്പ് നോൽക്കുന്നതോ, അതിലെ പ്രത്യേക ദിവസങ്ങൾ തിരഞ്ഞെടുത്ത് നോമ്പ് നോൽക്കുന്നതോ, അതിലെ ഏതെങ്കിലും പ്രത്യേക രാവിൽ രാത്രി നമസ്കാരം നിർവഹിക്കുന്നതോ സൂചിപ്പിച്ചുകൊണ്ട് തെളിവ് പിടിക്കാൻ കൊള്ളാവുന്ന ഒരു ഹദീഥും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല."

അഞ്ച്: റജബ് മാസത്തിൽ പ്രത്യേകം ഉംറ ചെയ്യൽ. ഉംറ ഏത് മാസങ്ങളിലും നിർവഹിക്കാവുന്നതാണ്. എന്നാൽ റജബ് മാസത്തിലെ ഉംറക്ക് പ്രത്യേക പുണ്യമുണ്ട് എന്ന് പ്രതീക്ഷിച്ചുകൊണ്ട് ഉംറ കർമം നിർവഹിക്കുന്നത് ബിദ്അത്തുകളിൽ പെട്ടതാണ്. മാത്രമല്ല റജബ് മാസത്തിൽ പ്രത്യേകമായി ഉംറ കർമം നിർവഹിക്കുന്ന ആളുകൾക്ക് റസൂൽﷺയുടെ പത്നി ആഇശﷺ തന്നെ മറുപടി നൽകിയിട്ടുമുണ്ട്. ഇമാം ബുഖാരിയും ഇമാം മുസ്‌ലിമും ആഇശﷺയിൽ നിന്നും ഉദ്ധരിക്കുന്നു:

"റസൂൽﷺ ഒരിക്കലും റജബ് മാസത്തിൽ ഉംറ നിർവഹിച്ചിട്ടില്ല" (ബുഖാരി: 1776, മുസ്‌ലിം: 1255).

ഇമാം നവവി(റഹി)യുടെ ശിഷ്യന്മാരിൽ പ്രഗത്ഭനായ ഇബ്നുൽ അത്ത്വാർ (റഹി) പറയുന്നു:

"മക്കക്കർ റജബ് മാസത്തിൽ ധാരാളമായി ഉംറ കർമം നിർവഹിക്കുന്നത് എനിക്കറിയാൻ സാധിച്ചു. അതിന് യാതൊരു അടിസ്ഥാനവുമുള്ളതായി എനിക്കറിയില്ല. 'ആരെങ്കിലും റമദാനിൽ ഒരു ഉംറ നിർവഹിച്ചാൽ അത് ഹജ്ജ് നിർവഹിച്ചതുപോലെയാണ്' എന്നാണ് നബിﷺയിൽ നിന്നും സ്ഥിരപ്പെട്ടിട്ടുള്ളത്."

ഉംറക്ക് മറ്റു മാസങ്ങളെക്കാൾ പ്രത്യേകമായ ശ്രേഷ്ഠത പഠിപ്പിക്കപ്പെട്ടിട്ടുള്ളത് റമദാനിനും, ശവ്വാൽ, ദുൽഖഅ്ദ, ദുൽഹിജ്ജ എന്നീ ഹജ്ജ് മാസങ്ങൾ എന്നറിയപ്പെടുന്ന മൂന്ന് മാസങ്ങൾക്കുമാണ്.

ആറ്: ആഗ്രഹ സഫലീകരണ നമസ്കാരം: ഇതും റജബ് മാസത്തോടനുബന്ധിച്ച് ചിലർ ഉണ്ടാക്കിയ അനാചാരമാണ്. ഇമാം നവവി പറയുന്നു:

"സ്വലാത്തുർറഗാഇബ് എന്നറിയപ്പെടുന്ന (ആഗ്രഹ സഫലീകരണ) നമസ്കാരം, അതായത് റജബ് മാസത്തിലെ ആദ്യത്തെ ജുമുഅ ദിവസം മഗ്‌രിബിനും ഇശാഇന്നും ഇടയിൽ നമസ്കരിക്കുന്ന പന്ത്രണ്ട് റക്അത്ത് നമസ്കാരം, അതുപോലെ ശഅ്ബാൻ പതിനഞ്ചിന് നമസ്കരിക്കുന്ന നൂറ് റക്അത്ത് നമസ്കാരം ഇവ രണ്ടും ബിദ്അത്താണ്. അവ അങ്ങേയറ്റം വലിയ തിന്മയും മ്ലേച്ഛവുമാണ്. 'ക്വൂതുൽ ക്വുലൂബ്' എന്ന ഗ്രന്ഥത്തിലോ, 'ഇഹ്‌യാ ഉലൂമുദ്ദീൻ' എന്ന ഗ്രന്ഥത്തിലോ അവ പരാമർശിക്കപ്പെട്ടിട്ടുണ്ട് എന്നതിനാലോ, അതുമായി ബന്ധപ്പെട്ട ഹദീഥ് കണ്ടോ ആരും തന്നെ വഞ്ചിതരാവേണ്ടതില്ല. അവയെല്ലാം തന്നെ ബാത്വിലാണ്. അതുപോലെ അതിന്റെ മതവിധി വ്യക്തമല്ലാത്തതിനാൽ അത് പുണ്യകരമാണ് എന്ന നിലക്ക് കൃതിയെഴുതിയ ഇമാമുകളുടെ വാക്കുകൾ കണ്ടും ആരും വഞ്ചിതരാകേണ്ട. കാരണം അവർക്ക് ആ വിഷയത്തിൽ തെറ്റുപറ്റിയിരിക്കുന്നു. ശൈഖ് ഇമാം അബൂ മുഹമ്മദ് അബ്ദുറഹ്മാൻ ബ്ൻ ഇസ്മാഈൽ അൽ മഖ്ദിസി ആ രണ്ട് നമസ്കാരങ്ങളും (ബിദ്അത്തും) വ്യാജവുമാണ് എന്ന് വ്യക്തമാക്കിക്കൊണ്ട്

വളരെ വിലപ്പെട്ട ഒരു ഗ്രന്ഥം രചിച്ചിട്ടുണ്ട്. വളരെ നല്ല രൂപത്തിൽ വസ്തുനിഷ്ഠമായി അദ്ദേഹം ആ രചന നിർവഹിച്ചിരിക്കുന്നു. അല്ലാഹു അദ്ദേഹത്തിന് കരുണ ചെയ്യട്ടെ" (അൽമജ്മൂഅ്: 3/548).

ഏഴ്: റജബിലുള്ള പ്രത്യേക പ്രാർഥന എന്ന നിലക്ക് പറയപ്പെടുന്ന "അല്ലാഹുവേ, നീ ഞങ്ങൾക്ക് റജബിലും ശഅ്ബാനിലും അനുഗ്രഹം ചൊരിയുകയും ഞങ്ങൾക്ക് നീ റമദാൻ വന്നെത്തിക്കുകയും ചെയ്യേണമേ" എന്ന പ്രാർഥന ഉദ്ധരിക്കപ്പെട്ടത് ഇമാം അഹ്മദ് റഹിമഹുല്ലയുടെ മകൻ സവാഇദുൽ മുസ്നദ് എന്ന ഗ്രന്ഥത്തിൽ 2346-ാം നമ്പർ ഹദീഥായും, ഇമാം ത്വബ്റാനി തന്റെ അൽഔസത്വ് എന്ന ഗ്രന്ഥത്തിൽ 3939-ാം നമ്പർ ഹദീഥായും, ഇമാം ബൈഹഖി തന്റെ ശുഅബിൽ 3534-ാം നമ്പർ ഹദീഥായുമാണ്.

സാഇദ ബ്നു അബീ റുഖാദ് ഈ ഹദീഥ് സിയാദ് അന്നുമൈരി എന്നയാളിൽ നിന്നും അദ്ദേഹം അനസ് ബ്ൻ മാലിക്ﷺ വിൽനിന്നുമാണ് അത് ഉദ്ധരിക്കുന്നത്. ഹദീഥ് ഇപ്രകാരമാണ്:

റജബ് മാസം പ്രവേശിച്ചാൽ നബി ﷺ ഇപ്രകാരം പറയാറുണ്ടായിരുന്നു: "അല്ലാഹുവേ നീ ഞങ്ങൾക്ക് റജബിലും ശഅബാനിലും അനുഗ്രഹം ചൊരിയുകയും ഞങ്ങൾക്ക് നീ റമദാൻ വന്നെത്തിക്കുകയും ചെയ്യേണമേ."

ഇതിന്റെ സനദ് ദുർബലമാണ്. ഇതിന്റെ സനദിലുള്ള സിയാദ് അന്നുമൈരി എന്നയാൾ 'ളഈഫ്' അഥവാ ഹദീസ് നിദാനശാസ്ത്രപ്രകാരം ദുർബലനാണ്. ഇമാം ഇബ്നു മഈൻ ഇയാൾ ദുർബലനാണ് എന്ന് പറഞ്ഞിട്ടുണ്ട്. ഇമാം അബൂഹാതിം ഇയാളെ തെളിവ്പിടിക്കാൻ കൊള്ളില്ല എന്ന് പറഞ്ഞിട്ടുണ്ട്. അതുപോലെ ഇമാം ഇബ്നു ഹിബ്ബാൻ ഇയാളെ ദുർബലന്മാരുടെ ഗണത്തിൽ എണ്ണുകയും 'ഇയാളുടെ ഹദീഥുകൾ കൊണ്ട് തെളിവ് പിടിക്കാൻ പാടില്ല' എന്ന് പറയുകയും ചെയ്തിട്ടുണ്ട്. (മീസാനുൽ ഇഅ്തിദാൽ 2/91).

ഇയാളിൽ നിന്ന് ഈ ഹദീഥ് ഉദ്ധരിച്ച സാഇദബ്നു അബീ റുഖാദ് ഇയാളെക്കാൾ ദുർബലനാണ്. അയാൾ 'മുൻകറുൽ ഹദീഥ്' ആണെന്ന് ഇമാം ബുഖാരിയും ഇമാം നസാഇയും പറഞ്ഞിട്ടുണ്ട്.

മാത്രമല്ല ഒരുപറ്റം ഹദീഥ് പണ്ഡിതന്മാർ ഈ ഹദീഥ് ദുർബലമാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇമാം നവവി തന്റെ 'അൽഅദ്കാർ' എന്ന ഗ്രന്ഥത്തിൽ ഇത് ദുർബലപ്പെടുത്തിയിട്ടുണ്ട് (പേജ്: 189). അതുപോലെ ഇബ്നു റജബ് തന്റെ 'ലത്വാഇഫുൽ മആരിഫ്' എന്ന ഗ്രന്ഥത്തിലും (പേജ്: 121) ശൈഖ് അൽബാനി തന്റെ 'ദഈഫുൽ ജാമിഅ്' എന്ന ഗ്രന്ഥത്തിലും (ഹദീഥ്: 4395) ഈ ഹദീഥ് ദുർബലമാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

ഇമാം ഇബ്നു ഹജർ അൽഹൈതമി (റഹി) ഈ ഹദീഥിനെ സംബന്ധിച്ച് പറയുന്നു:

"ഇമാം ബസ്സാർ അത് ഉദ്ധരിച്ചിട്ടുണ്ട്. അതിന്റെ സനദിൽ സാഇദബ്നു അബീ റുഖാദ് എന്ന് പറയുന്നയാളുണ്ട്. അയാൾ 'മുൻകറുൽ ഹദീഥ്' ആണ്. അയാൾ മജ്ഹൂലായ ആളാണ് എന്നും ചിലർ രേഖപ്പെടുത്തിയിട്ടുണ്ട്." (2/165).

അപ്രകാരമുള്ള ഒരു പ്രത്യേക പ്രാർഥന നബിﷺയിൽ നിന്നും സ്ഥിരപ്പെട്ടു വന്നിട്ടില്ല എന്ന് വ്യക്തം. അതിനാൽ റജബ് മാസവുമായി ബന്ധപ്പെടുത്തി അത് അനുഷ്ഠിക്കുവാൻ പാടില്ല.

അല്ലാഹുവിന്റെ റസൂലിനെ പിന്തുടരുക എന്നത് മാത്രമാണ് രക്ഷയുടെ മാർഗം. അല്ലാഹുവോടും അവന്റെ റസൂലിനോടും ഇഷ്ടവും കൂറുമുള്ളവർ ചെയ്യേണ്ടത് അതാണ്. അല്ലാഹു പറയുന്നത് നോക്കൂ:

"(നബിയേ,) പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ"(ആലുഇംറാൻ: 31).

അതെ, അല്ലാഹുവിനെ സ്നേഹിക്കുന്നുണ്ടെങ്കിൽ, അല്ലാഹുവിന്റെ റസൂലിനെ പിന്തുടരുവിൻ. എങ്കിൽ അല്ലാഹു നിങ്ങളെയും സ്നേഹിക്കും. മറിച്ച് അല്ലാഹുവിന്റെ ദീനിൽ അല്ലാഹു പഠിപ്പിച്ചിട്ടില്ലാത്ത ആചാരങ്ങൾ കടത്തിക്കൂട്ടിയാൽ അതിഭയാനകമായ ശിക്ഷയാണ് കാത്തിരിക്കുന്നത്. ഹൗദുൽ കൗഥറിൽ നിന്ന് പാനീയം ലഭിക്കാതെ ആട്ടിയോടിക്കപ്പെടുന്നവരുടെ കൂട്ടത്തിലാണ് അല്ലാഹുവിന്റെ റസൂൽﷺ ബിദ്അത്തുകാരെ എണ്ണിയിട്ടുള്ളത്. അല്ലാഹു നമ്മെയും നമ്മുടെ കുടുംബത്തെയും കാത്തു രക്ഷിക്കുമാറാകട്ടെ. ●

രജിസ്ട്രേഷൻ ആരംഭിച്ചു

ജാമിഅഃ അൽഹിന്ദ്, മിനി ഊട്ടി

ജാമിഅഃ അൽഹിന്ദ് അൽ ഇസ്‌ലാമിയ്യഃ ശരീഅഃ കോളേജിന്റെ
2017 - 18 അധ്യയന വർഷത്തേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു

യോഗ്യത; SSLC, +2 (Passed only)
ആൺകുട്ടികൾക്ക് മാത്രം ◊ പൂർണമായും സൗജന്യം

രജിസ്ട്രേഷൻ ഓൺലൈൻ വഴി മാത്രം
(www.jamiaalhind.com)

Jamia Al Hind Al Islamiya, Miny Ooty, Oorakam
Melmuri-PO, malappuram-Dt, Kerala, Pin: 676 519
Ph: 9961725725

ഹാരിസ്ബിൻ സലീം
harisbinsaleem@gmail.com



വ്യക്തിപരവും കുടുംബപരമായ പ്രശ്നങ്ങളിൽ അകപ്പെട്ട് നീറുന്ന മനസ്സുമായി ജീവിതം തള്ളിനീക്കുന്നവർക്ക് ആശ്വാസം പകരുന്നതും പരിഹാര മാർഗങ്ങൾ നിർദേശിക്കുന്നതുമായ പംക്തിയാണ് 'ശാന്തിഗേഹം.' വായനക്കാർക്ക് ഈ പംക്തിയിലേക്ക് താഴെ കൊടുക്കുന്ന വാട്സാപ്പ് നമ്പറിൽ ചോദ്യങ്ങൾ അയക്കാവുന്നതാണ്: 9656292244

# പിതാവിന്റെ പുനർവിവാഹം ഇഷ്ടപ്പെടാത്ത മക്കൾ

? *മുതിർന്ന മക്കളുള്ള ഒരാളുടെ ഭാര്യ മരണപ്പെട്ടു. പിന്നീട് അയാൾ വിവാഹം കഴിച്ചത് പ്രായം കുറഞ്ഞ എന്നെയാണ്. നിലവിലുള്ള മക്കളോട് ഞാൻ എങ്ങനെ പെരുമാറണം? അവർ തിരിച്ച് എന്നോട് പെരുമാറേണ്ടതും എങ്ങനെയാണ്? പരസ്പരം അത്ര ഇഷ്ടമില്ലാതെ ജീവിക്കുന്ന ഇരുകൂട്ടർക്കുമിടയിൽ രമ്യതയുണ്ടാക്കാൻ, പരലോകം നഷ്ടപ്പെടാതിരിക്കാൻ പ്രായോഗിക മാർഗങ്ങൾ നിർദേശിക്കാമോ?*

! നിങ്ങളെ വിവാഹം ചെയ്ത ഭർത്താവിന്റെ മുൻ ഭാര്യയിലുള്ള മക്കൾ നിങ്ങൾക്കു മഹ്റം (വിവാഹം നിഷിദ്ധമാക്കപ്പെട്ടവർ) ആണ്. അല്ലാഹു പറയുന്നു: "നിങ്ങളുടെ പിതാക്കൾ വിവാഹം ചെയ്ത സ്ത്രീകളെ നിങ്ങൾ വിവാഹം കഴിക്കരുത്..." (4:22).

ഈ വചനത്തിൽ നിന്നും മനസ്സിലാകുന്നത് പിതാവോ പിതാവിന്റെ പിതാവോ വിവാഹം ചെയ്തവരെ മക്കൾക്ക് വിവാഹം ചെയ്യാൻ പാടില്ലെന്നതാണ്. ഒരാൾ ഒരു സ്ത്രീയെ മതപരമായ നിലയിൽ വിവാഹം ചെയ്താൽ, അയാളുടെ മക്കൾ, മക്കളുടെ മക്കൾ, പെൺമക്കളുടെ മക്കൾ എന്നിവർക്ക് ആ സ്ത്രീയെ വിവാഹം ചെയ്യൽ നിഷിദ്ധമാണ്. (അൽ ഫതാവാ ജാമിഅ്, അശ്ശൈഖ് സ്വാലിഹ് ബ്നു ഉസൈമീൻ). അതുകൊണ്ട് തന്നെ അവരോടൊപ്പം ജീവിക്കുന്നതിനോ പെരുമാറുന്നതിനോ മതപരമായി തടസ്സമില്ല.

എന്നാൽ സഹോദരി ഇവിടെ ചില ആശങ്കകൾ പ്രകടിപ്പിക്കുന്നുണ്ട്. അതിന് ചില പ്രായോഗിക മാർഗങ്ങൾ നിർദേശിക്കട്ടെ.

ഒന്ന്: ഭർത്താവിന്റെ നിലവിലുള്ള മക്കൾ മുതിർന്നവരായതു കൊണ്ട് പ്രായം കുറഞ്ഞ ഒരു സ്ത്രീയെ ഉമ്മയുടെ സ്ഥാനത്ത് കണ്ട് പെരുമാറാൻ അവർക്കുള്ള വിഷമം ഒരുവശത്ത്. ഏകദേശം തന്നോളം പ്രായം വരുന്നവരെ മക്കളെ പോലെ കണ്ട് പെരുമാറാനുള്ള താങ്കളുടെ പ്രയാസം മറുവശത്ത്. ഇവിടെ ആശങ്കപ്പെടേണ്ട കാര്യമേ ഇല്ല. സ്വന്തം കാര്യങ്ങൾ സ്വയം ചെയ്യാൻ പാകതയും പക്വതയുമെത്തിയവരെ ചെറിയ കുട്ടികളെപ്പോലെ സംരക്ഷിക്കേണ്ട ആവശ്യമെന്ത്? സ്വന്തം ഉമ്മ ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ പോലും മുതിർന്ന മക്കൾ വളരുന്നതിനനുസരിച്ച് അകലമുണ്ടാകും. അതുപോലെ മാത്രമെ ഇവിടെയും വിചാരിക്കേണ്ടതുള്ളൂ. അവരുടെ വസ്ത്രം അലക്കിക്കൊടുക്കുകയോ അവർ താമസിക്കുന്ന മുറി വൃത്തിയാക്കുകയോ ചെയ്യേണ്ട അനിവാര്യതയുണ്ടെങ്കിൽ ചെയ്യുക. കഴിയുന്നതും അത് അവർ സ്വന്തം നിർവഹിക്കുന്നതാണ് നല്ലത്. വിവാഹിതരാകുന്നതോടൊപ്പം അതെല്ലാം അവരുടെ ഭാര്യമാർ നിർവഹിക്കും. മാത്രവുമല്ല, അവർ അതോടെ പുതിയൊരു കുടുംബമായി മാറുകയും ചെയ്യും.

രണ്ട്: ഈ മുതിർന്ന മക്കളുടെ കാര്യത്തിൽ സ്വന്തം മക്കളെപ്പോലെ പെരുമാറാനും പരിചരിക്കാനും സാധിക്കാതെ വന്നാൽ പരലോകം നഷ്ടപ്പെടുമല്ലോ എന്നതാണ് സഹോദരിയുടെ ആശങ്ക. ഉപകാരങ്ങളും സേവനങ്ങളും ചെയ്യുന്നതിലുപരി അവരുടെ വീട്ടിൽ അവർക്ക് വിഷമകരമായ അവസ്ഥ സൃഷ്ടിക്കുന്ന രൂപത്തിൽ പെരുമാറാതിരിക്കുക എന്നതാണ് ശ്രദ്ധിക്കേണ്ടത്. ഓരോരുത്തരോടും അവരവരുടെ കഴിവിനനുസരിച്ച് പ്രവർത്തിക്കാനേ അല്ലാഹു നിർദേശിച്ചിട്ടുള്ളൂ. അതിനാൽ സാധ്യമല്ലാത്ത കാര്യങ്ങളിൽ വെറുതെ ആശങ്കപ്പെടേണ്ടതില്ല.

മൂന്ന്: പരസ്പരം ഇഷ്ടമില്ലാതെ ജീവിക്കുന്നവർക്കിടയിൽ രമ്യത ഉണ്ടാക്കുവാൻ കഴിയാതെ പോകുന്നു എന്നതാണ് മറ്റൊരു ആശങ്ക. പിതാവിന്റെ പുനർ വിവാഹത്തെ മക്കൾ ഇഷ്ടപ്പെടുന്നില്ലെന്നാണ് ചോദ്യത്തിൽ നിന്ന് മനസ്സിലാകുന്നത്. ഇതിന്റെ കാരണം തങ്ങളുടെ മാതാവിന്റെ സ്ഥാനത്ത് മറ്റൊരു സ്ത്രീയെ ഉൾക്കൊള്ളാൻ കഴിയാത്തതാവാം. ഇത് സ്വാഭാവികം മാത്രമാണ്. അവരുടെ മാനസികാവസ്ഥ മനസ്സിലാക്കി ആ സ്ഥാനത്ത് ഞാനാണെങ്കിലും ഒരുപക്ഷേ, ഇതേ നിലപാടായിരിക്കും സ്വീകരിക്കുകഎന്ന് കരുതി സമാധാനിക്കുക.

ചിലരെങ്കിലും പിതാവിന്റെ പുനർ വിവാഹം തങ്ങളുടെ അനന്തര സ്വത്തിനെ ബാധിക്കുമോ എന്ന് ഭയപ്പെടുന്നവരുണ്ട്. അത്തരം സ്വാർഥതകളെ ഒരു നിലക്കും പരിഗണിക്കേണ്ടതില്ല. ഭാര്യയില്ലാതെ ഒരാൾക്ക് ജീവിക്കാൻ വളരെ പ്രയാസമാണ്. പ്രത്യേകിച്ചും പ്രായമായവർക്ക്. തങ്ങളുടെ ഉമ്മക്ക് ഉപ്പയിൽ നിന്നും ഇത്രയും നല്ലൊരു ജീവിതം ലഭിച്ചില്ലല്ലോ എന്ന് ചിന്തിക്കുന്നവരും മക്കളിലുണ്ടാകാം. ഇത്തരം മനോഗതികളൊന്നും നമ്മുടെ നിയന്ത്രണത്തിലല്ലാത്തതിനാൽ പരിഹാരമില്ല. ക്ഷമിച്ച് പ്രതിഫലം നേടാൻ ശ്രമിക്കുക മാത്രമെ വഴിയുള്ളൂ.

തിന്മയെ നന്മ കൊണ്ട് പ്രതിരോധിച്ചാൽ ഏതൊരാളും ആത്മ മിത്രമാകും എന്ന ക്വുർആൻ വാക്യം ജീവിതത്തിൽ പ്രയോഗവൽക്കരിക്കുക. അല്ലാഹു സഹായിക്കട്ടെ. ●

അബൂഫായിദ
mail@nerpatham.com



# ദാനത്തിന്റെ വിവിധ വഴികൾ

**അബൂദർറ്﵁വിൽനിന്ന് നിവേദനം: "നബിﷺയുടെ അനുചരന്മാരിൽപെട്ട ചിലർ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, പ്രതിഫലങ്ങളെല്ലാം ധനികന്മാർ കൊണ്ടുപോയി. അവരും ഞങ്ങൾ നമസ്കരിക്കുന്നതുപോലെ നമസ്കരിക്കുകയും ഞങ്ങൾ നോമ്പനുഷ്ഠിക്കുന്നതുപോലെ നോമ്പനുഷ്ഠിക്കുകയും ചെയ്യുന്നു. (കൂടാതെ) അവർ മിച്ച ധനത്തിൽനിന്ന് ദാനം ചെയ്യുകയും ചെയ്യുന്നു.' നബിﷺ പറഞ്ഞു: 'ദാനം ചെയ്യുന്നതൊന്നും അല്ലാഹു നിങ്ങൾക്ക് ഉണ്ടാക്കിയിട്ടില്ലെന്നാണോ? നിശ്ചയമായും എല്ലാ തസ്ബീഹും (സുബ്ഹാനല്ലാഹ് എന്ന് പറയൽ) ദാനമാണ്. എല്ലാ തക്ബീറും (അല്ലാഹു അക്ബർ) ദാനമാണ്. എല്ലാ തഹ്മീദും (അൽഹംദുലില്ലാഹ്) ദാനമാണ്. എല്ലാ തഹ്ലീലും (ലാഇലാഹ ഇല്ലല്ലാഹ്) ദാനമാണ്. നന്മ കൽപിക്കൽ ദാനമാണ്. തിന്മ വിരോധിക്കൽ ദാനമാണ്. നിങ്ങളിലൊരുവന്റെ ലൈംഗിക ബന്ധത്തിലും ദാനമുണ്ട്.' അവർ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, ഞങ്ങളിലൊരാൾ തന്റെ ലൈംഗികാസക്തി ശമിപ്പിക്കുന്നതിലും പ്രതിഫലമുണ്ടോ?' അവിടുന്ന് പറഞ്ഞു: 'അയാളത് നിഷിദ്ധമായ മാർഗത്തിലാണ് ശമിപ്പിച്ചതെങ്കിൽ അയാളുടെ മേൽ കുറ്റമില്ലേ? അതുപോലെ അനുവദനീയമായ മാർഗത്തിൽ അയാളത് ശമിപ്പിച്ചാൽ അയാൾക്കതിന് പ്രതിഫലവുമുണ്ട്" (മുസ്‌ലിം).**

അല്ലാഹു മനുഷ്യരെ സൃഷ്ടിച്ചിരിക്കുന്നത് ഒരേ അവസ്ഥയിലായിക്കൊണ്ടല്ല. സമ്പന്നർ, ദരിദ്രർ, പണ്ഡിതർ, പാമരർ, ആരോഗ്യമുള്ളവർ-ഇല്ലാത്തവർ, വാചാലതയുള്ളവർ-ഇല്ലാത്തവർ... അങ്ങനെയങ്ങനെ വിഭിന്നമായ അവസ്ഥകളും ശേഷികളും നാം മനുഷ്യരിൽ കാണുന്നു. എല്ലാവർക്കും എല്ലാം ലഭിച്ച് സംതൃപ്തിയടയാൻ കഴിയില്ല. അതിനാൽ ഉള്ളതിൽ തൃപ്തിപ്പെട്ട് ജീവിക്കുവാൻ ശ്രമിക്കുകയാണ് വേണ്ടത്.

പ്രവാചകാനുചരന്മാരിൽ ചിലരുടെ ആശങ്ക തങ്ങൾ സമ്പന്നരെക്കാൾ പുണ്യം ചെയ്ത് സ്വർഗം കരസ്ഥമാക്കുന്നതിൽ പിന്നിലായിപ്പോകുമോ എന്നതായിരുന്നു. കാരണം തങ്ങൾ ചെയ്യുന്ന എല്ലാ ഐച്ഛികവും നിർബന്ധവുമായ കർമങ്ങൾ സമ്പന്നരും ചെയ്യുന്നു. കൂടാതെ ധർമം ചെയ്യുക എന്ന പുണ്യം അവർ കൂടുതലായി ചെയ്യുകയും ചെയ്യുന്നു. എന്നാൽ സ്വർഗം നേടുന്നതിന് ഭൗതിക സൗകര്യങ്ങളുടെ അഭാവം തടസ്സമല്ലെന്ന് നബിﷺ അവരെ ബോധ്യപ്പെടുത്തുകയാണ്. സുബ്ഹാനല്ലാഹ്, അൽഹംദുലില്ലാഹ്.... തുടങ്ങിയ പ്രകീർത്തനങ്ങൾ ദാനമാണെന്ന് മനസ്സിലാക്കുന്നവർ ഉള്ളവന്റെ സൗകര്യങ്ങൾ നോക്കി നെടുവീർപ്പിടുകയില്ല. സമ്പന്നർ ആയിരങ്ങളും പതിനായിരങ്ങളും ലക്ഷങ്ങളും ദാനം ചെയ്യുമ്പോൾ അതിന് കഴിയാത്ത ദരിദ്രർക്ക് ദാനത്തിന്റെ പ്രതിഫലം ലഭിക്കാൻ അവരുടെ ചുണ്ടുകൾ ചലിപ്പിച്ചാൽ മതി! സ്രഷ്ടാവിനെ പ്രകീർത്തിക്കുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യുന്നതിന്റെ അപാരമായ പ്രതിഫലം ഈ പ്രവാചക വചനം നമുക്ക് മനസ്സിലാക്കിത്തരുന്നു.

സമ്പത്തില്ലാത്തവർക്ക് ധനംകൊണ്ടുള്ള ധർമം ചെയ്യാൻ സാധിക്കില്ലെന്നത് ശരിയാണ്. എന്നാൽ കഴിവിൽ പെട്ട ധാരാളം ധർമങ്ങൾ അവരുടെ മുമ്പിലുണ്ട്. ദരിദ്രർക്ക് ചെയ്യാൻ സൗകര്യമുള്ള ചില ധർമങ്ങൾ ചെയ്യാൻ സമ്പന്നർക്ക് സാധിച്ചുകൊള്ളണമെന്നുമില്ല. എന്തെങ്കിലും ചില സൗകര്യക്കുറവുകളൊക്കെ എല്ലാവർക്കുമുണ്ടാകുമെന്നർഥം.

സ്രഷ്ടാവ് തനിക്ക് നൽകിയ അനുഗ്രഹങ്ങൾ ഏതൊക്കെയാണോ അതുകൊണ്ടെല്ലാം നന്ദി കാണിച്ച് പ്രതിഫലാർഹനാകാൻ ശ്രമിക്കുകയാണ് വിശ്വാസി ചെയ്യേണ്ടത്; നൽകപ്പെടാത്തതിൽ നിരാശപ്പെട്ട് കർമവിമുഖനായി ഇരിക്കുകയല്ല. പണമില്ലാത്തവൻ ദാനം ചെയ്യാൻ സാധിക്കാത്തതിൽ നിരാശനാകേണ്ടതില്ല. കാരണം ദാനം അയാളുടെ മേൽ ബാധ്യതയാകുന്നില്ല. അയാൾ അറിവുള്ളവനാണെങ്കിൽ ആ അറിവ് മറ്റുള്ളവർക്ക് പകർന്നുകൊടുക്കലാണ് അയാളുടെ ധർമം. അയാൾ ആരോഗ്യമുള്ളവനാണെങ്കിൽ നല്ല കാര്യങ്ങൾക്കു വേണ്ടി ആ അനുഗ്രഹം വിനിയോഗിക്കണം. നന്മ കൽപിക്കലും തിന്മ വിരോധിക്കലും ദാനമാണെന്ന് പഠിപ്പിക്കുന്ന പ്രവാചകൻﷺ അനുവദനീയമായ മാർഗത്തിൽ ലൈംഗിക ബന്ധത്തിലേർപെടുന്നത് പോലും പ്രതിഫലാർഹമാണെന്ന് മനസ്സിലാക്കിത്തരുന്നു.

സൂക്ഷ്മതാബോധവും അനുസരണവുമാണ് പ്രധാനം. ചുറ്റുപാടുകൾ തെറ്റിലേക്ക് മാടിവിളിക്കുമ്പോൾ സ്രഷ്ടാവിനെ ഭയന്ന് തെറ്റിലേക്ക് ചാഞ്ഞുപോകാതിരിക്കണം. ഇന്ന് ഏറ്റവും കൂടുതൽ കാണപ്പെടുന്ന തിന്മകളിൽ ഒന്ന് ലൈംഗിക രംഗവുമായി ബന്ധപ്പെട്ടതാണ്. ദിനേന മാധ്യമങ്ങളിലൂടെ നമുക്ക് ലഭിക്കുന്ന പീഡന വാർത്തകൾ അതാണ് സൂചിപ്പിക്കുന്നത്. ലൈംഗിക വികാരം അനുവദനീയ മാർഗത്തിലല്ലാതെ ശമിപ്പിച്ചാൽ കഠിനമായ ശിക്ഷയുണ്ടെന്നും അനുവദനീയ മാർഗത്തിലൂടെയാണെങ്കിൽ പ്രതിഫലമുണ്ടെന്നുമുള്ള അധ്യാപനം ഉൾക്കൊള്ളാൻ സമൂഹം തയ്യാറായാൽ വിപ്ലവകരമായ മാറ്റമുണ്ടാകുമെന്നതിൽ സംശയമില്ല. ●

അശ്റഫ് എകരൂൽ
ashrafekarul@gmail.com



# അനാഥർക്ക് തണലേകുക

നിർഭയത്വവും നിരീക്ഷണവും നിർലോഭം ലഭിക്കേണ്ട ബാല്യങ്ങൾക്ക് അവയുടെ അസാന്നിധ്യം സൃഷ്ടിക്കുന്ന പ്രശ്‌നങ്ങളും അവയെ മറികടക്കാനുള്ള ഇസ്‌ലാമിക പരിഹാരങ്ങളും വിശകലനം ചെയ്യുന്നിടത്ത് പരാർശിക്കപ്പെടേണ്ടതാണ് അനാഥത്വം. മക്കളുടെ വഴിതെറ്റിയുള്ള സഞ്ചാരത്തിന് അനാഥത്വം പലപ്പോഴും കാരണമാകാറുണ്ട്. ആവർത്തിക്കപ്പെടുന്ന യുദ്ധങ്ങളും ആധുനിക ജീവിത ശൈലി സമ്മാനിക്കുന്ന രോഗങ്ങളും പ്രകൃതി ദുരന്തങ്ങളും മൂലം വർധിക്കുന്ന മരണങ്ങൾ നിമിത്തം എണ്ണം പെരുകുന്ന അനാഥകളെ സ്‌നേഹത്തിന്റെയും സുരക്ഷയുടെയും ചിറകിനുള്ളിലേക്ക് ഒതുക്കിപ്പിടിച്ചില്ലെങ്കിൽ തീർച്ചയായും ഈ മനുഷ്യവിഭവങ്ങൾ മലിനപ്പെടുകയും മനുഷ്യകുലത്തിനു തന്നെ ഭീഷണിയായി മാറുകയും ചെയ്യുമെന്നത് ഒരു യാഥാർഥ്യമാണ്.

ജീവിതപുഷ്പത്തിന്റെ ഇതളുകൾ വിരിയുമ്പോഴേക്കും പിതാവിന്റെ മരണം സംഭവിക്കുന്ന കുട്ടികൾക്ക് സ്‌നേഹവും സുരക്ഷയും നിർദേശങ്ങളും നൽകാനും അവരെ നന്മയിലേക്ക് കൈപിടിച്ചു നടത്താനും ആളില്ലാതാകുന്നു. പിതാവിന്റെ അഭാവം അവരെ ക്രമരഹിതജീവിതത്തിലേക്ക് തള്ളിവിടുകയും അവരിലേക്ക് കുറ്റവാസനകൾ കയറിക്കൂടുകയും ചെയ്യും. എന്നാൽ ഇസ്‌ലാം അവർക്ക് ചുറ്റും സംരക്ഷണഭിത്തി തീർക്കുന്നുണ്ട്.

മരണം അല്ലാഹുവിന്റെ നിശ്ചയത്തിൽ മാത്രം നടക്കുന്ന ഒന്നായതിനാൽ അനാഥരാകുന്ന കുഞ്ഞുങ്ങൾ ജീവിച്ചിരിക്കുന്നവർക്കുള്ള ഒരു ദൈവിക പരീക്ഷണമാണ്. ആയതിനാൽ ഒരിക്കലും അനാഥത്വം മൂലം ഒരു കുഞ്ഞിന്റെയും ജീവിതാവസരങ്ങൾ നിഷേധിക്കപ്പെടാവതല്ല. അതിനാവശ്യമായ കരുത്തുറ്റ മാർഗനിർദേശങ്ങളാണ് അല്ലാഹു വിശ്വാസികൾക്കു നൽകിയത്.

ഇരുപത്തിരണ്ടോളം സ്ഥലങ്ങളിലാണ് വിശുദ്ധ ക്വുർആനിൽ അനാഥകളെ കുറിച്ചുള്ള പരാമർശങ്ങളുള്ളത്. അതിന്ന് പുറമെ നബി വചനകൾ നിരവധിയാണ്. ഇവ പരിശോധിച്ചാൽ മനസ്സിലാകുന്നത് ഇവ മൂന്ന് തലങ്ങളെ ഉൾകൊള്ളുന്നുവെന്നതാണ്.

ഒന്ന്: അനാഥകളോടു നന്മ ചെയ്യുന്നതിന്റെ പ്രാധാന്യവും പ്രതിഫലവും ഊന്നിപ്പറയുന്നത്.

രണ്ട്: അവരുടെ സാമൂഹ്യ അവകാശങ്ങളെ വിവരിക്കുന്നത്.

മൂന്ന്: അവരുടെ സാമ്പത്തിക അവകാശങ്ങളെ പരിഗണിക്കുന്നത്.

പിതാവിന്റെ ലാളനയും വാത്സല്യവും നഷ്ടപ്പെട്ടവരാണല്ലോ അനാഥകൾ. പക്ഷേ, ദൈവിക കാരുണ്യം അവർക്ക് നഷ്ടമാകുന്നില്ല. അവരുടെ നഷ്ടങ്ങളെ നികത്താൻ ഉതകും വിധം നിയമങ്ങൾ നിശ്ചയിച്ചു വെച്ച നാഥൻ, ജീവിച്ചിരിക്കുന്ന ചുറ്റുമുള്ളവരോട് നിർദേശിച്ചത് അനാഥയെ കൈവിടാതെ തങ്ങളുടെ ജീവിതത്തോട് ചേർത്തു പിടിക്കാനാണ്. അല്ലാഹു പറഞ്ഞു: "അനാഥകളെപ്പറ്റിയും അവർ നിന്നോട് ചോദിക്കുന്നു. പറയുക: അവർക്ക് നന്മ വരുത്തുന്നതെന്തും നല്ലതാകുന്നു. അവരോടൊപ്പം നിങ്ങൾ കൂട്ടുജീവിതം നയിക്കുകയാണെങ്കിൽ (അതിൽ തെറ്റില്ല). അവർ നിങ്ങളുടെ സഹോദരങ്ങളാണല്ലോ. നാശമുണ്ടാക്കുന്നവനെയും നന്മവരുത്തുന്നവനെയും അല്ലാഹു വേർതിരിച്ചറിയുന്നതാണ്. അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവൻ നിങ്ങൾക്ക് ക്ലേശമുണ്ടാക്കുമായിരുന്നു. തീർച്ചയായും അല്ലാഹു പ്രതാപശാലിയും യുക്തിമാനുമാകുന്നു" (2:220).

"ആഹാരത്തോട് പ്രിയമുള്ളതോടൊപ്പം തന്നെ അഗതിക്കും അനാഥയ്ക്കും തടവുകാരന്നും അവരത് നൽകുകയും ചെയ്യും" (76;8). അനാഥകളുടെ വിഷയത്തിലുള്ള ജാഗ്രതയും പരിഗണനയും ദൈവികമതത്തിന്റെ അടിസ്ഥാന ആദർശങ്ങളിലൊന്നാണെന്നാണ് ക്വുർആൻ പഠിപ്പിക്കുന്നത്. ഇസ്‌റാഈൽ സന്തതികളോട് അല്ലാഹു വാങ്ങിയ കരാറിൽ അനാഥകളുടെ കാര്യം ഉൾപ്പെടുത്തി. അല്ലാഹു പറഞ്ഞു: "മാതാപിതാക്കൾക്കും ബന്ധുക്കൾക്കും അനാഥകൾക്കും അഗതികൾക്കും നൻമ ചെയ്യണം... എന്നെല്ലാം നാം ഇസ്‌റാഈല്യരോട് കരാർ വാങ്ങിയ സന്ദർഭം (ഓർക്കുക)" (2:83).

മൂസാനബി(അ)യുടെ ചരിത്രത്തിലെ വിജ്ഞാനിയായ ഖിള്‌റിനോടൊപ്പമുള്ള പഠനയാത്രയിലെ ഒരു സംഭവം പരാമർശിക്കുന്നിടത്ത്, വീഴാറായ ഒരു മതിൽ കൂലി വാങ്ങാതെ കെട്ടി ശരിപ്പെടുത്തി കൊടുത്തതിന്റെ കാരണം വിശദമാക്കുന്നിടത്ത് അത് രണ്ട് അനാഥക്കുട്ടികളുടേതായിരുന്നെന്നും അതിനുള്ളിൽ അവർക്കായുള്ള നിധി സൂക്ഷിപ്പ് ഉണ്ടായിരുന്നെന്നും പറയുന്നത് കാണാം (18:82).

അനാഥനായി ജനിച്ചു വളർന്ന മുഹമ്മദ് നബി ﷺ ക്ക് അല്ലാഹു നൽകിയ മഹത്തായ അനുഗ്രഹങ്ങളെ വിശുദ്ധ ക്വുർആൻ എടുത്ത് പറയുന്നത് കാണുക: "നിന്നെ അവൻ ഒരു അനാഥയായി കണ്ടെത്തുകയും എന്നിട്ട് (നിനക്ക്) ആശ്രയം നൽകുകയും ചെയ്തി

ല്ലേ? നിന്നെ അവൻ വഴി അറിയാത്തവനായി കണ്ടെത്തുകയും എന്നിട്ട് (നിനക്ക്) മാർഗദർശനം നൽകുകയും ചെയ്തിരിക്കുന്നു. നിന്നെ അവൻ ദരിദ്രനായി കണ്ടെത്തുകയും എന്നിട്ട് അവൻ ഐശ്വര്യം നൽകുകയും ചെയ്തിരിക്കുന്നു" (93:6-8).

അനാഥകൾ ഉത്തമ മനുഷ്യരായി വളരാനുള്ള മൂന്ന് അവശ്യ ഘടകങ്ങളിലേക്ക് വെളിച്ചം വീശുന്നുണ്ട് ഈ വചനങ്ങൾ. അവ തീർച്ചയായും അനാഥ സംരക്ഷകരും പരിപാലകരും ഉൾക്കൊള്ളേണ്ടതും അവർക്ക് ലഭ്യമാക്കേണ്ടതുമായ അവകാശങ്ങളാണ്. ഈ വചനത്തിന്റെ വെളിച്ചത്തിൽ മൂന്നു കാര്യങ്ങൾ അനാഥകൾക്ക് അനിവാര്യമാണെന്ന് മനസ്സിലാക്കാം:

ഒന്ന്: അഭയമാകുന്ന ഒരു ഗേഹം.

രണ്ടു: നല്ല ധാർമിക ശിക്ഷണവും വിദ്യഭ്യാസവും.

മൂന്നു: ജീവിതാവശ്യങ്ങൾ നിവർത്തിക്കാൻ വേണ്ട സാമ്പത്തിക ശേഷി.

മാനസികമായ ഔന്നത്യമാണ് അനിവാര്യമായ മറ്റൊന്ന്. അല്ലാഹു പറഞ്ഞു: "എന്നിരിക്കെ അനാഥയെ നീ അടിച്ചമർത്തരുത്"(93:9).

അഭിമാനത്തിനും ജീവിത സുരക്ഷക്കും പരിക്കേൽക്കും വിധം അനാഥയോടു അവഗണന കാണിക്കുന്നവരെ മതനിഷേധികളായിട്ടാണ് ക്വുർആൻ പരിചയപ്പെടുത്തുന്നത്. അല്ലാഹു പറയുന്നു: "മതത്തെ വ്യാജമാക്കുന്നവൻ ആരെന്ന് നീ കണ്ടുവോ? അനാഥക്കുട്ടിയെ തള്ളിക്കളയുന്നവനത്രെ അത്" (107:12). "അല്ല, പക്ഷേ, നിങ്ങൾ അനാഥയെ ആദരിക്കുന്നില്ല" (89:17).

അനാഥകൾ എപ്പോഴും ദരിദ്രരാവണം എന്നില്ല. പക്ഷേ, നാഥനില്ലാത്ത സമ്പത്ത് ചൂഷണം ചെയ്യാൻ എളുപ്പമാണെന്ന് മലിനഹൃദയമുള്ളവർക്കറിയാം. ക്രിയാത്മകമായി വളർത്തുകയും നിലനിർത്തുകയും ചെയ്യേണ്ട അനാഥകളുടെ സമ്പത്ത് പലപ്പോഴും അതിന്റെ കൈകാര്യ കർത്താക്കൾ സൂഷ്മതയില്ലാതെ കൈകാര്യം ചെയ്യുന്നതും നമുക്ക് കാണാം. 'കാട്ടിലെ മരം, തേവരുടെ ആന, വലിയെടാ വലി' എന്ന അർഥത്തിൽ അനാഥകളുടെ മുതൽ സൂക്ഷ്മതയില്ലാതെ കൈകാര്യം ചെയ്യുന്നവർക്കു കടുത്ത താക്കീതാണ് അല്ലാഹു നൽകുന്നത്. അല്ലാഹു പറഞ്ഞു: "അനാഥകൾക്ക് അവരുടെ സ്വത്തുക്കൾ നിങ്ങൾ വിട്ടുകൊടുക്കുക. നല്ലതിനുപകരം ദുഷിച്ചത് നിങ്ങൾ മാറ്റിയെടുക്കരുത്. നിങ്ങളുടെ ധനത്തോട് കൂട്ടിചേർത്ത് അവരുടെ ധനം നിങ്ങൾ തിന്നുകളയുകയുമരുത്. തീർച്ചയായും അത് ഒരു കൊടും പാതകമാകുന്നു"(4:2).

"തീർച്ചയായും അനാഥകളുടെ സ്വത്തുകൾ അന്യായമായി തിന്നുന്നവർ അവരുടെ വയറുകളിൽ തിന്നു(നിറക്കു)ന്നത് തീ മാത്രമാകുന്നു. പിന്നീട് അവർ നരകത്തിൽ കത്തിയെരിയുന്നതുമാണ്" (4:10).

"ഏറ്റവും ഉത്തമമായ മാർഗത്തിലൂടെയല്ലാതെ നിങ്ങൾ അനാഥയുടെ സ്വത്തിനെ സമീപിച്ചു പോകരുത്. അവന് കാര്യപ്രാപ്തി എത്തുന്നത് വരെ (നിങ്ങൾ അവന്റെ രക്ഷാകർതൃത്വം ഏറ്റെടുക്കണം" (6:152).

എന്നാൽ പിതാവിന്റെ മരണത്തോടു കൂടി ജീവിത മാർഗം തടയപ്പെടുന്ന അനാഥകളാണെങ്കിൽ അവരുടെ സാമ്പത്തിക സുരക്ഷിതത്വം ഇസ്ലാമിക വഴികളിലൂടെ തന്നെ വിശ്വാസി സമൂഹം ഉറപ്പ് വരുത്തേണ്ടതുണ്ട്. അവരെ ദാരിദ്ര്യത്തിലേക്കും അത് മുഖേന കുറ്റവാസനകളിലേക്കും തള്ളിവിടരുത്.

"(നബിയേ,) അവർ നിന്നോട് ചോദിക്കുന്നു; അവരെന്താണ് ചെലവഴിക്കേണ്ടതെന്ന്. നീ പറയുക: നിങ്ങൾ നല്ലതെന്ത് ചെലവഴിക്കുകയാണെങ്കിലും മാതാപിതാക്കൾക്കും അടുത്ത ബന്ധുക്കൾക്കും അനാഥർക്കും അഗതികൾക്കും വഴിപോക്കന്മാർക്കും വേണ്ടിയാണത് ചെയ്യേണ്ടത്. നല്ലതെന്ത് നിങ്ങൾ ചെയ്യുകയാണെങ്കിലും തീർച്ചയായും അല്ലാഹു അതറിയുന്നവനാകുന്നു"(2:215).

യുദ്ധാനന്തര സ്വത്തിലും (അൻഫാൽ 41, അൽ ഹശ്ർ 7) അനന്തര സ്വത്ത് വീതം വെക്കുന്നിടത്ത് അനാഥരുടെ സാന്നിധ്യമുണ്ടങ്കിൽ അതിലും ഇസ്ലാം ഒരു ഓഹരി അനാഥക്ക് ഉണ്ടാവണമെന്ന് നിർദേശിക്കുന്നു (4:8). അനാഥ സംരക്ഷണവും പരിപാലനവും ഏറ്റെടുത്ത് നടത്തുന്ന സാമ്പത്തിക ശേഷിയുള്ളവരോട് അനാഥക്ക് സ്വന്തം സ്വത്തിൽനിന്നും നൽകി മാന്യത പുലർത്താനും ദരിദ്രരോട് മര്യാദ പൂർവം അനാഥയുടെ സ്വത്തിൽ നിന്ന് ഉപയോഗിച്ചുകൊള്ളാനും ക്വുർആൻ അനുവാദം നൽകുന്നു (4:6).

ഈ ദൈവിക നിർദേശങ്ങൾ ഉൾക്കൊള്ളാൻ മടികാണിക്കുന്നവർക്ക് മുമ്പിൽ സ്വന്തം മരണവും അപ്പോൾ അനാഥമാവുന്ന മക്കളുടെ അവസ്ഥയും ഓർമിപ്പിക്കുന്നുണ്ട് അല്ലാഹു: "തങ്ങളുടെ പിന്നിൽ ദുർബലരായ സന്താനങ്ങളെ വിട്ടേച്ചുപോയാൽ (അവരുടെ ഗതിയെന്താകുമെന്ന്) ഭയപ്പെടുന്നവർ (അതേ വിധം മറ്റുള്ളവരുടെ മക്കളുടെ കാര്യത്തിൽ) ഭയപ്പെടട്ടെ. അങ്ങനെ അവർ അല്ലാഹുവെ സൂക്ഷിക്കുകയും, ശരിയായ വാക്ക് പറയുകയും ചെയ്യട്ടെ" (4:9).

അനാഥകളെ ഇസ്ലാമിക പരിപാലനത്തിലൂടെ സംരക്ഷിച്ചിട്ടില്ലെങ്കിൽ ആ കുട്ടികൾ എല്ലാ അർഥത്തിലും വഴിപിഴച്ചുപോകും എന്നതിനാലാണ് ഇസ്ലാം അനാഥകളുടെ കാര്യത്തിൽ ഇത്രയും കരുതൽ പുലർത്തുന്നത്.

കുട്ടികൾ വഴിതെറ്റുന്നതിനുള്ള പ്രധാന കാരണങ്ങളും ഇസ്ലാമിക പരിഹാരങ്ങളും നാം മനസ്സിലാക്കി. രക്ഷിതാക്കളുടെയും അധ്യാപകരുടെയും ചുമലിലേൽപിക്കപ്പെട്ട ഉത്തരവാദിത്തം ഭാരിച്ചതാണെന്ന് ഇത് നമ്മെ ബോധ്യപ്പെടുത്തുന്നു. വളരെ ജാഗ്രതയും അവബോധവും ആവശ്യമുള്ള മേഖലയാണ് പാരന്റിങ്.

എല്ലാ വഴികേടിന്റെയും പാതയിൽ നിന്ന് അകന്ന് കുട്ടികളുടെ വൈവിധ്യങ്ങളാർന്ന വളർച്ചക്കാവശ്യമായ ഇസ്ലാമിക പോഷണങ്ങളെ നിശ്ചിത അളവിലും സമയങ്ങളിലും നൽകുക മാത്രമാണ് കുഞ്ഞിന്റെ സമഗ്ര വളർച്ചക്കുള്ള മാർഗം. അതാണ് സത്യത്തിൽ ഇസ്ലാമിക് പാരന്റിങ്. എന്താണ് കുട്ടികളുടെ വൈവിധ്യമാർന്ന വളർച്ച? ഓരോ തരം വളർച്ചക്കും അനിവാര്യമായ ഇസ്ലാമിക പോഷണങ്ങൾ എന്തെല്ലാമാണ്? വരും ലക്കങ്ങളിൽ വിവരിക്കാം.

ത്വാഹാ റഷാദ്
mail@nerpatham.com



# വിശ്വാസി എന്നും നിർഭയനാണ്

'ഇസ്‌ലാം'- ചരിത്രത്തിൽ ഏറെ ചർച്ച ചെയ്യപ്പെട്ട; ഇന്നും ചർച്ച ചെയ്യപ്പെടുന്ന അറബി പദം. പ്രപഞ്ച സ്രഷ്ടാവ് മാനവർക്ക് നൽകിയ മാർഗദർശനത്തിന്റെ പേര്.

ഒഴുക്കിനെതിരെ നീന്തി, ശാശ്വത സത്യം പുൽകാൻ ശ്രമിച്ച ഓരോ അന്വേഷിക്കു മുമ്പിലും ശാന്തിയുടെയും സമാധാനത്തിന്റെയും സൗഹാർദത്തിന്റെയും നിർഭയത്വത്തിന്റെയും വാതായനങ്ങൾ തുറന്നുകൊടുത്ത മതമാണ് ഇസ്‌ലാം.

**സാഹോദര്യത്തിന്റെ മതം**

ശാന്തി, സമാധാനം, സാഹോദര്യം, സഹകരണം, നീതി, നന്മ എല്ലാം നിലനിൽക്കുന്ന സാമൂഹ്യ വ്യവസ്ഥിതിയാണ് ഇസ്‌ലാം വിഭാവനം ചെയ്യുന്നത്.

"സത്യവിശ്വാസികൾ (പരസ്പരം) സഹോദരങ്ങൾ തന്നെയാകുന്നു. അതിനാൽ നിങ്ങളുടെ രണ്ട് സഹോദരങ്ങൾക്കിടയിൽ നിങ്ങൾ രഞ്ജിപ്പുണ്ടാക്കുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം" (49/10).

**ക്ഷമയുടെയും വിട്ടുവീഴ്ചയുടെയും മതം**

ക്ഷമ, വിട്ടുവീഴ്ച, ദയ, കാരുണ്യം എന്നിവ മുസ്‌ലിമിന്റെ പ്രത്യേകതയാണ്. ജീവിതാദ്യം മുതൽ അന്ത്യം വരെ ഈ സ്വഭാവ ഗുണങ്ങൾ അവൻ കാത്തുസൂക്ഷിക്കുന്നു.

"നീ വിട്ടുവീഴ്ച സ്വീകരിക്കുകയും സദാചാരം കൽപിക്കുകയും അവിവേകികളെ വിട്ട് തിരിഞ്ഞ് കളയുകയും ചെയ്യുക" (7/199).

**ശാന്തിയുടെ മതം**

സാമൂഹ്യ ജീവിയായ മനുഷ്യന് വഴികാട്ടിയായ മതം സാമൂഹ്യ വ്യവസ്ഥിതികളെ കുറിച്ച് തീർച്ചയായും നിർദേശങ്ങൾ നൽകിയിട്ടുണ്ട്. ബന്ധങ്ങളിലും ക്രയവിക്രയങ്ങളിലും പെരുമാറ്റത്തിലും ആരാധനകളിലുമെല്ലാം പാലിക്കേണ്ട മര്യാദകളെയും കടമകളെയും കുറിച്ച് വ്യക്തമായ നിയമങ്ങളും നിർദേശങ്ങളും ഇസ്‌ലാം മുന്നോട്ടുവെച്ചിട്ടുണ്ട്.

സമൂഹത്തിലെ ക്രമസമാധാനത്തിന് ഇസ്‌ലാം നൽകുന്ന പ്രാധാന്യം മനസ്സിലാക്കാൻ ക്വുർആനിലെ ഇയൊരു വചനം ധാരാളം:

“അക്കാരണത്താൽ ഇസ്‌റാഈൽ സന്തതികൾക്ക് നാം ഇപ്രകാരം വിധി നൽകുകയുണ്ടായി. മറ്റൊരാളെ കൊന്നതിന് പകരമായോ, ഭൂമിയിൽ കുഴപ്പമുണ്ടാക്കിയതിന്റെ പേരിലോ അല്ലാതെ വല്ലവനും ഒരാളെ കൊലപ്പെടുത്തിയാൽ അത് മനുഷ്യരെ മുഴുവൻ കൊലപ്പെടുത്തിയതിന് തുല്യമാകുന്നു. ഒരാളുടെ ജീവൻ വല്ലവനും രക്ഷിച്ചാൽ അത് മനുഷ്യരുടെ മുഴുവൻ ജീവൻ രക്ഷിച്ചതിന് തുല്യമാകുന്നു. നമ്മുടെ ദൂതന്മാർ വ്യക്തമായ തെളിവുകളുമായി അവരുടെ (ഇസ്‌റാഈല്യരുടെ) അടുത്ത് ചെന്നിട്ടുണ്ട്. എന്നിട്ട് അതിന് ശേഷം അവരിൽ ധാരാളം പേർ ഭൂമിയിൽ അതിക്രമം പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്” (5/32).

ദൈവിക നിയമങ്ങളും നിർദേശങ്ങളും പാലിക്കുക വഴി ഉപമകളില്ലാത്ത ഉത്തമ സമൂഹമായി മദീനയിലെ ഇസ്‌ലാമിക സമൂഹം മാറിയത് ലോകത്തിന് മുന്നിൽ ഇന്നും അത്ഭുതമായി നിലനിൽക്കുന്നു.

സമാധാനവും നിർഭയത്വവും അല്ലാഹുവാണ് നൽകുന്നത്: “ഈ ഭവനത്തിന്റെ രക്ഷിതാവിനെ അവർ ആരാധിച്ചുകൊള്ളട്ടെ. അതായത് അവർക്ക് വിശപ്പിന് ആഹാരം നൽകുകയും ഭയത്തിന് പകരം സമാധാനം നൽകുകയും ചെയ്തവനെ” (106/3-4).

**യഥാർഥ നിർഭയത്വം**

നിർഭയത്വം എന്ന പദത്തിന്റെ ബാഹ്യാർഥം മാത്രമാണ് ഇന്ന് ലോകം ചർച്ചചെയ്യുന്നത്. മധ്യപൂർവേഷ്യയിലെ രാഷ്ട്രീയ/ആഭ്യന്തര കലാപങ്ങളും കെടുതികളും എടുത്ത് പറഞ്ഞ് പാശ്ചാത്യരാജ്യങ്ങളിലെ ‘നിർഭയാവസ്ഥ’യെ സ്ഥാപിച്ചെടുക്കാൻ മുതലാളിത്തത്തിന് സാധിച്ചതിവിടെയാണ്. ആന്തരികവും യഥാർഥവുമായ ശാശ്വത നിർഭയത്വം മുസ്‌ലിമിന് മാത്രമെ ലഭിക്കുകയുള്ളൂ. കറകളഞ്ഞ ഏകദൈവ വിശ്വാസവും പരലോക വിശ്വാസവും ഒരു വിശ്വാസിക്ക് നൽകുന്ന ആത്മധൈര്യം മേൽപറഞ്ഞ എല്ലാറ്റിനുമപ്പുറത്താണ്.

“വിശ്വസിക്കുകയും തങ്ങളുടെ വിശ്വാസത്തിൽ അന്യായം കൂട്ടിക്കലർത്താതിരിക്കുകയും ചെയ്തവരാരോ അവർക്കാണ് നിർഭയത്വമുള്ളത്. അവർ തന്നെയാണ് നേർമാർഗം പ്രാപിച്ചവർ” (6/82).

ഒരു മുസ്‌ലിമിന് അവന്റെ ശരീരത്തിലും അഭിമാനത്തിലും സമ്പത്തിലുമെല്ലാം നിർഭയത്വമുണ്ട്. അത് അവന് മാത്രം അവകാശപ്പെടാൻ സാധിക്കുന്നതുമാണ്.

ഇബ്നുഉമർ(റ)പറയുന്നു: നബി(സ) മിനായിൽവെച്ച് ചോദിച്ചു: “ഇത് ഏതു ദിവസമാണെന്ന് നിങ്ങൾക്കറിയാമോ?” അവർ പറഞ്ഞു: “അല്ലാഹുവിനും അവന്റെ ദൂതനും അറിയാം”. അവിടുന്ന് പറഞ്ഞു: “ഇത് ഒരു പരിശുദ്ധ ദിനമാണ്. ഇത് ഏതു സ്ഥലമാണെന്നറിയാമോ?” അവർ പറഞ്ഞു: “അല്ലാഹുവിനും അവന്റെ ദൂതനും അറിയാം”. അവിടുന്ന് പറഞ്ഞു: “പരിശുദ്ധമായ സ്ഥലം. ഇത് ഏതു മാസമാണെന്നറിയാമോ?” അവർ പറഞ്ഞു: “അല്ലാഹുവിനും അവൻെറ ദൂതനും അറിയാം”. അവിടുന്ന് പറഞ്ഞു: “പരിശുദ്ധമായ മാസം”. പിന്നീട് അവിടുന്ന് പറഞ്ഞു: “നിങ്ങളുടെ ഈ സ്ഥലം, നിങ്ങളുടെ ഈ മാസം, നിങ്ങളുടെ ഈ ദിവസം പരിശുദ്ധമായിരിക്കുന്നതുപോലെ നിശ്ചയമായും അല്ലാഹു നിങ്ങളുടെ രക്തവും നിങ്ങളുടെ സ്വത്തും നിങ്ങളുടെ അഭിമാനവും നിങ്ങൾക്ക് പരിശുദ്ധമാക്കിയിരിക്കുന്നു”(ബുഖാരി).

തീവ്രതക്കും വർഗീയതക്കുമെതിരിൽ ഉറക്കെ ശബ്ദിക്കുകയും സമാധാന സന്ദേശം വിളംബരം ചെയ്യുകയും ചെയ്യുന്ന മുസ്‌ലിംകളെ വർഗീയവാദികളും തീവ്രവാദികളുമായി മുദ്രകുത്താൻ എല്ലാ നിലയ്ക്കും പരിശ്രമിക്കുന്നുണ്ട് ഇരുട്ടിന്റെ ശക്തികൾ.

സ്വന്തം ആദർശം മുറുകെപ്പിടിച്ചുകൊണ്ട് അന്യമതസ്ഥരുമായി സ്നേഹത്തിലും സൗഹാർദത്തിലും കഴിയുവാനാണ് ഇസ്‌ലാം കൽപിക്കുന്നത്. അയൽവാസി ഏതു മതക്കാരനാണെങ്കിലും അയാൾ പട്ടിണി കിടക്കുകയാണെങ്കിൽ അയാൾക്ക് ഭക്ഷണം കൊടുക്കാതെ വയർനിറച്ചുണ്ണുന്നവൻ യഥാർഥ വിശ്വാസിയല്ല എന്നാണ് ഇസ്‌ലാമിന്റെ അധ്യാപനം. വിശുദ്ധ ക്വുർആൻ പറയുന്നു:

“മതകാര്യത്തിൽ നിങ്ങളോട് യുദ്ധംചെയ്യാതിരിക്കുകയും, നിങ്ങളുടെ വീടുകളിൽനിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയു ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങൾ അവർക്ക് നന്മചെയ്യുന്നതിൽ നിന്നും നിങ്ങളവരോട് നീതി കാണിക്കുന്നതിൽനിന്നും അല്ലാഹു നിങ്ങളെ വിലക്കുന്നില്ല. തീർച്ചയായും അല്ലാഹു നീതി പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു” (60:8).

മനുഷ്യർ മാത്രമല്ല, ഇതര ജീവികളും നിർഭയത്വവും കാരുണ്യവും അർഹിക്കുന്നു എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. ദാഹിച്ചു വലഞ്ഞ നായക്ക് വെള്ളംകൊടുത്ത ഒരാൾ സ്വർഗാവകാശിയായതിന്റെയും പൂച്ചയെ ഭക്ഷണം കൊടുക്കാതെ കെട്ടിയിട്ട് കൊന്ന സ്ത്രീ നരകാവകാശിയായതിന്റെയും കഥ പ്രവാചകൻ(സ) പറഞ്ഞുതന്നിട്ടുണ്ട്.

അനസ്(റ) പറയുന്നു: “നാൽക്കാലികളെ ഭക്ഷണം കൊടുക്കാതെ കെട്ടിയിടുന്നത് നബി(സ) വിരോധിച്ചിരിക്കുന്നു” (ബുഖാരി, മുസ്‌ലിം).

ഒരിക്കൽ നബി(സ)യുടെ അടുത്തുകൂടി ചൂടിരുമ്പുവെച്ച് പൊള്ളിച്ച് അടയാളപ്പെടുത്തിയ ഒരു കഴുത നടന്നുപോയി. അതുകണ്ടപ്പോൾ തിരുമേനി പറഞ്ഞു: “ഇതിന് ഈ അടയാളം വെച്ചവനെ അല്ലാഹു ശപിക്കട്ടെ” (മുസ്‌ലിം).

മറ്റൊരിക്കൽ നബിതിരുമേനി(സ) പറഞ്ഞു: “ഒരു മനുഷ്യൻ ചെടി നടുകയോ കൃഷിചെയ്യുകയോ ചെയ്യുന്നു. എന്നിട്ടതിൽനിന്ന് പക്ഷിയോ, മനുഷ്യനോ, കാലികളോ തിന്നുകയും ചെയ്യുന്നു. എങ്കിലത് അവന്ന് ധർമമായി പരിഗണിക്കപ്പെടുന്നതാണ്” (ബുഖാരി, മുസ്‌ലിം).

ഒരു വിശ്വാസി നിർഭയനും നിർഭയം നൽകുന്നവനുമായിരിക്കണം. അവൻ തണലും തണിയുമേകുന്നവനാകണം.

ഡോ. സി.എം സാബിർ നവാസ്
drsabirnavas@gmail.com



# മാന്യത മറക്കുന്ന മാധ്യമങ്ങൾ

ജനാധിപത്യത്തിന്റെ ആണിക്കല്ലുകൾ ഇളകിയാടിത്തുടങ്ങുമ്പോൾ പിടിച്ചു നിർത്താൻ ഉത്തരവാദപ്പെട്ട സ്ഥാപനങ്ങളാണ് മാധ്യമങ്ങൾ. നാടാകെ നശിച്ച് തുടങ്ങുമ്പോൾ നാലാം തൂണുകാർ നാടിന്റെ നാഡിമിടിപ്പുകളായി സ്പന്ദിച്ച് നിൽക്കുന്ന ഗതകാലം വിസ്മൃതിയിലേക്ക് വീണുതുടങ്ങിയിട്ടില്ല. നേരിന്റെ പക്ഷത്ത് നിൽക്കാനും ന്യായമുറക്കെപ്പറയാനും നട്ടെല്ല് വളയാത്ത ചരിത്രപുരുഷന്മാർ തലമുറകളിലൂടെ കൈമാറി, കാലങ്ങൾ താണ്ടിവന്ന മഹിതമായ മനുഷ്യസേവനത്തിന്റെ പേരാണ് പത്രപ്രവർത്തനം.

ജേർണലിസമെന്നത് ജീർണിച്ച് ദുർഗന്ധം വമിക്കുന്ന മേഖലയായി പരിണമിച്ചുകഴിഞ്ഞ സമകാലിക പരിസരത്തുനിന്നുകൊണ്ടാണ് മാധ്യമ ധർമത്തെ കുറിച്ചും പത്രപ്രവർത്തകർ കാത്തുസൂക്ഷിക്കേണ്ട നൈതികതയെ കുറിച്ചും ഉച്ചത്തിൽ ആലോചിക്കേണ്ടി വരുന്നത്. ഏത് നട്ടപ്പാതിരക്കും വായിൽ വരുന്നതൊക്കെ വിളിച്ച് കൂവാനും ആരുടെ മുഖത്ത് നോക്കിയും കയർക്കാനും കുരക്കാനുമുള്ള തന്നിഷ്ടമാണ് പത്രസ്വാതന്ത്ര്യമെന്ന് ഗണിക്കേണ്ടിവരുന്ന ഗതികേടിലാണ് നാം ഇപ്പോൾ എത്തിനിൽക്കുന്നത്.

ഒരു കാലത്ത് രാജാവ് നഗ്നനാണ് എന്ന് ഉറക്കെ പറഞ്ഞ മാധ്യമപ്രവർത്തകരുടെ പിൻമുറക്കാർ ഇന്ന് മന്ത്രിമാരുടെ നഗ്നത തേടി റേറ്റിംഗ് കൂട്ടാൻ ഇറങ്ങുന്നത് കൂട്ടുകുടുംബ കളത്രാദികളടക്കം കാണേണ്ടിവരുന്നുവെന്ന നിസ്സഹായത നാം മലയാളികൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. 90കളുടെ ആദ്യപകുതിയിലാണ് ദൂരദർശൻ എന്ന പൊതുവിതരണ റേഷൻ സംവിധാനത്തിൽ നിന്ന് ദൃശ്യ വർണ വിസ്മയങ്ങളടങ്ങിയ സ്വകാര്യ ചാനലുകൾ എന്ന പൂരപ്പറമ്പിലേക്ക് കേരളം പിച്ചവെച്ചുനടക്കുന്നത്. കേവലം ഒരു ചാനൽ എന്ന ചാറ്റൽമഴയിൽ നിന്ന് ഒരുകൂട്ടം സഹചാനലുകളും ഉപ ചാനലുകളുമടങ്ങുന്ന പെരുമഴക്കാലത്തിലേക്ക് നമ്മുടെ ദൃശ്യ മാധ്യമ മേഖല വളരാൻ അധികം കാലമെടുത്തില്ല. അന്താരാഷ്ട്ര തലത്തിൽ വേരുകളുള്ള കോർപ്പറേറ്റ് ഭീമന്മാർവരെ കോടികൾ നിക്ഷേപിച്ച് കാത്തിരിക്കുമ്പോൾ ലാഭം കൊയ്യാൻ ഐകകണ്ഠ്യേന കണ്ടെത്തിയ എളുപ്പവഴി മലയാളികളുടെ മൃദുലവികാരങ്ങളെ ഇക്കിളിപ്പെടുത്തുക എന്നതായിരുന്നു.

പ്രിന്റ് മീഡിയയും വിഷ്വൽമീഡിയയും തമ്മിലുള്ള പ്രധാന അന്തരം എഡിറ്റിംഗും സെൻസറിംഗും പഴങ്കഥയായി മാറിയെന്നതാണ്. പാൽപല്ല് മുളച്ചിട്ടില്ലാത്ത പൈതങ്ങൾവരെ കോട്ടും സൂട്ടും ടൈ കെട്ടി മുറുക്കി സ്റ്റുഡിയോയിൽ അമ്മാനമാടുന്നത് സഭ്യതയുടെയും സദാചാരത്തിന്റെയും ശിരസ്സിൽ ചവിട്ടിയായിരുന്നുവെന്ന് വളരെ വൈകിയാണ് പലരും മനസ്സിലാക്കിയത്. ചാനൽ പടയോട്ടത്തിൽ പിടിച്ച് നിൽക്കാൻ അധാർമികതയുടെ ഏതറ്റം വരെ പോയാലും കുഴപ്പമില്ല എന്ന് വിചാരിക്കുന്നിടത്തേക്ക് ചാനൽ മുതലാളിമാർ അധഃപതിച്ചതിന്റെ നേർകാഴ്ചക്കാണ് കഴിഞ്ഞ ദിവസങ്ങളിൽ കേരളം സാക്ഷ്യം വഹിക്കേണ്ടിവന്നത്. ഇൻവെസ്റ്റിഗേറ്റീവ് ജേർണലിസം എന്നാൽ ഇക്കിളിപ്പെടുത്തലാണെന്നും എക്സ്ക്ലൂസീവ് ന്യൂസ് എന്നാൽ എച്ചിൽ പെറുക്കലും വിഴുപ്പലക്കലുമാണെന്നും തെറ്റിദ്ധരിച്ച അപക്വമതികൾ അധികാരം കയ്യാളുമ്പോൾ ഇതല്ല ഇതിനപ്പുറവും സംഭവിച്ചില്ലെങ്കിലേ അത്ഭുതമുള്ളൂ.

അടിസ്ഥാനവിഭാഗങ്ങളെയും അവശ വിഭാഗങ്ങളെയും ബാധിക്കുന്ന ഒരു വിഷയവും ഇത്രയും നാൾ ന്യൂസ് മണക്കുന്ന മൂക്കുകൊണ്ട് കണ്ടെത്താൻ കഴിയാത്തവർ അന്യന്റെ കിടപ്പറയിലേക്കും കുളിമുറിയിലേക്കും ക്യാമറയും തൂക്കി ഓടിപ്പോകുന്നതിന്റെ ദുരന്തമാണ് നാം അനുഭവിച്ചുകൊണ്ടിരിക്കുന്നത്. മറുതലക്കൽ കിളിനാദം കേൾക്കുമ്പോഴേക്കും പരിസരം മറക്കുന്ന പരുവത്തിലേക്ക് ഉത്തരവാദപ്പെട്ട സ്ഥാനത്തിരിക്കുന്നവർ അധഃപതിച്ചിരിക്കുന്നു എന്നത് മീഡിയ അപച്യുതിയെക്കാൾ ഞെട്ടലോടെ മാത്രം ഉൾക്കൊള്ളേണ്ട വാർത്തയാണ്. പേരറിയാത്ത പെൺകിടാങ്ങൾ ചതിയൊരുക്കിയ തേൻ കണങ്ങൾക്ക് ചുറ്റും വട്ടമിട്ട് കൂടേണ്ട ചോണനുറുമ്പുകളായി ജനാധിപത്യത്തിന്റെ കാവലാളുകൾ തരം താഴുന്നുവെന്നതും അത്ര സുഖകരമായൊരു വാർത്തയല്ല ●

# പീസ് റേഡിയോ ഒന്നാം വർഷത്തിലേക്ക്...

ഫ്രീക്വൻസികളുടെ പരിമിതിയില്ലാത്ത...
ഭൂഖണ്ഡങ്ങളുടെ അതിർവരമ്പുകളില്ലാത്ത...
ശാന്ത ശബ്ദ പ്രവാഹം!



24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?

peaceradio
Tune to reality

Scan QR Code

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com | radiopeace | peaceradionow | +91 9544795099

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on 08 April 2017

Reg NO: KL/CT/225/2016-18
Price: ₹10/-

Let our children learn to live...

ACADEMY OF EXCELLENCE



Features:

Admission only to standard V

- Well developed system of learning
- Educational guidance and support
- Life-long learning in focus
- Special focus for islamic studies
- In-service training for teachers
- Exam centres in Kerala and GCC countries
- Residential system
- Learning friendly environment
- Schooling @ premier public school affiliated to CBSE
- Self assessment approach of evaluation





Call: 9496 60 69 60

GREEN VALLEY INSTITUTIONS

Green Valley Campus, P.O.Nellikkaparamba,
Mukkam, Kozhikode
E-mail: greenvalleyinstitutions@gmail.com
www.greenvalleycampus.org`